032[illegible]955:12 H5

BHASKARAN MOGSAD: VRINDAVANAN

032:3M 955:12 [H5]

MUL
165357

MADRAS UNIVERSITY LIBRARY

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

Vrindavanan

# വൃന്ദാവനൻ

UNIVERSITY LIBRARY.
24 AUG 1955
MADRAS

By

*Vidwan* T. C. BHASKARAN MOOSAD.

*Publishers:*

THE EDUCATIONAL SUPPLIES DEPOT

PALGHAT.

*Re. 1.*

PRINTED AT
THE E. S. D.
PRINTING HOUSE,
PALGHAT.

165357
38285
032: 3M955: 12
[H5]

UNIVERSITY LIBRARY
24 AUG 1955

# വൃന്ദാവനൻ

## I

കുഞ്ജവൈഷ്ണവൻെറ * അനുജത്തിയായ കുസുമയുടെ ബാല്യകാലചരിത്രം ഏററവും ദുഃഖകരമായിരുന്നു. ഇപ്പോൾ ആ സംഗതികളെപ്പററി വിചാരിച്ചാൽതന്നെ അവൾ വ്യസനത്താലും ലജ്ജയാലും മുഖം താഴ്ത്താനിടയുണ്ടു്. അവൾക്കു് രണ്ടുവയസ്സായപ്പോൾ അച്ഛൻ മരിച്ചു. പിന്നെ പിച്ചയെടുത്താണു് അമ്മ തൻെറ മകനേയും മകളേയും വളത്തിയതു്. അതിൽപിന്നെ കുസുമയ്ക്കു് അഞ്ചു വയസ്സായപ്പോൾ, ആ ബാലികയുടെ അസാമാന്യമായ സൌന്ദയ്യംകണ്ടു്, പാടലഗ്രാമത്തിലെ പണക്കാരനായ ശ്രീഗൌരദാസ് അവളെ തൻെറ പുത്രനായ വൃന്ദാവനനു കല്യാണം കഴിച്ചുകൊടുത്തു. ഈ കല്യാണത്തിന്നുശേഷം, അസൂയമുഴുത്തതുകൊണ്ടായിരിയ്ക്കാം, കുസുമയുടെ മാതാവിനെപ്പററി ചിലർ ചീത്ത അഭിപ്രായം പറയുവാൻ തുടങ്ങി. അതുകൊണ്ടു് ശ്രീഗൌരദാസ് കുസുമയെ വീട്ടിലേക്കയച്ചു് വൃന്ദാവനനേക്കൊണ്ടു് വേറെ വിവാഹം ചെയ്യിച്ചു.

---

* ശ്രീകൃഷ്ണചൈതന്യ ദേവനെ ആചായ്യനായി സ്വീകരിച്ച ബങ്കാളിവൈഷ്ണവർ ഒരു പ്രത്യേക ജാതിക്കാരാണു്. അവരുടെ ഇടയിൽ ജാതിവ്യത്യാസമില്ല. പിന്നീടു് മററുജാതിയിൽനിന്നു ഭ്രഷ്ടന്മാരായ പലരും ഈ കൂട്ടത്തിൽ ചേൻനിട്ടുണ്ടു്.

കുസുമയുടെ മാതാവ് ദരിദ്രയായിരുന്നുവെങ്കിലും, തൻെറ അഭിമാനത്തിന്നു ഹാനിവരുത്തുന്ന പ്രവൃത്തികളൊന്നും ചെയ്തിരുന്നില്ല. അവൾ കുസുമയെ വേറെ ഒരു ദിക്കിലേയ്ക്കു കൊണ്ടുപോയി ഒരു യോഗ്യനായ വൈരാഗിയെക്കൊണ്ടു് അവളുടെ മംഗല്യം അകററുന്ന ക്രിയ നടത്തി. അഞ്ചാറുമാസം കഴിഞ്ഞപ്പോൾ ആ വൈരാഗി പരലോകം പ്രാപിച്ചു. അതുകൊണ്ടു് കുസുമയുടെ അമ്മയ്ക്കല്ലാതെ വെറെ ആക്കും അദ്ദേഹം ആരാണു്" എവിടത്തുകാരനാണു്" എന്നൊന്നും അറിഞ്ഞുകൂടാ. കുഞ്ജവൈഷ്ണവനും കൂടി ഒന്നും അറിഞ്ഞുകൂട. കുസുമയുടെ അമ്മയെ കാണാൻപോയപ്പോൾ ആരേയും കൂടെ കൊണ്ടുപോയിരുന്നില്ല. വൈരാഗി കുസുമയ്ക്കു മാംഗല്യം അകററുന്ന ക്രിയ നടത്തിയൊ, അല്ലെങ്കിൽ അതുവെറുതെ പറയുന്നതാണോ എന്നു തീച്ച് പറയുന്നതിന്നു് ആ ഗ്രാമത്തിൽ ആരുമില്ലായിരുന്നു.

ഈ സംഭവങ്ങളൊക്കെ കുസുമയുടെ ഏഴാമത്തെ വയസ്സിൽ നടന്നതാണു്. അന്നുമുതല്ക്കു് കുസുമ ഒരു 'വിധവ'യേപ്പോലെയാണു് കഴിഞ്ഞു കൂടിയതു്. അവളുടെ ബാല്യകാലത്തെപ്പററി പിന്നെയൊന്നും പറയാനില്ല. ഇപ്പോൾ അവൾക്കു് പതിനാറു വയസ്സായി. സൌന്ദയ്യം അവളുടെ ഓരോ അവയവത്തിലും പുഷ്പിച്ചപോലെയിരുന്നു. ആരും പ്രശംസിയ്ക്കുന്നവയായിരുന്നു അവളുടെ ഗുണങ്ങൾ. വീട്ടുകാര്യങ്ങൾ നോക്കുന്നതിൽ അവളെപ്പോലെ ശ്രദ്ധയുള്ളവർ ചുരുക്കമായിരുന്നു. എഴുതാനും വായിയ്ക്കാനും അവൾ പഠിച്ചിട്ടുണ്ടു്. ഏതു് വലിയ ഗ്രഹ

ത്തിലേയും നായികയായിരിയ്ക്കുന്നതിന്ന് കുസുമ ഇക്കാലത്തു യോഗ്യയായിരുന്നു എന്നതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല.

വൃന്ദാവനൻെറ പിതാവ് കാലഗതിയെ പ്രാപിച്ചിട്ട് എട്ടു കൊല്ലമായി. അയാളുടെ രണ്ടാമത്തെ പത്നി ഒരാൺകുട്ടിയെ പ്രസവിച്ചതിന്നുശേഷം ഇഹലോകവാസം വെടിഞ്ഞു. വൃന്ദാവനന്നു ഇപ്പോൾ ഇരുപത്തഞ്ചു ഇരുപത്താറു വയസ്സിലധികമില്ല. കുസുമയെ സ്വീകരിച്ചു ഗൃഹത്തിലേയ്ക്കു കൊണ്ടുവരുന്നത് അയാൾക്കിഷ്ടമായിരുന്നു. അതിന്നുവേണ്ടി അമ്പതുറുപ്പികയും, പട്ടുവസ്ത്രവും, അഞ്ചു സ്വർണ്ണാഭരണവും, അത്രതന്നെ വെള്ളികൊണ്ടുള്ള ആഭരണവും കൊടുക്കാമെന്ന് അയാൾ പറഞ്ഞു. ദരിദ്രനായ കുഞ്ജനാഥൻ ഇതൊക്കെ കേട്ട് മയങ്ങിപ്പോയതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. കുസുമ എങ്ങിനെയെങ്കിലും ഇതിന്നു വഴിപ്പെട്ടാൽ മതിയെന്നായിരുന്നു അവൻെറ വിചാരം. അച്ഛനമ്മമാരില്ലാത്ത ദരിദ്രന്മാരാണ് ആ സഹോദരനും സഹോദരിയും. ബ്രാഹ്മണത്തെരുവിൻെറ ഒരററത്താണ് അവരുടെ വീട്.

ശൈശവം മുതല്ക്കേ കുസുമ ബ്രാഹ്മണപ്പെൺകുട്ടികളോടുകൂടി കളിച്ചു വളൎന്നുവന്നു. പിന്നെ അവരോടുകൂടി ഹരപണ്ഡിതൻെറ പാഠശാലയിൽപ്പോയി പഠിച്ചു. ഇപ്പോഴും അവളുടെ തോഴിമാരെല്ലാം ബ്രാഹ്മണപ്പെൺകുട്ടികൾ തന്നെയാണ്. തൻെറ സ്ഥിതി ആലോചിയ്ക്കുമ്പോഴെല്ലാം അവൾക്ക് വെറുപ്പും ലജ്ജയും തോന്നും. മലമ്പനിയും, വിഷൂചികയും ധാരാളമുള്ള ബങ്കാളിൽ വിധവ

കളുടെ എണ്ണത്തിന്നു കുറവൊന്നുമില്ല. കുസുമയുടെ തോഴിമാരിൽ പലരും കൈവളകളും കുങ്കുമവുമുപേക്ഷിച്ച് പിതൃഗൃഹത്തിലേയ്ക്കു മടങ്ങിവന്നവരായിരുന്നു. ഇവരിൽ പലരും അവളുടെ പ്രാണസ്നേഹിതകളായിരുന്നു.

"ഛീ! ഛീ! ജ്യേഷ്ഠൻെറ വാക്കുകേട്ടു നടന്നാൽ പിന്നെ ഈ ദിക്കിൽ തലപൊന്തിച്ച് നടക്കുന്നതെങ്ങിനെ?" എന്നായിരുന്നു കുസുമയുടെ വിചാരം.

എന്നാൽ കുഞ്ജനാഥൻ, "കുസുമേ, ഞാൻ പറയുന്നതുകേൾക്കൂ. വാസ്തവം നോക്കിയാൽ വൃന്ദാവനൻ തന്നെയല്ലേ നിൻെറ ഭർത്താവ്?" എന്നു ചോദിയ്ക്കും.

കുസുമ കോപത്തോട്, "വാസ്തവവും കൃത്രിമവും ഒന്നും എനിയ്ക്കറിഞ്ഞുകൂട, ഞാൻ വിധവയാണെന്നുമാത്രം എനിയ്ക്കറിയാം. ഞാൻ നായയോ, പൂച്ചയോ മററോ ആണോ? അവിടെ വിവാഹം; പിന്നെ മാംഗല്യം കളയുക; പിന്നേയും കല്യാണം! ഇതൊക്കെ എൻെറ മുമ്പിൽ വെച്ചു പറയരുത്. പാടലഗ്രാമത്തിലുള്ളവക്കും നമുക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. എൻെറ ഭർത്താവു മരിച്ചു. ഞാൻ വിധവയാണു്" എന്നു പറയും.

പാവം! കുഞ്ജനാഥനു് പിന്നെയൊന്നും പറയാൻ സാധിയ്ക്കില്ല. സൂക്ഷ്മബുദ്ധിയും, തൻേറടവുമുള്ള അനുജത്തിയെ അവന്നു ഭയമാണു്. എങ്ങിനെയെങ്കിലും ഈ കാൎയ്യം അവസാനിച്ചാൽമതി എന്നാണു് അവൻെറ ആഗ്രഹം. അവക്ക് അധികം സ്വത്തില്ല. ആ വീടും, അതിനെചുററി മാവും, പിലാവും നിറഞ്ഞതോട്ടവുമാണു്.

അവക്ക് ആകെയുള്ള സ്വത്ത്. തന്റെ അനുജത്തി നല്ലൊരു ഗൃഹത്തിന്നലങ്കാരമായിരുന്നു കാണണമെന്നു അവൻ വളരെക്കാലമായാഗ്രഹിയ്ക്കുന്നു. പിന്നെ തനിയ്ക്കു് ബുദ്ധിമുട്ടൊന്നുമില്ല. അങ്ങിനെയിരിക്കെ പണവും, ആഭരണങ്ങളും, വസ്ത്രവും തന്നു് ഒരാൾ തന്റെ സഹോദരിയെ കൊണ്ടുപോവുക എന്നതു വിചാരിയ്ക്കാത്ത ഒരു ഭാഗ്യമല്ലേ? പ്രത്യേകിച്ചു് വൃന്ദാവനൻ അവരുടെ ജാതിയിൽ പ്രധാനിയായിരുന്നു എന്നതു സ്മരണീയമാണു്.

അവരുടെ സമുദായത്തിൽ മാംഗല്യം അകററിക്കളയുന്ന സമ്പ്രദായമുണ്ടായിരുന്നു. അതുകൊണ്ടു് കുസുമയുടെ മാതാവു് മകളുടെ മാംഗല്യം അകററിക്കളഞ്ഞു. മാംഗല്യം അകററുന്നതുകൊണ്ടു് ആദ്യത്തെ വിവാഹം ദുർബ്ബലപ്പെടുകയും, രണ്ടാമതു വിവാഹം ചെയ്യുന്നതിന്നു വിരോധമില്ലാതാവുകയും ചെയ്യുന്നു. അമ്മ മരിച്ചതിന്നു ശേഷമാണു് വൃന്ദാവനൻ കുസുമയെ തന്റെ ഗൃഹത്തിലേയ്ക്കു ക്ഷണിച്ചതു്. ഈ അവസരത്തെ കുസുമ പാഴാക്കിക്കളയുന്നുവല്ലോ! വൃന്ദാവനന്റെ ആദരപൂർവ്വമായ ക്ഷണത്തെ കുസുമ സ്വീകരിയ്ക്കാത്തതെന്താണു് എന്നു് കുഞ്ജനാഥന്നു മനസ്സിലായില്ല. സമുദായത്തിലുള്ള പ്രധാനികളെ ക്ഷണിച്ചുവരുത്തി ഒരു സദ്യകഴിച്ചാൽ ആക്ഷേപം തീരും. വിവാഹത്തിന്നുള്ള ചെലവെല്ലാം താൻ വഹിയ്ക്കാമെന്നു വൃന്ദാവനൻ സമ്മതിച്ചിരിയ്ക്കുന്നു. ഈ വിവാഹത്തിന്നു ശേഷം അവൾക്കു് സന്തോഷത്തോടെ, ഒരു ദുഃഖവുമറിയാതെ ഒരു റാണിയേപ്പോലെ കഴിഞ്ഞുകൂടാം. ഹാ! കുസുമ ഒരു മൂഢയേപ്പോലെ തന്റെ ഭാവിശ്രേയസ്സിനെ

നശിപ്പിച്ചു കളയുന്നുവല്ലോ. വേറെ വല്ല സ്ത്രീകളും ഇങ്ങിനെ ചെയ്യുമോ?—ഇതാണ് കുഞ്ജനാഥൻ പലപ്പോഴും വിചാരിച്ചിരുന്നതു്.

കുഞ്ജനാഥൻ ഒരു വ്യാപാരിയായിരുന്നു. ഒരു തട്ടിൽ നാട, മാല, കുങ്കുമം, ചീപ്പു്, കണ്ണാടി, വാസനത്തൈലങ്ങൾ, ചെറിയപാവകൾ, ഊതുന്ന കുഴലുകൾ എന്നിവയെല്ലാം വെച്ചു് അടുത്തുള്ള ഗ്രാമങ്ങളിലൊക്കെ അവൻ ചുററിനടക്കുക പതിവായിരുന്നു. വ്യാപാരം ചെയ്തുകിട്ടുന്ന സംഖ്യ വൈകുന്നേരം സഹോദരിയുടെ കൈയിൽ കൊടുക്കും. അല്പമായ ഈ സമ്പാദ്യംകൊണ്ടു് കുസുമയെങ്ങനെയാണ് വീട്ടുചെലവുകൾ നടത്തിയിരുന്നതു് എന്നു് അവനറിഞ്ഞുകൂടാ. അവൻ അതൊക്കെ അറിയണമെന്നു ആഗ്രഹിച്ചതുമില്ല.

അന്നു രാവിലെ പലദിക്കിലും ചുററിത്തിരിഞ്ഞതിനുശേഷം കുഞ്ജനാഥൻ പാടലഗ്രാമത്തിലെത്തി. വഴിയ്ക്കു വെച്ചു് അവൻ വൃന്ദാവനനെ കണ്ടു. വയലിൽ കൂലിക്കാർ പണിയെടുക്കുന്നതു നോക്കുവാൻ പോയിരുന്ന വൃന്ദാവനൻ കുഞ്ജനാഥനെ കണ്ടപ്പോൾ വീട്ടിലേയ്ക്കുതന്നെ മടങ്ങി. തന്റെ ജാതിക്കാരേയും, ബന്ധുക്കളേയും സല്ക്കരിക്കുന്നതു അയാൾക്കു വളരെ സന്തോഷമായിരുന്നു. അതുകൊണ്ടു് കുഞ്ജനാഥനെ വീട്ടിലേയ്ക്കു കൊണ്ടുവന്നു് കാൽകഴുകുവാൻ വെള്ളം കൊടുത്തു പുകവലിയ്ക്കാൻ ഏർപ്പാടുചെയ്തു ബഹുമാനിച്ചു. ഉച്ചയ്ക്കു കുഞ്ജനാഥൻ വൃന്ദാവനന്റെ കൂടെയിരുന്നു പല പദാർത്ഥങ്ങളും കൂട്ടി ഭക്ഷണം കഴിച്ചു. വൃന്ദാവനന്റെ അമ്മ, ഈ വെയിലത്തു എങ്ങോട്ടും പോ

ക്കേണ്ട എന്നുപറഞ്ഞു് കുഞ്ജനാഥനെ അവിടെത്തന്നെയിരുത്തി. കുഞ്ജനാഥൻ ഉച്ചയ്ക്കു സുഖമായുറങ്ങി. വെയിലാറിയതിന്നു ശേഷമാണു് അയാൾ പുറപ്പെട്ടതു്.

വൈകുന്നേരം വീട്ടിലേയ്ക്കു മടങ്ങിവന്നു, കാലും മുഖവും കഴുകിയതിന്നുശേഷം, കുഞ്ജനാഥൻ അന്നുതന്നെ സംഗതികളെല്ലാം സഹോദരിയോടു വിവരിച്ചു പറഞ്ഞു. ഒടുവിൽ വൃന്ദാവനൻ നല്ല ഗൃഹസ്ഥനാണെന്നും, അവന്നു് നിലങ്ങളും പറമ്പുകളും ധാരാളമുണ്ടെന്നും, അവന്റെ വീട്ടിൽ ലക്ഷ്മീദേവി നൃത്തം വെയ്ക്കുകയാണെന്നും ക്രമി വർണ്ണിച്ചു കുസുമയെ ധരിപ്പിച്ചു.

കുസുമ ഇതെല്ലാം കേട്ടുകൊണ്ടിരുന്നതല്ലാതെ സമാധാനമൊന്നും പറഞ്ഞില്ല.

താൻ പറയുന്നതുകേട്ടു കുസുമ സന്തോഷിയ്ക്കുകയാണെന്നു കുഞ്ജനാഥൻ വിചാരിച്ചു. അതുകൊണ്ടു് വൃന്ദാവനന്റെ വീട്ടിലുള്ള വിഭവങ്ങളെപ്പററി പിന്നേയും വിവരിച്ചു പറയുവാൻ അവന്നു ഉത്സാഹം തോന്നി. വൃന്ദാവനന്റെ അമ്മ തന്നെ സല്ക്കരിച്ചതും ഭക്ഷണപദാൎത്ഥങ്ങളുടെ മേന്മയും, വെയിലത്തു പോകരുതെന്നു പറഞ്ഞു് തന്നെ തടുത്തതും എല്ലാം കുഞ്ജനാഥൻ പിന്നേയും വിവരിച്ചു പറഞ്ഞു. അവരുടെ സമ്പത്തും ദയയും എത്രതന്നെ വിസ്തരിച്ചിട്ടും അവന്നു തൃപ്തിവന്നില്ല.

സഹോദരന്റെ മുഖത്തുനോക്കി പുഞ്ചിരിയോടെ അവൾ പറഞ്ഞു:—“നിങ്ങളിനെയാണെങ്കിൽ ഇന്നു്

എങ്ങോട്ടും പോകാതെ അവിടെത്തന്നെ കഴിച്ചു കൂട്ടിയ രിയ്ക്കും. ശരിതന്നെ, വയറുനിറയെ ഊണുകഴിച്ചു് അവി ടെത്തന്നെ കിടന്നുറങ്ങിയിരിയ്ക്കും."

കുഞ്ജനാഥൻ സന്തോഷത്തോടെ ചിരിച്ചുകൊണ്ടു പറഞ്ഞു. "പിന്നെ ഞാനെന്തുവേണം ? അവർ പോകരു തെന്നു പറയുമ്പോൾ അതു നിസ്സാരമാക്കി അവിടെ നിന്നു ഓടിപ്പോരുകയോ ? വളരെ നന്നായി!"

"ശരിതന്നെ. ജ്യേഷ്ഠൻ ഇനി ആ ഗ്രാമത്തിലേയ്ക്കു പോകരുതു്." എന്നു കുസുമ പറഞ്ഞു.

കുഞ്ജനാഥനു് അനുജത്തി ഇങ്ങനെപറയുവാൻ കാരണമെന്തെന്നു മനസ്സിലായില്ല. "എന്താ ഇനി അവി ടെ പോകരുതു് എന്നു പറയുവാൻ കാരണം?" എന്നു അവൻ ആശ്ചര്യത്തോടെ ചോദിച്ചു.

"അവർ ജ്യേഷ്ഠനെ കാണുമ്പോഴെല്ലാം വിളിച്ചു കൊണ്ടുപോയി സല്ക്കരിയ്ക്കുമായിരിയ്ക്കാം. അവരൊക്കെ വലിയ ആളുകളല്ലേ? എന്തുവേണമെങ്കിലും ചെയ്യാം. എന്നാൽ നമുക്ക അതുപോലെയൊക്കെ ചെയ്യാമോ!" എന്നു കുസുമ ചോദിച്ചു.

അനുജത്തിയുടെ ഈ വാക്കുകൾ കുഞ്ജനാഥനു് ദുഃഖ ത്തിന്നു കാരണമായിത്തീൎന്നു. കുസുമയ്ക്കു് അതു് മനസ്സിലാ കാതിരുന്നില്ല. അതുകൊണ്ടു് അവൾ ജ്യേഷ്ഠനെ സമാധാ നിപ്പിയ്ക്കാൻ പറഞ്ഞു "ജ്യേഷ്ഠാ, ഞാൻ ഒന്നുമുണ്ടായിട്ടു പറയുന്നതല്ല. ഒന്നോ രണ്ടോദിവസം അവിടെപ്പോയ

ത്തുകൊണ്ടു് തകരാറൊന്നും വരാനില്ല. പക്ഷെ അവർ ധനികന്മാരും, നാം ദരിദ്രന്മാരുമാണെന്ന സംഗതി മറക്കരുതു്. നമുക്കു് അവരുമായി അധികം ഇടപഴകേണ്ടുന്ന ആവശ്യമെന്താണു്?"

കുഞ്ജനാഥൻ:—"അതുശരി. ഞാൻ നേരിട്ടു അവരുടെ വീട്ടിലേയ്ക്കു കയറി ചെല്ലുകയല്ലല്ലോ ഉണ്ടായതു്."

കുസുമ:—"ജ്യേഷ്ഠൻ അവിടേക്കു കയറിച്ചെന്നതല്ല എന്നതു വാസ്തവം തന്നെ. പക്ഷെ, അവർ ക്ഷണിച്ചാൽ തന്നെ നാം അവിടേയ്ക്കു കയറിച്ചെല്ലേണ്ടുന്ന ആവശ്യമില്ലാത്തതാണു്."

കുഞ്ജനാഥൻ:—" അങ്ങിനെയാണെങ്കിൽ നീയെന്തിനാണു് ബ്രാഹ്മണപ്പെൺകുട്ടികളുടെ വീട്ടിൽ പോകുന്നതു? അവരിൽ പലരും പണക്കാരല്ലേ? നീയെന്തിനാണു് ആ പണക്കാരുടെ വീട്ടിൽ പോകുന്നതും സംസാരിയ്ക്കുന്നതും?"

കുസുമ:—(ജ്യേഷ്ഠൻെറ അഭിപ്രായമറിഞ്ഞു ചിരിച്ചുകൊണ്ടു്("എനിയ്ക്കു കുട്ടിക്കാലംമുതല്ക്കേഇവരെയെല്ലാം പരിചയമുണ്ടു്. വിശേഷിച്ചു് എൻെറ തോഴിമാർ നമ്മുടെ ജാതിക്കാരല്ല. അവരുടെ വീട്ടിൽ പോയതുകൊണ്ടു് നമുക്കു് ലജ്ജിക്കാനൊന്നുമില്ല. എന്നാൽ അവരുടെ കാൎയ്യം വേറെയാണു്."

കുഞ്ജനാഥൻ:—(കുറച്ചുനേരം മൌനമായിരുന്നു്) അവരുടെ വീട്ടിൽ പോയതുകൊണ്ടും ലജ്ജിക്കാനൊന്നുമില്ല. മഹാലക്ഷ്മി കളിയാടുന്ന സ്ഥലമാണു്. ആ

വീട്ട്. അവരുടെ കൈയിൽ നാലുകാശുമുണ്ട്. ഗർവ്വും ദുരഭിമാനവും അവക്കു ലേശംപോലുമില്ല. വൃന്ദാവനൻെറ അമ്മ എന്നെ—"

ജ്യേഷ്ഠൻെറ വാക്കുകൾ അവസാനിക്കുന്നതിന്നുമുമ്പു കുസുമ ഇടയിൽ പറഞ്ഞു. "പിന്നെയും അവരുടെ പഴയ ബന്ധമോ? അവർ അമ്മയെപ്പററി എന്തെല്ലാം അപവാദങ്ങൾ പറഞ്ഞു നടന്നു എന്നു ജ്യേഷ്ഠനറിയാമോ? അതൊക്കെ ഏതെങ്കിലും കാലത്തു മറക്കത്തക്കതാണോ?"

കുഞ്ജനാഥൻ എതിർവാദം ചെയ്തു. "അവർ ആരോടും ഒന്നും പറഞ്ഞിട്ടില്ല. ഏതോ ദുഷ്ടന്മാർ അസൂയ കൊണ്ടു ചിത്തപ്പേരു പറഞ്ഞു പരത്തിയതാണ്."

കുസുമ:—"അതുകൊണ്ടാണോ അവർ എന്നെ വീട്ടിൽ നിന്നു പറഞ്ഞയച്ചു വേറെ വിവാഹം ചെയ്യുന്നു്!"

കുഞ്ജനാഥൻ:—(എന്തോ ആലോചിച്ച്) "വാസ്തവം തന്നെ പാവം! വൃന്ദാവനൻ ഇതിൽ നിരപരാധിയാണു്. ഈ കാര്യത്തിൽ അവൻെറ അച്ഛനെയാണ് കുററം പറയേണ്ടതു്."

കുസുമ:—(കുറച്ചുനേരം ഒന്നും പറയാതെയിരുന്നു) "ശരി തന്നെ. ജ്യേഷ്ഠാ, അതാരുടേയും കുററമായിക്കൊള്ളട്ടെ. കഴിഞ്ഞതും, ഇനിനടക്കാത്തതുമായ കാര്യങ്ങളെപ്പററി പറഞ്ഞിട്ടെന്താണു് പ്രയോജനം? എനിക്കിതൊന്നും കേൾക്കണമെന്നു് ആഗ്രഹമില്ല. എല്ലാം ഇപ്പോൾ ഉള്ളതുപോലെ തന്നെയിരുന്നോട്ടെ."

കുഞ്ജനാഥൻ ആദ്യം കുസുമ പറഞ്ഞതിന്നു സമാധാനമൊന്നും പറയാതിരിക്കുന്നതു ശരിയല്ല എന്നുവിചാരിച്ചു് ഇങ്ങിനെ ചോദിച്ചു.' 'നിണക്കു് മതിയായ കാരണമൊന്നും പറയാനില്ലെന്നു എനിയ്ക്കറിയാം. എങ്കിലും എനിയ്ക്കു് എല്ലാം നോക്കേണ്ടുന്ന ചുമതലയുള്ളതുകൊണ്ടു പറയുകയാണു്. കുറച്ചു ആലോചിച്ചു നോക്കൂ. ഞാൻ ഇന്നുതന്നെ മരിച്ചുപോകയാണെങ്കിലോ?"

കുസുമ മൌനമായിരുന്നതല്ലാതെ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല.

കുഞ്ജനാഥൻ പറഞ്ഞു. "എൻെറ അറിവിൽപ്പെട്ട പലരോടും ഞാൻ ഈ സംഗതി ചോദിച്ചു. നിൻെറ ചെറിയ അമ്മാവനുംകൂടി ഈ സംഗതി സമ്മതമാണു്. നിണക്കെന്തറിയാം?

കുസുമയുടെ മുഖം കോപംകൊണ്ടു ചുവന്നു. അവൾ "അറിയാം. അറിയാതിരിയ്ക്കാനെന്താണു്?" എന്നുമാത്രം ചോദിച്ചു.

തന്നെപ്പററി മററുള്ളവരോടു് അഭിപ്രായം ചോദിയ്ക്കുന്നതു കുസുമയ്ക്കു് ഇഷ്ടമായിരുന്നില്ല. അവൾ അതൊന്നും പുറമെ കാണിയ്ക്കാതെ, "ജ്യേഷ്ഠൻ ഇപ്പോൾ എന്താണു് കഴിയ്ക്കുന്നതു്?" എന്നു ചോദിച്ചു.

കുഞ്ജനാഥന്നു് അനുജത്തിയുടെ അന്തർഗ്ഗതം മനസ്സിലായി. അവൻ ചിരിച്ചുകൊണ്ടു്, എനിയ്ക്കൊന്നും വേണ്ട" എന്നു പറഞ്ഞു.

കുസുമയുടെ കോപം ശമിച്ചിരുന്നില്ല. എങ്കിലും അവൾ തന്നെത്താൻ സമാധാനിച്ചുകൊണ്ട് ഒന്നും പറയാതെ അറയിലേയ്ക്കു പോയി.

കുഞ്ജനാഥൻ പുകയില അരിഞ്ഞു ഹുക്കയിൽ നിറച്ചതിന്നുശേഷം, ചുമരിൽ ചാരിയിരുന്നു്, "കുസുമേ" എന്നുവിളിച്ചു.

കുസുമ തൻെറ അറയിൽ ഇരുന്നു് എന്തോ തുന്നുകയായിരുന്നു. അവിടെ ഇരുന്നുകൊണ്ടുതന്നെ അവൾ "എന്താണു്?" എന്നു ചോദിച്ചു.

"നേരം കുറെയായല്ലോ. ഇന്നു് ഒന്നും വെച്ചിട്ടില്ലേ?" എന്നു കുഞ്ജനാഥൻ ചോദിച്ചു.

കുസുമ ഇരുന്ന ഇരുപ്പിൽനിന്നു് അനങ്ങാതെ പറഞ്ഞു. "ഞാൻ ഇന്നൊന്നും വെച്ചുണ്ടാക്കുന്നില്ല."

കുഞ്ജനാഥൻ:—"എന്താ? അതുതന്നെയാണു് ഞാൻ ചോദിയ്ക്കുന്നതു്."

കുസുമ:—"എന്നെക്കൊണ്ടു് നുറുതവണ പറയാൻ സാധിയ്ക്കില്ല."

കുസുമയുടെ സമാധാനം കേട്ടു കുഞ്ജനാഥൻ അവളുടെ അറയിലേയ്ക്കുവന്നു. "കുസുമേ, എന്നെ കോപിപ്പിയ്ക്കണ്ട. ഇങ്ങിനെയൊക്കെയായാൽ ഞാൻ എവിടെയെങ്കിലും പോകും." എന്നു് കുഞ്ജനാഥൻ അനുജത്തിയെ ഭയപ്പെടുത്തിനോക്കി.

കുസുമ:—"പോയ്ക്കോളു. ഇപ്പോൾ തന്നെപോകാമല്ലോ. ഇങ്ങിനെ വീട്ടിൽകിടന്നു നിലവിളിയ്ക്കുന്നതു് എനി

യ്ക്കിഷ്ടമില്ല. വേണമെങ്കിൽ എവിടെയെങ്കിലും പോയി നിലവിളിച്ചോള്ള."

കുഞ്ജനാഥൻ:—(കോപത്തോടെ) "ഫാ! ഫാ! അനുജത്തി ജ്യേഷ്ഠനെ വീട്ടിൽ നിന്നു ഓടിയ്ക്കുവാൻ തുടങ്ങിയോ?

കുസുമ:—"ജ്യേഷ്ഠനാണെന്നുവെച്ച് എന്തെങ്കിലും ചെയ്യാമോ? വീട്ടിൽനിന്നു പുറത്തു പോകാൻ ഞാൻപറയും." അനുജത്തിയുടെ മുഖഭാവം കണ്ടു് കുഞ്ജനാഥന്നു് അല്പം ഭയംതോന്നി. അയാൾ സ്വരം താഴ്ത്തി ചോദിച്ചു. ഞാൻ അരുതാത്ത വല്ലകാര്യവും ചെയ്യുവോ."

കുസുമ:—"എന്നോടു ചോദിയ്ക്കാതെ ജ്യേഷ്ഠനെന്തിനാണു് അവിടെ പോയി ഊണുകഴിച്ചതു്."

കുഞ്ജനാഥൻ:—"അതിലെന്താണു് തെററു്."

കുസുമ:—"വലിയ തെററുണ്ടു്. ഇനിയൊരിയ്ക്കലും അവിടെ പോകരുതു് എന്നു ഞാൻ പറയുന്നു."

ജ്യേഷ്ഠനായ താൻ അനുജത്തിയോടു തോററു പോകുന്ന കാര്യത്തിൽ കുഞ്ജനാഥന്നു് കുറച്ചു് അവമാനംതോന്നി "എന്നോടു് കല്പിയ്ക്കാൻ നിനക്കെന്തധികാരമാണു്? എനിയ്ക്കു് ഇഷ്ടമുള്ള ദിക്കിലേയ്ക്കു ഞാൻ പോകും" എന്നു് അവൻ പറഞ്ഞു.

കുസുമ:—"ഒരിയ്ക്കലും പാടില്ല. ഇനി അവിടെ പോകാൻ ഞാൻ സമ്മതിയ്ക്കയില്ല. വീണ്ടും അവിടെപോയി എന്നു കേൾക്കുന്നതു് നല്ലതല്ല. ഞാൻ മുൻകൂട്ടി പറഞ്ഞേയ്ക്കാം"

കുഞ്ജനാഥൻ പേടിച്ചുവെങ്കിലും അതൊന്നും പുറമെ കാണിയ്ക്കാതെ, "ഇനിയും പോയെങ്കിൽ നീയെന്തു ചെയ്യും?" എന്നു ചോദിച്ചു.

തുന്നിക്കൊണ്ടിരുന്ന വസ്ത്രം താഴെ വെച്ച് കുസുമ പറഞ്ഞു. "അതു പിന്നെ വലിയ വിരോധത്തിന്നു കാരണമായിത്തീരും. ഞാൻ മുമ്പെതന്നെ പറഞ്ഞേയ്ക്കാം. എനിയ്ക്കിഷ്ടമില്ലാത്ത സംഗതികളൊക്കെ ചെയ്തതിന്നു ശേഷം ഇവിടെ താമസിയ്ക്കണമെന്നില്ല. പൊയ്ക്കോളു. അതാണ് നല്ലതു്."

കുഞ്ജനാഥൻ രണ്ടുനാലടി മാറിനിന്നതിന്നു ശേഷം പറഞ്ഞു. "എനിയ്ക്ക് നിന്നെ പേടിയൊന്നുമില്ല. ഞാൻ ഇനിയും അവിടെ പോയെങ്കിൽ നീയെന്തു ചെയ്യും?"

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. അവൾ വിളക്കിലെ തിരിനീട്ടിമുമ്പേത്തേപ്പോലെ തുന്നൽപ്പണി തുടങ്ങി. കുസുമ സമാധാനമൊന്നും പറയാതിരുന്നപ്പോൾ കുഞ്ജനാഥനു ധൈര്യം വർദ്ധിച്ചു. അവൻ ഉറക്കെപ്പറഞ്ഞു. "നീ പിശാചിനേപ്പോലെ അലറിയതുകൊണ്ടു ഭയമൊന്നുമില്ല. അതു നിന്റെ സ്വഭാവമാണ്. ഞാൻ എന്തെങ്കിലും കുറച്ചു ഉറക്കെ പറഞ്ഞുപോയെങ്കിൽ—" എന്നു പകുതി പറഞ്ഞു നിർത്തി. അതിന്നു കുസുമ എന്തെങ്കിലും സമാധാനം പറയുമെന്നു കാത്തിരുന്നുവെങ്കിലും അതു വെറുതെയായി. പിന്നെ ഹുക്കയെടുത്തു് രണ്ടു പ്രാവശ്യം പുകവലിച്ചതിന്നുശേഷം അവൻ പറഞ്ഞു. 'ഞാൻ ജ്യേഷ്ഠനായതുകൊണ്ടു് വീട്ടിലെ യജമാനനാണു്' എല്ലാ സംഗതികളും എന്റെ കല്പനപ്രകാരം നടക്കണം."

ഉമ്മറത്തുപോയി ഹുക്കയിൽ പുകയിലനിറച്ചു വലിച്ച് അവൻ തന്നെത്താൻ പറഞ്ഞു: "എനിയ്ക്ക് ആരുടേയും കല്പന കേൾക്കേണ്ടുന്ന ആവശ്യമില്ല. സാധിയ്ക്കില്ല. ഇങ്ങിനെ മററുള്ളവരുടെ കല്പനകേട്ട് ഒരടിമയെപ്പോലെ ജീവിയ്ക്കാൻ സാധിയ്ക്കില്ല. വീടും, പറമ്പും എൻെറതായിരിയ്ക്കേ ഞാൻ കല്പിച്ചതു തന്നെ—"പിന്നിൽനിന്നു ആരുടേയോ കാൽ പെരുമാററം കേട്ടതു കൊണ്ട് കഞ്ജനാഥൻ പിന്നെയൊന്നും പറഞ്ഞില്ല.

കുസുമ ജ്യേഷ്ഠൻെറ അടുത്തുവന്ന് ചോദിച്ചു. "ജ്യേഷ്ഠൻ ഇവിടെത്തന്നെയിരുന്നു ശണ്ഠക്കൂടാനോ ഭാവം? അതോ ഇവിടെ നിന്നു എഴുന്നേററു പോകുന്നുവോ?"

അനുജത്തിയുടെ തീക്ഷ്ണമായ നോട്ടത്തിൽ ജ്യേഷ്ഠൻെറ യജമാനനെന്ന നാട്യമൊക്കെ പാറിപ്പറന്നു. അവന്ന് ഒന്നും പറയാൻ സാധിച്ചില്ല.

കുസുമ പിന്നേയും ചോദിച്ചു. "ജ്യേഷ്ഠൻ ഇവിടെ നിന്നു എഴുന്നേററു പോകുന്നുവോ ഇല്ലയോ? വേഗം പറയൂ."

കഞ്ജനാഥൻെറ ഭാവം മാറിയിരുന്നു. അല്പം മുമ്പു കണ്ട ഗൌരവം ഇപ്പോഴില്ല. അവൻ ഇടറുന്ന സ്വരത്തിൽ പറഞ്ഞു: "ഈ പുകയില അരിഞ്ഞു കൂട്ടിയശേഷം ഞാൻ പോയ്ക്കൊള്ളാം."

കുസുമ കൈനീട്ടി, "എവിടെ ഇങ്ങോട്ടു തരൂ" എന്നു പറഞ്ഞു, ഹുക്ക വാങ്ങി അകത്തുകൊണ്ടുപോയി

വെച്ചു മടങ്ങിവന്നു് അങ്ങോട്ടിയ്ക്കു പോയി വരൂ" എന്നു പറഞ്ഞു.

കുഞ്ജനാഥൻ, "വേഗത്തിൽ പോയിവരാ"മെന്നു പറഞ്ഞു പുറപ്പെട്ടു.

കുസുമ സഹജമായ സ്വരത്തിൽ, "വേഗത്തിൽ വരണം, എനിയ്ക്കു ഭക്ഷണം തയ്യാറാക്കാൻ അധികം സമയം വേണ്ട" എന്നു പറഞ്ഞു.

കുഞ്ജനാഥൻ വേഷ്ടിയെടുത്തു തോളിലിട്ടു് പടിയിറങ്ങിപ്പോയി.

II

കുഞ്ജനാഥൻ തന്റെ അനുജത്തിയോടു വൃന്ദാവനന്റെ സ്വത്തിനേപ്പററി പറഞ്ഞതിൽ ലേശംപോലും അതിശയോക്തിയില്ല. വാസ്തവത്തിൽ അവരുടെ വീട്ടിൽ മഹാലക്ഷ്മി കളിയാടുകതന്നെ ചെയ്തിരുന്നു. ധാന്യങ്ങളും, പണവും അവക്കു് ധാരാളമുണ്ടു്. ഇത്രയൊക്കെ സമ്പത്തുണ്ടെങ്കിലും അവിടെയുള്ളവർ വിനീതന്മാരായിരുന്നു.

ആ ഗ്രാമത്തിൽ സ്കൂളുണ്ടായിരുന്നില്ല. വൃന്ദാവനനെ പഠിപ്പിയ്ക്കാൻ ഒരു ഗുരുനാഥനെ നിയമിച്ചിരുന്നു. അതുകൊണ്ടു് അവൻ എഴുതാനും വായിയ്ക്കാനും പഠിച്ചു. അന്നുമുതല്ക്കേ ആ ഗ്രാമത്തിൽ ഒരു സ്കൂൾ സ്ഥാപിയ്ക്കണമെന്നു് അവനാഗ്രഹമുണ്ടായിരുന്നു. അവന്റെ പിതാവായ ഗൌരദാസിന്നു് മകൻ ഇങ്ങിനെ അനാവശ്യമായി

പണം ചെലവാക്കുന്ന കാര്യം സമ്മതമായിരുന്നില്ല. എന്നാൽ അച്ഛൻെറ മരണത്തിന്നുശേഷം വൃന്ദാവനൻ താൻെറ ആഗ്രഹത്തിന്നനുസരിച്ച് ചാവടിയിൽ ഒരു പള്ളിക്കൂടം തുടങ്ങി കുട്ടികളെ പഠിപ്പിച്ചുവന്നു.

വൃന്ദാവനൻെറ ഗ്രാമത്തിൽ പെൻഷൻ വാങ്ങിയ ഒരു ഉദ്യോഗസ്ഥൻ താമസിച്ചിരുന്നു. വൃന്ദാവനൻ അയാളുടെ അടുക്കെ പോയി ഇംഗ്ലീഷു പഠിച്ചു. ഇങ്ങിനെ പഠിച്ചതു രാത്രി സമയത്തായതുകൊണ്ടു് ആ ഗ്രാമത്തിൽ അധികം പേരും വൃന്ദാവനൻ ഇംഗ്ലീഷു പഠിച്ചിരുന്നുവെന്നറിഞ്ഞിരുന്നില്ല.

അഞ്ചുകൊല്ലം മുമ്പു് രണ്ടാമത്തെ ഭാര്യ മരിച്ചതിന്നു ശേഷമാണു് വൃന്ദാവനൻ ഇംഗ്ലീഷു പഠിയ്ക്കാൻ തുടങ്ങിയതു്. രാത്രി ഇംഗ്ലീഷു പഠിയ്ക്കുകയും, രാവിലെ മുതൽ ജമീൻ കാര്യങ്ങൾ നോക്കുകയും, ഉച്ചയ്ക്കു് ചാവടിയിൽ നടത്തിയിരുന്ന പള്ളിക്കൂടത്തിൽ പോയി കൃഷിക്കാരുടെ കുട്ടികളെ പഠിപ്പിയ്ക്കുകയുമായിരുന്നു അവൻെറ ഓരോ ദിവസത്തേയും പ്രധാന ജോലി. അമ്മ രണ്ടാമതും വിവാഹം ചെയ്യാൻ നിർബ്ബന്ധിയ്ക്കുമ്പോൾ, തൻെറ ഓമന മകനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, "ആരെ ഉദ്ദേശിച്ചാണോ വിവാഹം ചെയ്യുന്നതു് അവൻ നമ്മുടെ അടുക്കെതന്നെ ഉണ്ടല്ലോ" എന്നു് വൃന്ദാവനൻ പറയും. അമ്മ എത്രയോ തവണ പറഞ്ഞു. ചിലപ്പോൾ കരയുകകൂടി ചെയ്തു. പിന്നെ വേറെ ചിലരെക്കൊണ്ടു പറയിച്ചു നോക്കിയിട്ടും പ്രയോജനമൊന്നുമുണ്ടായില്ല. ഇങ്ങിനെ രണ്ടുകൊല്ലം കഴിഞ്ഞു.

അങ്ങിനെയിരിയ്ക്കെ ഒരു ദിവസം വൃന്ദാവനൻ യദൃച്ഛയാ കുഞ്ജവൈഷ്ണവൻെറ ഗൃഹത്തിന്നടുത്തുവെച്ച് കുസുമയെ കാണ്മാനിടയായി. നദിയിൽ സ്നാനം ചെയ്ത് ഈറപ്പിൽ ജലപാത്രവുമെടുത്ത് കുസുമ വീട്ടിലേയ്ക്ക മടങ്ങിവരികയായിരുന്നു. നവയൌവനത്തിലേയ്ക്ക കാലെടുത്തു വെയ്ക്കുന്ന അവളുടെ മോഹനാകൃതികണ്ട് വൃന്ദാവനൻ അങ്ങിനെതന്നെ നിന്നുപോയി. അവൾ ആരാണെന്നു വൃന്ദാവനന്നു ആദ്യം മനസ്സിലായില്ല. ആ ഗ്രാമത്തിലെ പലരേയും അവന്നറിയാം. അതുകൊണ്ട് താൻ മുമ്പു വിവാഹം ചെയ്ത കുസുമയാണ് അതെന്നറിയുവാൻ അവന്നു പ്രയാസമുണ്ടായില്ല.

ഒരു കുട്ടിയുടെ അച്ഛനായെങ്കിലും വൃന്ദാവനൻ അമ്മയോടു ഒരു ചെറുകുട്ടിയെപ്പോലെ എല്ലാകാര്യവും പറയാറുണ്ടായിരുന്നു. വീട്ടിലേയ്ക്ക വന്ന ഉടനെ, താൻ കുസുമയെ കണ്ട വർത്തമാനം വൃന്ദാവനൻ അമ്മയോടു പറഞ്ഞു.

അമ്മയ്ക്ക ഇതുകേട്ടപ്പോൾ ആശ്ചര്യവും വ്യസനവും തോന്നി. "മകനേ, ഇതു എവിടെയെങ്കിലും നടക്കുന്ന കാര്യമാണോ? അവരുടെ സ്വഭാവം ചീത്തയാണെന്നു കേൾക്കുന്നു. അങ്ങിനെയുള്ളവരെ നമുക്കു സ്വീകരിക്കാമോ?" എന്ന് അമ്മ മകൻെറ മുഖത്തുനോക്കി ചോദിച്ചു.

വൃന്ദാവനൻ:— "അതൊക്കെ പോകട്ടെ. എന്തുതന്നെ ആയാലും അവൾ ഇവിടത്തെ വധുവല്ലേ? വിവാഹം ചെയ്യുന്നതിന്നു മുമ്പ് ഇതിനെപ്പററി ആലോചിയ്ക്കേണ്ടതായിരുന്നു."

അമ്മ:—"അതൊക്കെ നിൻെറ അച്ഛന്നുമാത്രമേ അറിഞ്ഞുകൂടൂ. അദ്ദേഹത്തിന്നു് ഉചിതമെന്നു് തോന്നിയതുപോലെ ചെയ്യൂ."

വൃന്ദാവനൻ:—(അല്പം കോപത്തോടെ) "നല്ലതു്. അങ്ങിനെയാണെങ്കിൽ എല്ലാം ഇതുപോലെതന്നെയിരിയ്ക്കട്ടെ; എന്നെ ഉപദ്രവിയ്ക്കരുതു്."

ഇതിന്നുശേഷം മൂന്നു കൊല്ലം കഴിഞ്ഞു. വൃന്ദാവനൻെറ അമ്മ കുസുമയെ വീട്ടിലേയ്ക്കു കൊണ്ടുവരാൻ തന്നാൽ കഴിയുന്ന വിധത്തിലെല്ലാം പരിശ്രമിച്ചു. എന്നാൽ അതൊന്നും ഫലിച്ചില്ല. കുസുമ ഇതിനൊന്നും വഴിപ്പെട്ടുന്നവളല്ലായിരുന്നു. കുസുമയുടെ പ്രതിഷേധത്തിന്നു് രണ്ടു കാരണങ്ങളുണ്ടു്. ഒന്നു് അസമർത്ഥനായ ജ്യേഷ്ഠനെ തനിയെ ആക്കി തനിയ്ക്കു സുഖമായിരിയ്ക്കണമെന്നു ആഗ്രഹമില്ലായ്മ. രണ്ടാമത്തെ കാരണം ഇതിന്നുമുമ്പു പറഞ്ഞതുപോലെ തന്നെപ്പററി തോഴിമാർ ഏതു വിചാരിയ്ക്കുമെന്ന ഭയമായിരുന്നു.

സമുദായത്തിലുള്ള പ്രധാനികളെ വിളിച്ചു പ്രായശ്ചിത്തം ചെയ്യാതെ കാൎയ്യം നടക്കുമെങ്കിൽ കുസുമ ജ്യേഷ്ഠൻ പറഞ്ഞതുപോലെ ചെയ്യുമായിരുന്നു. അവൾ ഇങ്ങിനെ വിചാരിച്ചു: "ഇപ്പോൾ എല്ലാം ആദ്യംമുതല്ക്കു തുടങ്ങണം. ഓരോതരത്തിലുള്ള പ്രമാണികളും ഇവിടെ വന്നു കൂടും. മരിച്ചുപോയ അമ്മയേപ്പററിയുള്ള അപവാദങ്ങൾ വിചാരണചെയ്യാൻ തുടങ്ങും. എൻെറ ബാല്യത്തിൽ നടന്ന സംഭവങ്ങൾ ആലോചനയ്ക്കുവരും. പിന്നെ ഏതെല്ലാം

സംഗതികളെപ്പററി പറയുമെന്നു് ആക്കറിയാം? ജനങ്ങളുടെ ഇടയിൽ ചീത്തസംഗതികളെപ്പററി മാത്രമേ പ്രസ്താവമുണ്ടാവുകയുള്ളൂ. അതു് ലോകസമ്പ്രദായമാണു്. അടുത്ത വീട്ടുകാരൊക്കെ നേരമ്പോക്കു കാണാൻ വരും. എൻെറ തോഴിമാർ, താണജാതിക്കാരുടെ ഇടയിൽ സാധാരണ നടക്കുന്നതുപോലെ കുസുമയ്ക്കും രണ്ടാമതൊരു വിവാഹം നടന്നു എന്നുപറഞ്ഞു ചിരിയ്ക്കും. ഇതൊക്കെ ആലോചിയ്ക്കുമ്പോൾതന്നെ ലജ്ജ തോന്നുന്നു." കുലീന ബ്രാഹ്മണരുടെ വീട്ടിലുള്ള പെൺകുട്ടികളോടുകൂടി കളിച്ചും പഠിച്ചുമാണു് അവൾ വളന്നതു്. ആചാരങ്ങളിൽ അവരെക്കാൾ താഴെയാണു് താൻ എന്നു് അവൾക്കു വിചാരിയ്ക്കാൻതന്നെ പ്രയാസമായിരുന്നു.

കുസുമയും സഹോദരനും തമ്മിൽ വാഗ്വാദമുണ്ടായ ദിവസം അവൾ കോപത്തോടെ പെട്ടിയുടെ താക്കോൽ ജ്യേഷ്ഠന്നു കൊടുത്തു. ഇനി എന്തെങ്കിലുമാകട്ടെ. വീട്ടുകായ്യങ്ങൾ ജ്യേഷ്ഠൻതന്നെ നോക്കട്ടെ എന്നായിരുന്നു അവൾ വിചാരിച്ചതു്.

പിറേറദിവസം രാവിലെ കുസുമ നദിയിൽ സ്നാനം ചെയ്തു മടങ്ങിവന്നപ്പോൾ കുഞ്ജനാഥനെ കണ്ടില്ല. അയാൾ എവിടെയോ പോയിരിയ്ക്കുന്നു. അയാൾ വ്യാപാരം ചെയ്യുന്ന തട്ടു് വീട്ടിൽ കാണ്മാനില്ല. തലേന്നു രാത്രി പറഞ്ഞ സംഗതികളോത്തായിരിയ്ക്കണം അയാൾ രാവിലെ ഒന്നും പറയാതെ പോയതെന്നു് കുസുമ വിചാരിച്ചു. കുഞ്ജനാഥൻ തലേന്നു ചെയ്ത ഒരു കുററം ശരിപ്പെടുത്താ-

നാണു് പോയതു്. അതിനെപ്പററി സംശയിയ്ക്കാനൊന്നുമില്ല. പക്ഷെ അതു കുസുമ വിചാരിച്ച തരത്തിലുള്ള ഒന്നാല്ലെന്നു് അധികം താമസിയാതെ വ്യക്തമായി.

കുസുമ നേരം പുലരുന്നതിന്നുമുമ്പ് എഴുന്നേല്ക്കും. വീട്ടുപണികളെല്ലാം അവൾ തന്നെയാണു് ചെയ്യുന്നതു്. വീടും മുററവും അടിച്ചു് പാത്രങ്ങൾ കഴുകിവൃത്തിയാക്കി, പിന്നെ അവൾ നദിയിൽ പോയി സ്നാനം ചെയ്തു വെള്ളം കൊണ്ടുവന്നു് തനിയ്ക്കും സഹോദരനും ഭക്ഷണം പാകം ചെയ്യും.

കുഞ്ജനാഥൻ ഭക്ഷണം കഴിച്ചു വ്യാപാരത്തിന്നു പോയതിന്നു ശേഷമാണു് കുസുമയുടെ ജപവും പൂജയും. ജ്യേഷ്ഠൻ രാവിലെ ഒന്നും കഴിയ്ക്കാതെയാണു് പോകുന്നതെങ്കിൽ, ഉച്ചയ്ക്കു മടങ്ങിവരും. അതുകൊണ്ടു ഇന്നു ജ്യേഷ്ഠൻ കുറെ നേരം കഴിഞ്ഞിട്ടേ മടങ്ങി വരികയുള്ളു. എന്നു വിചാരിച്ചു് കുസുമ ഒരു മാല കോക്കാനിരുന്നു. തോട്ടത്തിൽ ഒരുഭാഗത്തു പിച്ചകം, മല്ലി മുതലായ പൂച്ചെടികൾ അവൾതന്നെ വെച്ചുപിടിപ്പിച്ചിരുന്നു. അവയിൽനിന്നാണു് പൂജയ്ക്കു വേണ്ട പൂക്കൾ അവൾ പറിച്ചെടുത്തിരുന്നതു്. മാല കെട്ടിക്കഴിഞ്ഞതിന്നുശേഷം അവൾ പൂജയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു.

അരപ്പോൾ പടിയ്ക്കൽ ഒരു കാളവണ്ടി വന്നുനിന്നു. കുസുമയേയോ, കുഞ്ജനാഥനേയോ ഒരാൾ കാണുവാൻ വരികയെന്നതു വിചാരിയ്ക്കാത്ത സംഗതിയാണു്. ആ വണ്ടിയിൽനിന്നു ഏകദേശം അമ്പതുവയസ്സു പ്രായമായ

ഒരു സ്ത്രീ ഇറങ്ങി വീട്ടിലേയ്ക്കുവന്നു. രണ്ടുപേരും കുറച്ചു നേരം അന്യോന്യം നോക്കിനിന്നതല്ലാതെ ഒന്നും സംസാരിച്ചില്ല. കുസുമയ്ക്കു് ആ മാന്യസ്ത്രീയെ മുമ്പു കണ്ട പരിചയമില്ലായിരുന്നു. കഴുത്തിലുള്ള തുളസിമാലയും, നെററിയിലെ പൊട്ടും, വസ്ത്രധാരണത്തിൻെറ രീതിയും കണ്ടു് അവർ തൻെറ ജാതിയിൽ പെട്ടവരാണെന്നുമാത്രം കുസുമ മനസ്സിലാക്കി.

ആ മാന്യസ്ത്രീ കുസുമയുടെ അടുത്തുവന്നു്, "മകളേ നിനക്കെന്നെ മനസ്സിലായില്ലെന്നു തോന്നുന്നു. നിൻെറ സഹോദരന്നു് എന്നെ അറിയാം. അവൻ എവിടെ?" എന്നു ചോദിച്ചു.

"ജ്യേഷ്ഠൻ രാവിലെ എഴുന്നേററു് എവിടെയോ പോയിരിയ്ക്കുന്നു. കുറെനേരം കഴിഞ്ഞിട്ടേ മടങ്ങി വരികയുള്ളു എന്നാണു് തോന്നുന്നതു്." എന്നു കുസുമ ഉത്തരം പറഞ്ഞു.

ആഗതയായ സ്ത്രീ ആശ്ചര്യത്തോടെ, "കുറെനേരം കഴിഞ്ഞിട്ടേ വരികയുള്ളു! ഇന്നലെ അവൻ വൃന്ദാവനനേയുംനാലഞ്ചു ബന്ധുക്കളേയും ഇന്നു ഇവിടെ വിരുന്നിന്നു ക്ഷണിച്ചു. അതുകൊണ്ടു് ഞാൻ രാവിലെതന്നെ ഒരു കാളവണ്ടി ഏർപ്പാടുചെയ്തു പുറപ്പെട്ടു. മകൻെറ പത്നിയെ ആശീർവ്വദിച്ചു വരാമല്ലോ എന്നു ഞാനും വിചാരിച്ചു" എന്നു പറഞ്ഞു.

ഇതുകേട്ടപ്പോൾ കുസുമ അങ്ങിനെതന്നെ സ്തംഭിച്ചു നിന്നു. ഉടനെ തന്നെത്താൻ സമാധാനിച്ചു കുമ്പിട്ടു അവ

രെ നമസ്കരിച്ചു. പിന്നെ അകത്തുപോയി ഒരു പലകയെടുത്തു കൊണ്ടുവന്നു് അവരോടു ഇരിയ്ക്കാൻ പറഞ്ഞു. പിന്നെ തൻെറ ശ്വശ്രുവിനെ എങ്ങിനെയെല്ലാമാണു് ആദരിയ്ക്കേണ്ടതെന്നറിയാതെ കുസുമ കുഴങ്ങിനിന്നു.

ആ സ്ത്രീ പലകമേൽ ഇരുന്നതിന്നുശേഷം ചിരിച്ചുംകൊണ്ടു പറഞ്ഞു. "ഇന്നലെ കുഞ്ജനാഥൻ അവിടെ വന്നിരുന്നു. അപ്പോൾ വൃന്ദാവനൻ പറഞ്ഞു 'ജ്യേഷ്ഠാ, ഞാനൊരു ഭാഗ്യംകെട്ടവനാണു്. നിങ്ങൾ എൻെറ ജ്യേഷ്ഠനാണെങ്കിലും, ഞാൻ നിങ്ങളുടെ വീട്ടിൽ വരികയോ അവിടെനിന്നു ഒരു കോപ്പവെള്ളമെങ്കിലും കുടിയ്ക്കുകയോ ചെയ്തിട്ടില്ല". വൃന്ദാവനൻ ഇങ്ങിനെ പറഞ്ഞപ്പോൾ കുഞ്ജനാഥൻ ഞങ്ങളെയെല്ലാം 'ഇവിടെ ഒരു ദിവസം വന്നുപോകണ'മെന്നു ക്ഷണിച്ചു."

കുസുമ ഇതിന്നു സമാധാനമൊന്നും പറയാതെ തല കുനിച്ചുനിന്നു. ജ്യേഷ്ഠൻ തന്നെ എന്തു ചകടത്തിലാണു് ചാടിച്ചതെന്നോർത്തു് അവൾ സങ്കടപ്പെട്ടു.

വൃന്ദാവനൻെറ അമ്മ സാധാരണ സ്ത്രീകളേക്കാൾ ബുദ്ധികൂടിയവളാണു്. കുസുമയുടെ സ്ഥിതികണ്ടു് എന്തോ തകരാറു പിണഞ്ഞിരിയ്ക്കുമോയെന്നു് അവർ സംശയിച്ചു. അവർ സംശയത്തോടെ ചോദിച്ചു. എന്താ ഒന്നും മിണ്ടാതെ നില്ക്കുന്നതു്? കുഞ്ജനാഥൻ ഒന്നും പറയാതെയാണോ പോയതു്."

കുസുമ ഒന്നും മിണ്ടാതിരിയ്ക്കുന്നതു ശരിയല്ലെന്നു വിചാരിച്ച്, തല അല്പം ചരിച്ചുകൊണ്ടു്, "ജ്യേഷ്ഠൻ ഒന്നും പറയാതെയാണു് പോയതു്" എന്നുമാത്രം മറുപടി പറഞ്ഞു.

വൃന്ദാവനൻെറ അമ്മ കുഞ്ജനാഥൻ ഇങ്ങിനെ ചെയ്യുമെന്നു സംശയിച്ചിരുന്നില്ല. അവർ കുസുമയെ സമാധാനിപ്പിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു. "അയാൾ എന്തെങ്കിലും വാങ്ങുവാൻ അങ്ങാടിയ്ക്കു പോയതായിരിയ്ക്കും. വേഗത്തിൽ മടങ്ങിവരും. അതാ, അവരൊക്കെ വരുന്നു."

വൃന്ദാവനൻ മുററത്തുനിന്നു് "കുഞ്ജനാഥാ" എന്നു വിളിച്ചു. പിന്നെ ഉമ്മറത്തേയ്ക്കു കയറിവന്നു. അയാളുടെ കൂടെ വേറെ ഒന്നുരണ്ടു ചെറുപ്പക്കാർകൂടി ഉണ്ടായിരുന്നു. അവർ വൃന്ദാവനൻെറ ബന്ധുക്കളോ, സ്നേഹിതന്മാരോ ആയിരിയ്ക്കണം. അപ്പോൾ വൃന്ദാവനൻെറ അമ്മ പുറത്തുവന്നു്, "കുഞ്ജനാഥൻ ഇവിടെയില്ല. പുറമെ എവിടെയോ പോയിരിയ്ക്കുന്നു" എന്നുപറഞ്ഞു. പിന്നെ കുസുമയെ നോക്കി "മകളേ, ഇവക്കു പായയോ, കമ്പിളിയോ ഇരിയ്ക്കാൻ കൊടുക്കൂ" എന്നുപറഞ്ഞു

കുസുമ ലജ്ജയോടെ ജ്യേഷ്ഠൻെറ അറയിൽ ഒരു പായവിരിച്ചു ഹുക്കയിൽ പുകയില നിറയ്ക്കാൻ ഭാവിച്ചു.

അതു കണ്ടപ്പോൾ വൃന്ദാവനൻ പറഞ്ഞു. 'ഞങ്ങളാരും പുകവലിയ്ക്കാറില്ല. അതുവേണ്ട."

ഉൽക്കതാഴെവെച്ച കുസുമ അടുക്കളയിലേയ്ക്കുപോയി ഒരു തൂണു ചാരിനിന്നു ആലോചിച്ചു. ബുദ്ധിശൂന്യമായ സഹോദരൻ തന്നെ എന്താപകടത്തിലാണു് പെടുത്തിയതു്? അയാളെ കാണാനുമില്ല. കോപത്താലും, ലജ്ജയാലും ഈ സന്ദർഭത്തിൽ തനിയ്ക്കു അവമാനം നേരിടുമെന്ന ഭയത്താലും അവളുടെ കണ്ണിൽ വെള്ളംനിറഞ്ഞു. വീട്ടിൽ ഈ അതിഥികളെ സൽക്കരിയ്ക്കത്തക്കവണ്ണം ഒന്നുമുണ്ടായിരുന്നില്ല. ജ്യേഷ്ഠൻ വന്നെങ്കിൽ അങ്ങാടിയ്ക്കു പറഞ്ഞയയ്ക്കാമെന്നു അവൾ വിചാരിച്ചിരുന്നു. പക്ഷെ, അയാൾ എവിടെയാണു്?

കുഞ്ജനാഥനു് അനുജത്തിയെ വലിയ ഭയമാണു്. ഒരു വേലക്കാരൻ യജമാനത്തിയെ ഭയപ്പെടുന്നതുപോലെയാണു് അയാൾ കുസുമയെ ഭയപ്പെട്ടിരുന്നതെന്നു പറയാം. വൃന്ദാവനന്റെ വീട്ടിൽപ്പോയി ഭക്ഷണം കഴിച്ചതിന്നു തന്നെ കുസുമ വളരെ കോപിച്ചു. ഇപ്പോൾ അവരെ ബന്ധുസമേതം വീട്ടിലേയ്ക്കു ക്ഷണിച്ചിരിയ്ക്കുന്നു; ഇതറിഞ്ഞാൽ കുസുമ എത്രമാത്രം കോപിയ്ക്കുമെന്നു ആരുകണ്ടു? മുമ്പേത്തെ അപരാധത്തേക്കാൾ ഇതു വലുതല്ലേ? അതുകൊണ്ടു് ഈ സംഗതി സഹോദരിയോടു പറയുവാൻ അയാൾ മടിച്ചു. രാവിലെ എഴുന്നേററു് ഉടനെ വീട്ടിൽനിന്നു ഒന്നും പറയാതെ പോകുവാൻ ഇതാണു് കാരണം. ഇനി എന്തുതന്നെ സംഭവിച്ചാലും അയാൾ രാത്രിമാത്രമേ വീട്ടിലേയ്ക്കു മടങ്ങിവരികയുള്ളൂ. ഇതൊക്കെ ഓർത്തപ്പോൾ കുസുമയുടെ പരിഭ്രമം വർദ്ധിച്ചു. ഇതിനൊക്കെ പുറമെ, കുസുമ അപ്പപ്പോഴായി സമ്പാദിച്ചുവെച്ചിരുന്ന പണം

സൂക്ഷിച്ചിരുന്ന പെട്ടിയുടെ താക്കോൽ കുഞ്ജനാഥന്റെ കൈയിലാണു്. കൈയിൽ അപ്പോൾ പണമൊന്നുമില്ല.

ഉപായമൊന്നും തോന്നാതെ കുസുമ നിന്നനില്പിൽ തന്നെനിന്നു. പിന്നെ അവളുടെ കോപമെല്ലാം വൃന്ദാവനന്റെ നേരെയായി. ഇതെല്ലാം അയാളുടെ കുററമാണു്. എന്തിനാണു് ബുദ്ധിയില്ലാത്ത ജ്യേഷ്ഠനെ വഴിയിൽ കണ്ടപ്പോൾ വീട്ടിലേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി സല്ക്കരിച്ചതു്? ഇതു പരിഹാസത്തിന്റെ വകഭേദമല്ലേ? മൂന്നു കൊല്ലമായി ഇവർ എന്നെ ഏതെല്ലാം വിധത്തിൽ വശീകരിയ്ക്കുവാൻനോക്കി? എത്രപ്രാവശ്യം യാതൊരുകാരണവുംകൂടാതെ ഈ വീട്ടിന്റെ പടിയ്ക്കൽ കൂടെ നടന്നിട്ടുണ്ടു്. ഇവിടത്തെ സ്ഥിതിയെല്ലാം അവൎക്കറിയാം. ഇതെല്ലാം അറിഞ്ഞുകൊണ്ടാണു് ഇപ്പോൾ എല്ലാവരുംകൂടി പുറപ്പെട്ടിരിയ്ക്കുന്നതു്? ഇങ്ങിനെ പലതും ആലോചിച്ചപ്പോൾ കുസുമയ്ക്കു കരച്ചിൽവന്നു. കവിളിൽക്കൂടി ഒഴുകിവരുന്ന കണ്ണുനീർ തുടച്ചുകൊണ്ടു് അവൾ അവിടെത്തന്നെനിന്നു.

വൃന്ദാവനന്റെ അമ്മ വന്നവരോടു സംസാരിയ്ക്കുകയായിരുന്നു. എന്നാൽ വൃന്ദാവനന്റെ ശ്രദ്ധ അതിലൊന്നുമായിരുന്നില്ല. അടുക്കളയുടെ അടുക്കെ തൂണുചാരിനില്ക്കുന്ന കുസുമയെ അയാൾ കണ്ടു. അവൾ തന്നെ വിളിയ്ക്കുന്നുണ്ടോ എന്നു വൃന്ദാവനനു സംശയംതോന്നി. ഉടനെ തന്നെ അതുസംഭവിയ്ക്കാത്തതാണു് എന്നു അയാൾ നിശ്ചയിച്ചു. എന്നെക്കണ്ടാൽത്തന്നെ ഓടിപ്പോകുന്ന ഇവൾ അമ്മയും മററുചിലരും വന്ന ഈ അവസരത്തിൽ എന്നെ വിളിയ്ക്കുമോ എന്നാണു് അയാൾ വിചാരിച്ചതു്.

അങ്ങോട്ടു മനോക്കാതിരിയ്ക്കുവാൻ അയാൾക്കസാധിച്ചില്ല. കുസുമ തന്നെ നോക്കുന്നുണ്ടെന്നും, അവൾ എന്തോ പറയു വാൻ ആഗ്രഹിയ്ക്കുന്നുണ്ടെന്നും അയാൾക്ക പിന്നേയും തോന്നി. അതുകൊണ്ടു് ഒരുവിധം ധൈയ്യമവലംബിച്ചു്. വൃന്ദാവനൻ കുസുമയുടെ അടുത്തുചെന്നുനിന്നു. എന്താ ണു് പറയേണ്ടതെന്നു നിശ്ചയമില്ലാതെ ഒടുവിൽ, "എ ന്നെ വിളിച്ചുവോ ?" എന്നു ചോദിച്ചു.

കുസുമ മധുരമായ സ്വരത്തിൽ "ഉവ്വു്" എന്നു സമാ ധാനം പറഞ്ഞു. പിന്നെ കുറച്ചുകഴിഞ്ഞു്, "ഞങ്ങളേ പ്പോലെയുള്ള പാവങ്ങളെ സങ്കടപ്പെടുത്തിയതുകൊണ്ടു് നിങ്ങൾക്കെന്തൊരു ലാഭമാണുള്ളതു്?" എന്നു ചോദിച്ചു.

കുസുമയ്ക്കു താൻ എന്തൊരു സങ്കടമാണു് വരുത്തി യതെന്നറിയാതെ വൃന്ദാവനൻ കുഴങ്ങി കുസുമ തുടർന്നു പറഞ്ഞു. "ഞാൻ എങ്ങിനെയാണു് കാലക്ഷേപം ചെയ്യു ന്നതെന്നു നിങ്ങൾക്കറിയാം. പിന്നെയെന്തിനാണു് ജ്യേഷ്ഠനെ പരിഹസിക്കുന്നതു്. ഇത്രയും ആളുകളെ കൂട്ടി വന്നാൽ ഞാനെന്താണു് അവക്കു് കൊടുക്കുന്നതു്?"

എന്താണു് ഇതിന്നു സമാധാനം പറയേണ്ടതെന്നു വൃന്ദാവനന്നു നിശ്ചയമുണ്ടായിരുന്നില്ല. തൻെറ വിവേകം കൊണ്ടു് ഏതു കായ്യത്തിലും ശാന്തനായിരിയ്ക്കുകയാണു് അയാളുടെ പതിവു്. അതുകൊണ്ടു് "കുഞ്ജനാഥൻ എവിടെ?" എന്നുചോദിച്ചു.

കുസുമ:—"എനിയ്ക്കറിഞ്ഞുകൂടാ. എന്നോടു് ഒന്നും പറ യാതെ രാവിലെ എഴുന്നേററു എവിടേയോ പോയി രിയ്ക്കുന്നു."

വൃന്ദാവനൻ:—"അയാൾ പോയെങ്കിൽ പോകട്ടെ. ഞാനുണ്ടല്ലോ. എന്താ ഭക്ഷണത്തിന്നൊരുക്കുവാൻ ഒന്നുമില്ലേ?"

കുസുമ:—"ഇവിടെ ഒന്നുമില്ല. ഒക്കെ വാങ്ങീട്ടുവേണം. എന്റെ കൈയിൽ പണവുമില്ല. എല്ലാം ജ്യേഷ്ഠന്റെ കൈയിലാണു്."

വൃന്ദാവനൻ:—അതുകൊണ്ടു പരിഭ്രമിയ്ക്കാനൊന്നുമില്ല. എനിയ്ക്കു ഈ ഗ്രാമത്തിൽ പലരേയും അറിയാം. ആവശ്യമുള്ള സാധനങ്ങളൊക്കെ പീടികക്കാരൻ ഇവിടെ കൊണ്ടുവന്നുതരും. ഒരു തോർത്തുമുണ്ടുണ്ടെങ്കിൽ തരൂ. ഞാൻ പുഴയിൽ പോയി കുളിച്ചുവരാം. അമ്മ ചോദിച്ചാൽ ഞാൻ കുളിയ്ക്കാൻ പോയതാണെന്നു പറഞ്ഞാൽമതി."

കുസുമ അകത്തുപോയി ഒരു തോർത്തുമുണ്ടെടുത്തുകൊണ്ടുവന്നു കൊടുത്തു. വൃന്ദാവനൻ പുഞ്ചിരിയോടെ പറഞ്ഞു. "നീ കുഞ്ജനാഥന്റെ അനുജത്തിയാണു്. എന്നിട്ടും അവൻ നിന്നെവിട്ടുപോയല്ലോ. വേറെ ആരും ഇങ്ങിനെ ചെയ്യുമെന്നു തോന്നുന്നില്ല."

കുസുമ പതുക്കെപ്പറഞ്ഞു. "എല്ലാവർക്കും ഇതുപോലെ ഉപേക്ഷിയ്ക്കുവാൻ സാധിയ്ക്കുമോ എന്നു എനിയ്ക്കറിഞ്ഞുകൂടാ. എന്നാൽ ചിലർക്കു ചിലരെ ഉപേക്ഷിച്ചതുകൊണ്ടു വ്യസനമൊന്നുമില്ലെന്നു എനിയ്ക്കറിയാം. എന്റെ അനുഭവം ഇതാണു്."

കുളിയ്ക്കാൻ പുറപ്പെട്ടിരുന്ന വൃന്ദാവനൻ തിരിഞ്ഞുനിന്നു ഇങ്ങനെ പറഞ്ഞു. "നിന്റെ തെററായ ഈ അഭി

പ്രായം ഒരുകാലത്തു മാറുമെന്നു ഞാൻ ആശിയ്ക്കുന്നു. ചെറുകുട്ടിയായിരുന്ന നീ അമ്മയുടെ ദോഷത്തിന്നു ഉത്തരവാദിയല്ലാത്തതുപോലെ, അച്ഛൻ ചെയ്ത പ്രവൃത്തികൾക്ക ഞാൻ സമാധാനം പറയേണ്ടതില്ല. പക്ഷെ, അതൊക്കെ പറഞ്ഞുനില്ക്കുവാൻ ഇപ്പോൾ സമയമില്ല. എന്തായാലും അമ്മയോട്ട് ഒന്നും പറയരുത്. നിസ്സാരമായ ഒരു വാക്ക പോലും അവർ വലുതായി വിചാരിച്ചേയ്ക്കാനിടയുണ്ട്."

കുസുമ:—"ഞാൻ വിശേഷബുദ്ധിയില്ലാത്തവളല്ല. ആരോട്ട് ഇന്നവിധം പെരുമാറണമെന്ന് എനിയ്ക്കറിയാം."

വൃന്ദാവനൻ:—"നിനക്ക ആലോചനകൾക്ക് അവസരം കിട്ടുന്നതിന്നുമുമ്പ് കോപംവരും. അതിരിയ്ക്കട്ടെ. അമ്മ കുളികഴിഞ്ഞിട്ടാണ് വന്നതു്. പൂജകഴിഞ്ഞിട്ടില്ല. അതിന്നുവേണ്ടതു ഒരുക്കിക്കൊടുക്കൂ."

കുസുമ:—"എവിടെയെങ്കിലും വർത്തമാനം പറഞ്ഞിരിയ്ക്കേണ്ട."

വൃന്ദാവനൻ:—"എവിടെയെങ്കിലും വർത്തമാനം പറഞ്ഞിരുന്നു നിന്റെ കോപത്തിന്നു പാത്രമാകേണമെന്നുണ്ട്. അതുപിന്നെ ഒരിയ്ക്കലാകട്ടെ."

കുസുമ:—"അപ്പോൾ പറയാം"

കുസുമ അടുക്കളയിലേയ്ക്കുപോയി. വൃന്ദാവനൻ നെടുവീർപ്പിട്ടുകൊണ്ടു തന്നത്താൻ പറഞ്ഞു. "ഇവളോട്ട് ഇന്നാളൃമാണ് സംസാരിയ്ക്കുന്നതെന്നു തോന്നുന്നില്ല.

വളരെക്കാലത്തെ പരിചയമുള്ളതുപോലെ തോന്നുന്നു. ദൈവഗതി വിചിത്രംതന്നെ."

വൃന്ദാവനൻ കുളിയ്ക്കാൻപോയപ്പോൾ കുസുമയ്ക്കു പല സംഗതികളും ഓൎമ്മവന്നു. അവളുടെ ദേഹം നടുങ്ങി. താൻെറ പഠിപ്പുകൊണ്ടും, സഹവാസംകൊണ്ടും ആരെ ഒരു സാധാരണ കൃഷിക്കാരനെന്നുവെച്ചു നിസ്സാരനായി കരുതിയിരുന്നുവോ, അദ്ദേഹത്തെക്കണ്ടു സംസാരിച്ചതിനാൽ മനസ്സിനുണ്ടായ മാററമോൎത്തു കുസുമയ്ക്കു വളരെ ആശ്ചൎയ്യം തോന്നി.

## III

അന്നു വൈകുന്നേരം വീട്ടിലേയ്ക്കു് മടങ്ങി പോകുമ്പോൾ വൃന്ദാവനൻെറ അമ്മ കുസുമയെ അടുത്തുവിളിച്ചു സ്നേഹം നിറഞ്ഞ സ്വരത്തിൽ, "മകളെ, ഇന്നു മുഴുവൻ ഞാൻ എത്ര സന്തോഷത്തോടു കൂടിയാണു് കഴിച്ചുകൂട്ടിയതു് എന്നു പറയുവാൻ പ്രയാസമാണു്. നീ വളരെക്കാലം പരിപൂൎണ്ണഭാഗ്യത്തോടുകൂടി സുഖമായിരിയ്ക്കും." എന്നു അനുഗ്രഹിച്ചു. പിന്നെ ഒരു ജോടി സ്വൎണ്ണവളയെടുത്തു് കുസുമയുടെ കൈകളിൽ അണിയിച്ചു.

അന്നു കുസുമ ഭക്ഷണത്തിന്നു വേണ്ടതെല്ലാം ഒരുക്കിയതു് വൃന്ദാവനൻെറ സഹായത്തോടുകൂടിയാണെന്നു് അമ്മ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് അവൎക്കു് ഭാവിയെപ്പററി ആശയും സന്തോഷവുമാണുണ്ടായതു്. കുസുമ തലകുനിച്ചു കുമ്പിട്ടു് അവരുടെ കാലടികളിൽ

തൊട്ടുവന്ദിച്ചു. രണ്ടുപേരുടേയും ഹൃദയത്തിൽ വിവിധ വികാരങ്ങൾ നിറഞ്ഞിരുന്നതുകൊണ്ടു് അവർ ഒന്നും പറഞ്ഞില്ല.

വൃന്ദാവനൻെറ അമ്മ കാളവണ്ടിയിൽ കയറിയതിന്നുശേഷം കുസുമയോടിങ്ങിനെ പറഞ്ഞു. "മകളേ, കുഞ്ജനാഥനെ ഇന്നു കണ്ടില്ല. ആ കിറുക്കൻ എവിടെ അലഞ്ഞു നടക്കുകയാണെന്നു ആൎക്കറിയാം? അവൻ വന്നാൽ നാളെ എൻെറ വീട്ടിലേയ്ക്കയയ്ക്കൂ". "അങ്ങിനെയാകട്ടെ" എന്നു കുസുമ സമ്മതിച്ചു.

വൃന്ദാവനൻെറ മുത്തച്ഛൻ ഗൌരാംഗദേവൻെറ പ്രതിമ വീട്ടിൽ പ്രതിഷ്ഠിച്ചിരുന്നു. ആ അറയിലാണു് വൃന്ദാവനൻെറ അമ്മ പൂജ കഴിച്ചിരുന്നതു്. പതിവുപോലെ ഇന്നും അവർ പൂജകഴിയ്ക്കുകയായിരുന്നു. പൌത്രൻ മടിയിൽ തല വെച്ചുറങ്ങിയിരുന്നതു അവർ അറിഞ്ഞിരുന്നില്ല. വിളക്കിൻെറ നിഴലിൽ ഇരുന്നാണു് അവർ ജപിച്ചിരുന്നതു്. അതുകൊണ്ടു് വൃന്ദാവനൻ അകത്തു വന്നതു അവർ കണ്ടില്ല. അവർ ജപം കഴിഞ്ഞു നമസ്കരിയ്ക്കുമ്പോഴാണു് മകനെ കണ്ടതു്. വൃന്ദാവനൻ അല്പം ലജ്ജയോടെ, "അമ്മയെന്താണു് ഈ ഇരുട്ടത്തിരിയ്ക്കുന്നതു്?" എന്നു ചോദിച്ചു.

അമ്മ സ്നേഹത്തോടെ, "ഒന്നുമില്ല അടുത്തുവന്നിരിയ്ക്കു" എന്നു പറഞ്ഞു.

വൃന്ദാവനൻ ലജ്ജിയ്ക്കുന്നതിന്നു ഒരു കാരണമുണ്ടു്. ഒരിക്കലും ഈ മാതിരി നേരത്തു് അയാൾ പൂജാഗൃഹത്തിൽ

വരാറില്ല. വൃന്ദാവനൻെറ ഹൃദയം വർണ്ണിയ്ക്കുവാൻ സാധിയ്ക്കാത്ത ഒരാനന്ദംകൊണ്ടു നിറഞ്ഞിരുന്നു. ആ ദിവസത്തെ അയാൾ ജീവിതത്തിൽ ഏററവും പ്രധാനമായിട്ടാണു് വിചാരിച്ചിരുന്നതു്. അതുകൊണ്ടു് തൻെറ വിനീതമായ പ്രാർത്ഥന സ്വാമിയുടെ ചരണങ്ങളിൽ സമർപ്പിയ്ക്കണമെന്നു് ആഗ്രഹിച്ചു അയാൾ പൂജാഗൃഹത്തിലേയ്ക്കു വന്നു. അമ്മ തൻെറ അന്തർഗ്ഗതം മനസ്സിലാക്കിയെങ്കിലോ എന്നു അയാൾ ഭയപ്പെട്ടു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ അമ്മ ഉറങ്ങിക്കിടക്കുന്ന പൌത്രൻെറ തലയിലും, കവിളിലും പതുക്കെ തലോടിക്കൊണ്ടു്, വാത്സല്യം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു. "വൃന്ദാവനാ, എൻെറ വംശത്തിനു വിളക്കായ ഈ അമ്മയില്ലാത്ത കുട്ടിയെ വിചാരിച്ചാണു് ഞാൻ ഇവിടെ നിന്നു ഒരടിയെങ്കിലും പുറമെ എടുത്തു വെയ്ക്കാത്തതു്. എന്നാൽ ഇന്നു് എൻെറ തലയിൽനിന്നു വലിയൊരു ഭാരം നീങ്ങിയതുപോലെ തോന്നുന്നു. നീ അവളെ വേഗം വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു വരു. അവളുടെ പക്കൽ എല്ലാം ഏല്പിച്ചതിന്നുശേഷം, കുറച്ചുകാലം കാശിയിലോ വൃന്ദാവനത്തിലോ പോയി താമസിയ്ക്കണമെന്നാണു് എൻെറ ആഗ്രഹം."

വിശ്വാസവും, ആശയും നിറഞ്ഞ ഹൃദയത്തോടെ വൃന്ദാവനൻ, "അവൾ വരുമോ?" എന്നു ചോദിച്ചു.

അമ്മ സംശയമില്ലാതെ പറഞ്ഞു. "അവൾ തീർച്ചയായും വരും. അവൾ വന്നതിന്നു ശേഷം എനിയ്ക്കു വിശ്രമം കിട്ടും. വൃന്ദാവനാ, ഞാൻ ഇത്രയും ദിവസമാ-

യിട്ടു അവിടെ പോകാത്തതു് എന്റെ കൈയിൽ തെററാണു്. വരുമ്പോൾ എന്റെ കൈയിലുള്ള സ്വർണ്ണവള അവളുടെ കൈകളിലിട്ടു് ആശീർവ്വദിച്ചിട്ടാണു് ഞാൻ വന്നതു്. അവൾ എന്നെ കുമ്പിട്ടു. അപ്പോൾ എന്റെ തലയിൽ നിന്നു ഒരു ഭാരം ഇറക്കിവെച്ചതുപോലെ എനിയ്ക്കു തോന്നി. നീ നല്ലൊരു ദിവസം നോക്കി നമ്മുടെ ഗൃഹലക്ഷ്മിയെ ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടു വരൂ."

വൃന്ദാവനൻ കുറച്ചുനേരം ഒന്നും മിണ്ടിയില്ല. പിന്നെ അമ്മയുടെ അഭിപ്രായമറിവാൻവേണ്ടി ഇങ്ങിനെ പറഞ്ഞു. "അവൾ നാം ക്ഷണിച്ചിട്ടും ഇങ്ങോട്ടു വന്നില്ലെങ്കിലോ?"

അമ്മ:—"എന്താ വരാതിരിയ്ക്കാൻ ? എനിയ്ക്കു അവൾ വന്നില്ലെങ്കിലോ എന്ന ഭയമില്ല.

വൃന്ദാ:—"എന്താ ഭയമില്ലാതിരിയ്ക്കുവാൻ?"

അമ്മ:—"മകനേ, എനിയ്ക്കു തങ്കം തങ്കമാണെന്നു മനസ്സിലാക്കാൻ കഴിയും. അവൾ പത്തരമാററു തങ്കമാണെന്നു പറയുവാൻ സാധിക്കില്ലെങ്കിലും, പിച്ചളയോ, ചെമ്പോ അല്ലെന്നു പറയുവാൻ സാധിയ്ക്കും. അങ്ങിനെയല്ലെങ്കിൽ അവളെ ഈ ഗൃഹത്തിലേയ്ക്കു കൊണ്ടുവരേണ്ട കാര്യത്തെപ്പററി ഞാൻ ഒന്നും പറയുമായിരുന്നില്ല. അതിരിയ്ക്കട്ടെ. അവൾ നിന്നോടു് സാധാരണ സംസാരിയ്ക്കാറുണ്ടോ?"

വൃന്ദാവനൻ:—"ഇല്ല. ഒരിയ്ക്കലുമില്ല. ഇന്നു് എന്തോ ബുദ്ധിമുട്ടു നേരിട്ടതുകൊണ്ടു് സംസാരിച്ചതാണു്."

അമ്മ:—(കുറച്ചുനേരം ആലോചിച്ച്) മകനെ, അതു ശരിതന്നെ. ആപത്തിലകപ്പെടുമ്പോഴാണ് എല്ലാവരും ദൈവത്തേയും, ബന്ധുക്കളേയും ഓൎമ്മിയ്ക്കുന്നതു്. ഞാനും ഒരു സ്ത്രീ തന്നെ. എന്നിട്ടും അവർ എന്നോടൊന്നും പറഞ്ഞില്ലല്ലോ."

വൃന്ദാവനൻ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. അമ്മ തുടൎന്നു പറഞ്ഞു. "എനിയ്ക്കു ഇനിയൊരു കൃത്യം കൂടിയുണ്ട്. അതു കുഞ്ജനാഥന്റെ വിവാഹം നടത്തുകയാണ്. അവന്റെ സ്വഭാവം കണ്ടില്ലേ? പലരേയും ക്ഷണിച്ചു വരുത്തി എങ്ങിനെയെങ്കിലുമാകട്ടെ എന്നു കരുതി വീട്ടിൽ നിന്നു ഇറങ്ങിപ്പോയല്ലോ. മിടുക്കതന്നെ"!

വൃന്ദാവനൻ ആ സംഭവമോൎത്ത് പുഞ്ചിരിയിട്ടു.

അമ്മ പിന്നേയും പറഞ്ഞു. "കുസുമയെ അവന്നു വലിയ ഭയമാണെന്നു തോന്നുന്നു. ജ്യേഷ്ഠനാണെങ്കിലും അവൻ അനുജനേപ്പോലെ പെരുമാറുന്നു. ചിലരുടെ യോഗം എന്നല്ലാതെ എന്തു പറയട്ടെ. കുസുമ അവന്റെ സഹോദരിയാണെങ്കിലും സ്വഭാവത്തിന്നെന്തു വ്യത്യാസം? അവളുടെ ശാന്തസ്വഭാവവും, ധൈൎയ്യവും ദുൎല്ലഭം പേൎക്കേ കാണുകയുള്ളൂ. അങ്ങിനെയുള്ളവരാണ് ഒരു ഗൃഹത്തിന്നലങ്കാരമായിത്തീരുക. ഒരുനേരം മാത്രമേ കണ്ടുപരിചയിച്ചിട്ടുള്ളുവെങ്കിലും അവളുടെ സ്വഭാവം മനസ്സിലാക്കുവാൻ എനിയ്ക്കു പ്രയാസമുണ്ടായില്ല. അവിടെ നിന്നു പോന്നതിൽ പിന്നെ അവളെ ഇനിയെന്നാണ് കാണുക എന്ന വിചാരം മാത്രമേ എനിയ്ക്കുണ്ടായിട്ടുള്ളൂ."

വൃന്ദാവനനു് കസുമയെപ്പററി പിന്നെയൊന്നും പറയണമെന്നുണ്ടായിരുന്നില്ല. അതുകൊണ്ടു് പിന്നെ ഇങ്ങനെ പറഞ്ഞു, "അമ്മ കുഞ്ജനാഥനെപ്പററി എന്തോ പറഞ്ഞുവല്ലോ. അതെന്താണു് പറയൂ".

അമ്മ:—"അതു പറഞ്ഞില്ലല്ലോ. കസുമയെ ഇങ്ങോട്ടു കൊണ്ടു വരുന്നതിന്നു മുമ്പു് കുഞ്ജനാഥൻെറ വിവാഹം നടത്തേണ്ടതു് നമ്മുടെ കടമയാണു്. നീ വണ്ടിക്കാരനോടു് നാളെ രാവിലെ വണ്ടി കൊണ്ടു വരാൻ പറയണം. നടലാങ്കാപുരം വരെ ഒന്നു പോയിവന്നാൽ കാൎയ്യമൊക്കെ ശരിപ്പെടും. അവിടെയുള്ള ഗോകുലൻെറ മകൾ കുഞ്ജനാഥനു് പററിയവളാണു്. അല്പം കറുപ്പാണെങ്കിലും ലക്ഷണമുള്ള കുട്ടിയാണു്. എന്നുമാത്രമല്ല—"

അമ്മയുടെ വാക്കുകൾ അവസാനിയ്ക്കുന്നതിന്നു മുമ്പു് വൃന്ദാവനൻ പറഞ്ഞു. "എന്നു മാത്രമല്ല അവൾ ഗോകുലൻെറ ഏകപുത്രിയാണു്. അച്ഛൻ കുറച്ചു സ്വത്തും സമ്പാദിച്ചിട്ടുണ്ടു്"

അമ്മ:—"അതുതന്നെയാണു് ഞാൻ പറയുന്നതു്. കുറച്ചു സ്വത്തില്ലെങ്കിൽ കുഞ്ജനാഥൻ കഷ്ടപ്പെടും. അവൻ പണിയെടുത്തിട്ടാണു് ഇപ്പോൾ കഴിയുന്നതു്. ഞാനൊന്നു അവിടെ പോയി വരട്ടെ."

വൃന്ദാവനൻ:—"അമ്മ പോയാൽ വെറും കയ്യോടെ മടങ്ങിവരില്ലെന്നു എനിയ്ക്കറിയാം. ഞാൻ അടുത്ത ദിവസത്തിലെങ്ങാനും നല്ല മുഹൂൎത്തമുണ്ടോ എന്നു നോക്കട്ടെ."

## IV

കുഞ്ജനാഥൻെറ വിവാഹത്തിന്ന് വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തതിന്നു ശേഷം വൃന്ദാവനൻെറ അമ്മ വൈകുന്നേരം മൂന്നു മണിയ്ക്കു വീട്ടിൽ മടങ്ങിവന്നു.

ചാവടിയിൽ കുട്ടികൾ വരിവരിയായിരുന്നു പാഠം ചൊല്ലിക്കൊണ്ടിരുന്നു. വൃന്ദാവനൻ അവർ ചൊല്ലുന്നതു നോക്കിയിരുന്നു. അപ്പോഴാണ് വൃന്ദാവനൻെറ അമ്മ കയറിപ്പോയ കാളവണ്ടി മടങ്ങിവന്നതു്. അതിൽനിന്നു ഇറങ്ങി ചരണൻ അച്ഛൻെറ അടുക്കലേയ്ക്കു ഓടിവന്നു. അവൻ മുത്തശ്ശിയോടൊപ്പം ഒരു അമ്മായിയെ അന്വേഷിയ്ക്കാൻ പോയതായിരുന്നു. വൃന്ദാവനൻ തൻെറ പുത്രനെ വാരിയെടുത്തു വണ്ടിയുടെ അടുക്കലേയ്ക്കു വന്നു. അമ്മ വണ്ടിയിൽ നിന്നിറങ്ങി. അവരുടെ മുഖത്തുള്ള സന്തോഷം കണ്ടപ്പോൾ കാൎയ്യം സാധിച്ചുവെന്നു വൃന്ദാവനൻ മനസ്സിലാക്കി. അമ്മേ, മുഹൂൎത്തം എന്നാണു്?" എന്നു വൃന്ദാവനൻ ചോദിച്ചു.

"ഈ മാസം അവസാനിയ്ക്കുന്നതിന്നു മുമ്പു തന്നെ വിവാഹം നടക്കും. ഇതിനെപ്പററി കുറെ അധികം പറയാനുണ്ടു്" എന്നു ചിരിച്ചു കൊണ്ടു പറഞ്ഞു് അമ്മ അകത്തേയ്ക്കു പോയി.

മകൻെറ ഭാൎയ്യ വീട്ടിലേയ്ക്കുവരും; അങ്ങിനെ തൻെറ ചുമതലയെല്ലാം തീരും എന്നു വിചാരിച്ചു അവൎക്കു സീമാതീതമായ സന്തോഷമുണ്ടായിരുന്നു. കുസുമ വീട്ടുകാൎയ്യങ്ങൾ നോക്കാൻ മതിയായവളാണെന്നസംഗതി ഒരു ദിവ

സത്തെ പരിചയം കൊണ്ടു് അറിയുവാൻ അവൎക്കു പ്രയാസമുണ്ടായില്ല. "ഇനിയെന്നും വിചാരിപ്പാനില്ല. എനിയ്ക്കും എന്റെ മകനും ബുദ്ധിമുട്ടൊന്നുമുണ്ടാവില്ല. സുഖമായി കാലം കഴിയ്ക്കാം. മകന്റെ ഭാൎയ്യയെ വീട്ടുകാൎയ്യങ്ങൾ ഏല്പിച്ചു തീൎത്ഥയാത്രയ്ക്കു പോകാം" എന്നായിരുന്നു അവരുടെ വിചാരം. ബാക്കി കാൎയ്യങ്ങളെല്ലാം അവൎക്കു നിസ്സാരമായിത്തോന്നി. ഗോകുലന്റെ പത്നി പറഞ്ഞ നിബന്ധനകളെല്ലാം സമ്മതിച്ചു്, വിവാഹത്തിന്നുള്ള ചെലവെല്ലാം താൻതന്നെ ചെയ്യാമെന്നു പറഞ്ഞിട്ടാണു് അവർ വന്നതു്.

അതുവരെ വൃന്ദാവനന്റെ അമ്മ ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല. മററുള്ളവരുടെ വീട്ടിൽപ്പോയി അവർ ഒന്നും കഴിക്കാറില്ല എന്നു വൃന്ദാവനന്നറിയാമായിരുന്നു. വിദ്യാൎത്ഥികളെ പറഞ്ഞയച്ചതിന്നുശേഷം അകത്തുവന്നു നോക്കിയപ്പോൾ അമ്മ ഭക്ഷണത്തിനൊന്നും ഒരുക്കാതെ വെറുതെയിരിയ്ക്കുന്നതു വൃന്ദാവനൻ കണ്ടു.

വൃന്ദാവനൻ.—"വിശപ്പോട്ടുകൂടി ആലോചിച്ചാൽ ഒന്നും നേരെയാവില്ല. മററു കാൎയ്യങ്ങളെല്ലാം പിന്നെ നോക്കാം. ആദ്യം എന്തെങ്കിലും ഭക്ഷണം കഴിയ്ക്കാൻ ശ്രമിയ്ക്കണ്ടേ?"

അമ്മ:—"ഇനി വെപ്പും ഊണുമൊക്കെ വൈകുന്നേരം മതി. ഞാൻ നേരമ്പോക്കു പറയുകയല്ല. ഇനി അതിനൊക്കെ നേരമുണ്ടോ? കുഞ്ജനാഥന്റെ കൈയിൽ കാശും പണവുമില്ല. എല്ലാം നാം

തന്നെ ചെലവുചെയ്യണം. വധുവിൻെറ അമ്മ വലിയ കണിശക്കാരിയാണ്. ഒരു കാൎയ്യവും വിട്ടു നാമട്ടിലല്ല. എന്നാൽ ഞാനും ഒട്ടും കുറച്ചില്ല. ഇതാനോക്കൂ! കുഞ്ജനാഥൻ വന്നുകഴിഞ്ഞു. വരൂ കുഞ്ജനാഥാ, നീ നൂറുവയസ്സിലധികം ജീവിച്ചിരിയ്ക്കും. ഇരിക്കൂ. ഞങ്ങൾ നിന്നെപ്പററി സംസാരിച്ചുകൊണ്ടിരിയ്ക്കുകയാണ്. അപ്പോഴെയ്ക്ക് വന്നുവല്ലോ."

കുഞ്ജനാഥൻ ഇങ്ങിനെ തന്നെ ബഹുമാനിയ്ക്കുന്നതു കണ്ട് ആദ്യം പരിഭ്രമിച്ചു. അവരെയെല്ലാം ക്ഷണിച്ചു വരുത്തിയ അവസരത്തിൽ താൻ വീട്ടിൽ ഉണ്ടാകാതിരുന്നതിനെപ്പററി ശകാരിയ്ക്കുമെന്നാണ് അവൻ വിചാരിച്ചിരുന്നതു്. തൻെറ പരിഭ്രമം പുറത്തു കാണിയ്ക്കാതെ കുഞ്ജനാഥൻ അടുത്തു് ഇരുന്നു.

വൃന്ദാവനൻ:—കുഞ്ജനാഥാ, നീയെങ്ങിനെയാണ് ഈ വൎത്തമാനമറിഞ്ഞതു്. നാളെവന്ന് വൎത്തമാനമറിഞ്ഞാലും മതിയായിരുന്നല്ലൊ?"

വൃന്ദാവനൻെറ അമ്മ പതുക്കെ ചിരിച്ചു. എന്നാൽ അവർ പറയുന്നതിൻേറയും, പുഞ്ചിരിയിടുന്നതിൻേറയും അൎത്ഥം എന്താണെന്ന് കുഞ്ജനാഥന്നു മനസ്സിലായില്ല. അവൻ കണ്ണുകൾ അല്പം ചിമ്മിക്കൊണ്ടു പറഞ്ഞു. "എൻെറ ഭഗവാനെ, അവളെൻെറ അന്തൎജ്ജനമോ, പോലീസ്സ് ഇൻസ്പെക്ടരോ?"

വൃന്ദാവനൻ മുഖം തിരിഞ്ഞു ചിരിച്ചു. അമ്മ സന്തോഷത്തോടെ, "ശരിതന്നെ. കുസുമ എന്തോ കാൎയ്യത്തിന്നുവേണ്ടി തൻെറ ജ്യേഷ്ഠനെ പറഞ്ഞയച്ചതായിരിയ്ക്കണം."

കുഞ്ജനാഥൻ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. അവൻ ഗാംഭീൎയ്യത്തോടെ, "അതിരിയ്ക്കട്ടെ. അമ്മേ, ഇതെന്തുമറവിയാണ്. കുസുമയല്ലാതെ വേറെ വല്ല സ്ത്രീയുമാണ് ഇതുകണ്ടിരുന്നതെങ്കിലത്തെ സ്ഥിതിയെന്താണ്?" എന്നു ചോദിച്ചു.

വൃന്ദാവനനും അമ്മയും അവൻ പറയുന്നതിൻെറ അൎത്ഥം മനസ്സിലാകാതെ മിഴിച്ചിരുന്നു. വൃന്ദാവനൻ ഒടുവിൽ ചോദിച്ചു. "ശരിതന്നെ കാൎയ്യമെന്താണ്!"

കാൎയ്യം പെട്ടെന്നു പറഞ്ഞു അതിൻെറ ഗൌരവം കുറയ്ക്കേണ്ട എന്നു കരുതി വൃന്ദാവനൻ ചോദിച്ചതിന്നു കുഞ്ജനാഥൻ പറഞ്ഞു. "അതുപറഞ്ഞാൽ എനിയ്ക്കു എന്തുതരും. അതുകേട്ടേ പറയൂ."

വൃന്ദാവനൻെറ അമ്മ, "ഈ വീടു നിൻേറതുതന്നെയാണല്ലോ. ഇവിടെയുള്ളതു് എന്തും എടുക്കാമല്ലോ" എന്നുപറഞ്ഞു.

കുഞ്ജനാഥൻ:—"അതുപിന്നെയാകട്ടെ. ഒന്നാമതു് നിങ്ങളുടെ സാമാനം വല്ലതും കളവുപോയിട്ടുണ്ടോ എന്നു പറയൂ."

വൃന്ദാവനൻെറ അമ്മ:—(പരവശമായമുഖഭാവത്തോടെ) "എൻെറ യാതൊരു സാമാനവും കാണാതെ പോയിട്ടില്ലല്ലോ."

ഇതുകേട്ടപ്പോൾ കുഞ്ജനാഥൻ ഉറക്കെ ചിരിച്ചു. തൻെറ മടിയൽനിന്നു രണ്ടുസ്വർണ്ണവളയെടുത്തു കാണിച്ചു്, "എന്നാൽ ഈ സ്വർണ്ണവളകൾ നിങ്ങളുടേതല്ലേ?" എന്നുചോദിച്ചു തൻെറ സാമൎത്ഥ്യം വെളിപ്പെടുത്തി.

തലേദിവസം ഇതേ സമയത്തു് വൃന്ദാവനൻെറ അമ്മ കുസുമയുടെ കൈകളിൽ വളരെ സ്നേഹത്തോടുകൂടി ആശീൎവ്വദിച്ചു് അണിയിച്ച സ്വർണ്ണവളകളാണിവ. ഇന്നു ആ നേരമാകുമ്പോഴേയ്ക്കു് കുസുമ ആസ്വർണ്ണവളകൾ നിഷ്കളങ്കഹൃദയനായ സഹോദരൻെറ കൈയിൽ മടക്കി അയച്ചുവെന്നു വൃന്ദാവനനും അമ്മയും മനസ്സിലാക്കി.

അമ്മയുടെ മുഖത്തുനോക്കിയപ്പോൾ വൃന്ദാവനനു ലജ്ജയും ഭയവും തോന്നി. അവരുടെ മുഖത്തു ഒരുതുള്ളി രക്തംപോലുമില്ല. നിൎജ്ജീവമായ ആ മുഖത്തു പ്രകാശിച്ച പരവശഭാവം വൃന്ദാവനനെ വ്യാകുലനാക്കി. സായാഹ്നത്തിലെ മങ്ങിയവെളിച്ചത്തിൽ ആ മുഖത്തുള്ള ദയനീയഭാവം പ്രത്യക്ഷമായിരുന്നു. വൃന്ദാവനൻെറ ഹൃദയത്തിൽ ആ സമയത്തു എന്തെല്ലാം വികാരങ്ങളുണ്ടായി എന്നു വിവരിച്ചു പറയുവാൻ പ്രയാസമായിരുന്നു. എങ്കിലും അതൊന്നും പുറമെകാണിയ്ക്കാതെ, അമ്മയുടെ അടുക്കെ ചെന്നു്, അമ്മേ, ഇതു നമ്മുടെ ഭാഗ്യമാണു്. ദൈവത്തിൻെറ അനുഗ്രഹം കൊണ്ടാണു് നമ്മുടെ ധനം പോകാതെ നമുക്കുതന്നെ കിട്ടിയതു്. ഇതു് അമ്മയുടെ കൈകളിലിട്ടിരുന്ന വളകൾ തന്നെയല്ലെ? ഇതു് അവൾക്കു കിട്ടിയാലും തിരിച്ചു തരേണ്ടതല്ലേ?" എന്നുപറഞ്ഞു സമാധാനിപ്പിച്ചു.

കുസുമ വളകൾ തിരിയെ അയച്ചതെന്തിനായിരിയ്ക്കു മെന്നു ആലോചിച്ചുകൊണ്ടിരുന്നതിനാൽ അമ്മ ഒന്നും പറഞ്ഞില്ല. വൃന്ദാവനൻ കുഞ്ജനാഥൻെറ കൈ പിടിച്ചു "വരൂ. നമുക്കു പുറത്തുപോയി ഇരിയ്ക്കാം." എന്നു പറഞ്ഞു.

കുഞ്ജനാഥൻ ഒരു പാവമാണു്. അതുകൊണ്ടാണു് നട്ടുച്ചവെയിലത്തു് നടന്നു ഇത്ര ദൂരം വന്നതു്. അന്നു മദ്ധ്യാഹ്ന ഭക്ഷണം കഴിഞ്ഞ ഉടനെ കുസുമ അവൻെറ അടുത്തുവന്നു്, ജ്യേഷ്ഠാ, അവർ ഇന്നലെ ഇവിടെ വന്നപ്പോൾ മറന്നുവെച്ചുപോയതാണു് ഈ വള രണ്ടും. ഇതു് അവരുടെ കൈയിൽത്തന്നെ കൊണ്ടുപോയിക്കൊടുത്തേക്കൂ." എന്നു പറഞ്ഞു. പിന്നെ ഒന്നും ആലോചിയ്ക്കാതെ കുഞ്ജനാഥൻ ആ വളകളും കൈയിൽവാങ്ങി വൃന്ദാവനൻെറ വീട്ടിലേയ്ക്കു നടന്നു.

അനുജത്തി പറഞ്ഞതു ശരിയാണോ എന്നു കുഞ്ജനാഥൻ ആലോചിച്ചില്ല. ഇത്രയും വിലപിടിച്ച ആഭരണം ആരെങ്കിലും ഒരാൾക്കു വെറുതെ കൊടുക്കുമോ? അങ്ങിനെ കൊടുത്താൽ തന്നെ ആരെങ്കിലും അതു തിരിയെ അയയ്ക്കുമോ? ഇങ്ങിനെയുള്ള സംഗതികളൊക്കെ അവൻെറ ബുദ്ധിക്കു എത്താത്തതായിരുന്നു. അവൻ വൃന്ദാവനൻെറ വീട്ടിലേയ്ക്കു വരുമ്പോൾ, 'അവർ കളഞ്ഞുപോയ മുതലു കിട്ടിയതുകൊണ്ടു സന്തോഷിയ്ക്കും. എന്നെ അനുഗ്രഹിയ്ക്കും" എന്നൊക്കെ വിചാരിച്ചു. അതെല്ലാം വെറുതെയായി.

വള തിരിയെക്കൊണ്ടുവന്നു കൊടുത്തതുകൊണ്ടു വൃന്ദാവനൻെറ അമ്മയ്ക്കു തൃപ്തിയായോ ഇല്ലയോ എന്നുകൂടി അറിയുവാൻ സാധിച്ചില്ല. അവരുടെ വായിൽനിന്നു സന്തോഷത്തെ സൂചിപ്പിയ്ക്കുന്ന ഒരു വാക്കുംപോലും പുറപ്പെട്ടില്ല. അവർ അനുഗ്രഹിയ്ക്കുകയോ, ആശ്ചര്യപ്പെടുകയോ ചെയ്തില്ല. വൃന്ദാവനൻ തന്നെ പുറത്തേയ്ക്കു കൂട്ടിക്കൊണ്ടു വന്നതെന്തിനാണെന്നു അവന്നു മനസ്സിലായില്ല. അതു ലജ്ജിക്കത്തക്ക ഒരു സംഗതിയായിട്ടാണു് അവന്നു തോന്നിയതു്. പിന്നെ വൃന്ദാവനൻ ഒന്നും പറഞ്ഞില്ല. അയാം സംസാരിയ്ക്കത്തക്ക സ്ഥിതിയിലായിരുന്നില്ല. ഹൃദയം അവമാനമാകുന്ന അഗ്നിയിൽ വെന്തെരിയുമ്പോം എന്താണു് പറയേണ്ടതു്? തന്നെ മാത്രമല്ല, അമ്മയേയും കുസുമ അവമാനിച്ചതായി വൃന്ദാവനൻ വിചാരിച്ചു.

തൻെറ അവമാനത്തേക്കാം അമ്മയ്ക്കു നേരിട്ട മാനക്കേടാണു് വൃന്ദാവനനെ സങ്കടപ്പെടുത്തിയതു്. എത്രയോ നല്ല ഉദ്ദേശത്തോടുകൂടിച്ചെയ്ത പ്രവൃത്തിയ്ക്കും ഇങ്ങിനെ വിപരീതഫലമുണ്ടാകുന്നതു കാലവ്യത്യാസം കൊണ്ടോ പുണ്യത്തിൻെറ കുറവുകൊണ്ടോ ആയിരിയ്ക്കാമെന്നു അയാം സമാധാനിച്ചു. അമ്മയുടെ വിളറിയ മുഖം ഇനിയെങ്ങിനെയാണു് നോക്കുന്നതു്. മററു ദുഃഖങ്ങളെല്ലാം ഒരു വിധം മറക്കാം. എന്നാൽ അവമാനവും ഇച്ഛാഭംഗവും അതുപോലെയാണോ?

നേരം ഇരുട്ടായിത്തുടങ്ങി. അതുകൊണ്ടു കുഞ്ജനാഥൻ എഴുന്നേററു് "ഞാൻ വീട്ടിലേയ്ക്കു പോകട്ടെ." എന്നുപറഞ്ഞു.

വൃന്ദാവനൻ ഞെട്ടിയുണൎന്നിട്ടെന്നപോലെ, "എന്നാൽ അങ്ങിനെയാകട്ടെ. ഇനിയൊരു ദിവസം തീൎച്ചയായും വരണം", എന്നു പറഞ്ഞു കുഞ്ജനാഥനെ യാത്രയാക്കി.

കുഞ്ജനാഥൻ എഴുനേററു പോയതിന്നുശേഷം, വൃന്ദാവനൻ അവിടെത്തന്നെ പലതും ആലോചിച്ചുകൊണ്ടിരുന്നു. അമ്മയുടെ ആശകളും, വിശ്വാസങ്ങളും, ഭാവികാലത്തെപ്പററിയ വിചാരങ്ങളും എല്ലാം തകൎന്നു മണ്ണടിഞ്ഞു. അവരെ എങ്ങിനെയാണു് സമാധാനപ്പെടുത്തേണ്ടതു്?" എന്നായിരുന്നു വൃന്ദാവനന്റെ വിചാരം.

ഒരു സന്ന്യാസിയെപ്പോലെ പരിശുദ്ധയായ അമ്മയെ അവമാനിച്ചു, അവരുടെ ആഗ്രഹങ്ങളെ തകൎത്തു് ദുഃഖിപ്പിച്ച കുസുമയെ അപ്പോഴും വൃന്ദാവനൻ വെറുത്തിരുന്നില്ലെന്നതു വലിയ ആശ്ചൎയ്യമാണു്.

---

## V

ഒരു നേരത്തെ പരിചയംകൊണ്ടു വൃന്ദാവനന്റെ അമ്മ കുസുമയുടെ സ്വഭാവം മനസ്സിലാക്കിയതുപോലെ, കുസുമയും അവരുടെ സ്വഭാവം മനസ്സിലാക്കിയിരുന്നു. കുസുമയ്ക്കു അതിന്നുള്ള സാമൎത്ഥ്യം ധാരാളമുണ്ടായിരുന്നു.

കുസുമയുടെ ഹൃദയം സന്തോഷത്താലും, ആശയാലും നിറഞ്ഞിരുന്നില്ല. അവർ തന്നെത്താനറിയാതെ സ്നേഹ

ത്താൽ ബദ്ധയായിത്തീൻ എന്നതു വാസ്തവം തന്നെ. ആ ബന്ധത്തെ തൻെറ കൈകൊണ്ടുതന്നെ അവരത്തെ റിഞ്ഞു്, അവൾ ആ വളകൾ സഹോദരൻെറ കൈയിൽ കൊട്ടത്തയച്ചു. ഒന്നുമറിയാത്ത കുഞ്ജനാഥൻ അതെടുത്തു കൊണ്ടുപോയി. എന്നാൽ ജ്യേഷ്ഠൻ പോയ ഉടനെ അവളുടെ ഭാവമെല്ലാം മാറി. ഹൃദയത്തിൽ ഒരമ്പു തറ ച്ചതുപോലെയുണ്ടായ വേദന സഹിയ്ക്കുവാൻ അവൾ ശക്തയായില്ല. അറയിൽ ചെന്നുകിടന്നു അവൾ കര യുവാൻ തുടങ്ങി. "നിർദ്ദാക്ഷിണ്യത്തെ കാണിയ്ക്കുന്ന ഈ പ്രവൃത്തികൊണ്ടു് അവരുടെ സ്ഥിതിയെന്തായി ത്തീരും? അവക്കു എത്ര ദുഃഖമുണ്ടാകും? അവർ എന്നെ പ്പററി എന്തു വിചാരിയ്ക്കും? ഇതു മര്യാദയായോ?" ഈ മാതിരി വിചാരങ്ങളാണു് അവളുടെ ഹൃദയത്തിലൂടി ച്ചതു്. ജ്യേഷ്ഠൻ വള കൊടുക്കുന്നതും, വൃന്ദാവനൻെറ അമ്മ വിളറിയ മുഖത്തോടുകൂടി അതു വാങ്ങുന്നതും അവൾ മനോദൃഷ്ടിയുടെ മുമ്പിൽ കണ്ടു.

അന്ധകാരം കുസുമയുടെ ഹൃദയത്തിലെന്നപോലെ പുറമേയും പരന്നു. കുഞ്ജനാഥൻ ഇരുട്ടായതിനുശേഷം മടങ്ങിവന്നു. വീട്ടിൽ വിളക്കു കത്തിയ്ക്കാത്തതുകണ്ടു് അയാൾ കുസുമയുടെ അടുത്തുചെന്നു്, "എന്താ വിളക്കു കത്തിയ്ക്കാത്തതു്? എന്നു ചോദിച്ചു.

ജ്യേഷ്ഠൻെറ ശബ്ദം കേട്ടു് കുസുമ എഴുന്നേററു. അവൾ അറയിൽനിന്നു പുറത്തുവന്നു്, "ഇതാ വിളക്കു കത്തിച്ചുകൊണ്ടുവരാം. ജ്യേഷ്ഠനെപ്പോഴാണു് വന്നതു്" എന്നു ചോദിച്ചു.

"ഇതാ ഇപ്പോൾ വന്നിട്ടേയുള്ളു." എന്നു പറഞ്ഞു കുഞ്ഞുനാഥൻ ഹുക്കയിൽ പുകയില നിറയ്ക്കാൻ പോയി.

പതിവുപോലെ കുഞ്ഞുനാഥനു ഭക്ഷണം വിളമ്പി കൊടുത്തതിനുശേഷം കുസുമ അടുത്തിരുന്നു. കുഞ്ഞുനാഥൻ എന്തോ ആലോചിച്ചുകൊണ്ടു ഭക്ഷണം കഴിച്ചു; ഒന്നും സംസാരിച്ചില്ല. എല്ലാ ദിവസവും ഓരോ വത്തമാനം പറയാറുള്ള ജ്യേഷ്ഠൻ ഇന്നു് ഒന്നും പറയാതിരിയ്ക്കുന്നതു കണ്ടപ്പോൾ കുസുമയ്ക്കു ആശ്ചയ്യവും, സംശയവുമുണ്ടായി.

കുഞ്ഞുനാഥനു് ഇഷ്ടമല്ലാത്ത എന്തോ സംഭവം നടന്നിരിയ്ക്കണമെന്നുള്ള കാര്യ്യം തീച്ചയാണു്. അതെങ്ങിനെയാണു് സംഭവിച്ചതു് എന്നാണു് അറിഞ്ഞുകൂടാത്തതു്. വൃന്ദാവനൻെറ വീട്ടിൽ കുഞ്ഞുനാഥൻ ചെന്നതിന്നു ശേഷമുണ്ടായ സംഭവങ്ങളറിയുവാൻ അവൾക്കു ബദ്ധപ്പാടായി. അവിടെപോയി വന്നതുകൊണ്ടു് എന്തോ അവമാനം നേരിട്ടതുപോലെയാണു് ജ്യേഷ്ഠൻെറ പെരുമാററം. നിസ്സാരമായ വല്ലസംഗതിയുമാണെങ്കിൽ കുഞ്ഞുനാഥനു അറിയുവാൻ സാധിക്കില്ല. അതു പറയാതിരിയ്ക്കുന്ന സ്വഭാവവും അയാൾക്കില്ല. അതുകൊണ്ടു് പറയാൻ പാടില്ലാത്ത എന്തോ അവമാനമാണു് പററിയതു് എന്നു മനസ്സിലാക്കാം. ഭക്ഷണം കഴിഞ്ഞ ഉടനെ അയാൾ എഴുന്നേററു നടന്നു. കുസുമയ്ക്കു പിന്നേയും ക്ഷമിച്ചിരിയ്ക്കുവാൻ സാധിച്ചില്ല. അവൾ അടുത്തു ചെന്നു്, "ജ്യേഷ്ഠൻ ആ വള ആരുടെ കൈയിലാണു് കൊടുത്തതു?" എന്നു ചോദിച്ചു.

കുഞ്ജനാഥൻ ആശ്ചര്യത്തോടെ, "ആരുടെ കൈയിലാണു് കൊടുക്കേണ്ടതു്? വൃന്ദാവനൻെറ അമ്മയുടെ കൈയിൽ തന്നെയാണു് കൊടുത്തതു്" എന്നു പറഞ്ഞു.

കുസുമ:—"അവരെന്തേ പറഞ്ഞതു്"

കുഞ്ജനാഥൻ:—"ഒന്നും പറഞ്ഞില്ല." എന്നു പറഞ്ഞു അയാൾ പുറത്തേയ്ക്കു നടന്നു.

പിറെറ ദിവസം കുഞ്ജനാഥൻ വ്യാപാരത്തിന്നു പോകുമ്പോൾ കുസുമയെ വിളിച്ചു, "ആ അമ്മയ്ക്കെന്തുപററി! അത്രയും പിലപിടിച്ച സാധനം തിരിയെ കൊടുത്തിട്ടും അവരൊന്നും പറഞ്ഞില്ല. വൃന്ദാവനൻ മാത്രം അമ്മയോടു്, "അമ്മേ നിങ്ങളുടെ വള തിരിയെ കിട്ടിയല്ലോ. ദൈവാധീനം തന്നെ." എന്നു പറഞ്ഞു. ദൈവത്തിൻെറ അനുഗ്രഹം കൊണ്ടാണു് വള തിരിയെ കിട്ടിയതു എന്നാണു് അവരുടെ വിചാരം. ഇതൊക്കെ എന്താണു് കുസുമേ" എന്നു ചോദിച്ചു.

കുസുമയുടെ മുഖം വെളുത്തു. "ഇല്ല. ഒന്നുമില്ല. അവർ അങ്ങിനെയാണോ പറഞ്ഞതു്? സാരമില്ല." എന്നുമാത്രം പറഞ്ഞു.

കുഞ്ജനാഥൻ:—"അതെ. അതെ. അയാൾതന്നെയാണു് പറഞ്ഞതു്. അമ്മ ഒന്നും പറഞ്ഞില്ല. രാവിലെ അവർ എവിടേയോ പോയിരുന്നു. അപ്പോൾ മടങ്ങി വന്നതേയുള്ളൂ. കുളിച്ചിട്ടും ഊണു കഴിച്ചിട്ടുമില്ല. എന്താണു് പറയേണ്ടതു് ചെയ്യേണ്ടതു് എന്നറിയാതെ എൻെറ മുഖത്തു നോക്കിക്കൊണ്ടു്

നിന്നു." ഇത്രയും പറഞ്ഞു കുഞ്ജനാഥൻ തന്റെ തട്ടെടുത്തു പുറമേപോയി. കുസുമ സ്തംഭിച്ചുനിന്നു.

ദിവസം നാലഞ്ചു പിന്നേയും കഴിഞ്ഞു. ഭക്ഷണം മുമ്പത്തേപ്പോലെ സുഖമായി കിട്ടാത്തതുകൊണ്ടു കുഞ്ജനാഥനു കോപം വന്നു. ഒരു ദിവസം ആ സംഗതി വ്യക്തമായി പറഞ്ഞുകളയാമെന്നു അവൻ നിശ്ചയിച്ചു. ഭക്ഷണസാധനങ്ങൾ നീക്കിവെച്ചു അവൻ പറഞ്ഞു. "അന്നൊരു ദിവസം അരി അധികം വെന്തുനാശമായി. ഇന്നു കൂട്ടാൻ കരിഞ്ഞു പുകഞ്ഞിരിയ്ക്കുന്നു. എന്താ കുസുമേ, ഇതൊക്കെ? നീ എന്താണാലോചിച്ചുകൊണ്ടിരിയ്ക്കുന്നതു്? നിന്റെ ശ്രദ്ധയെല്ലാം എവിടെയാണു്?"

കുസുമയ്ക്കു കോപം വന്നു. "എനിയ്ക്കാരും ശമ്പളം തരുന്നില്ല. എനിയ്ക്കു ഇങ്ങിനെയൊക്കെ വെയ്ക്കുവാനേ അറിയുകയുള്ളൂ. ഇനി നല്ലവണ്ണം വെയ്ക്കാനറിയുന്ന വല്ലവരേയും കൊണ്ടുവരുന്നുണ്ടെങ്കിൽ അങ്ങിനെയാകട്ടെ." എന്നു അവൾ പറഞ്ഞു.

കുഞ്ജനാഥനു വിശപ്പു സഹിയ്ക്കാൻ പാടില്ലാത്ത വിധമുണ്ടായിരുന്നു. അതുകൊണ്ടു് അവൻ, "നിന്നെ ഇവിടെ നിന്നു പറഞ്ഞയച്ചിട്ടേ വേറെ ഒരാളെ കൊണ്ടുവരികയുള്ളൂ. അതു താമസിയാതെയുണ്ടാവും. നോക്കിക്കോ" എന്നു പറഞ്ഞുപോയി.

കുസുമയ്ക്കു തലേദിവസം മുതല്ക്കു തന്നെ കരയണമെന്നുണ്ടായിരുന്നു. ഇന്നു കിട്ടിയ നല്ല സന്ദർഭത്തെ അവൾ പാഴാക്കിക്കളഞ്ഞില്ല. ജ്യേഷ്ഠന്നു വിളമ്പിയ ഭക്ഷണം

അങ്ങിനെതന്നെ കിടന്നിരുന്നു. വാതിൽ അടച്ചിരുന്നില്ല. അവൾ വസ്ത്രത്തിൻെറ തല വിരിച്ചു കിടന്നു കരയുവാൻ തുടങ്ങി.

അപ്പോൾ സമയം പത്തു മണിയായിരിയ്ക്കണം. ഒരു മണിക്കൂറുനേരം കരഞ്ഞതിന്നുശേഷം കുസുമ തളൎന്ന് അങ്ങിനെതന്നെ ഉറങ്ങിപ്പോയി. പിന്നെ ആരോ മുററത്തു നിന്നു വിളിയ്ക്കുന്നതിൻെറ ശബ്ദം കേട്ടിട്ടാണ് അവൾ ഉണൎന്നതു്. വൃന്ദാവനൻ മുററത്തുനിന്നു വിളിയ്ക്കുന്നതു കേട്ടു. "കുഞ്ജനാഥാ, കുഞ്ജനാഥാ," എന്നാണ് അയാൾ വിളിച്ചിരുന്നതു്. കുസുമ ഉണൎന്നു എഴുന്നേററു ചെന്നപ്പോൾ മുററത്തു വൃന്ദാവനനേയും, അയാളുടെ വലത്തെ കൈ പിടിച്ചു നില്ക്കുന്ന ഒരു ബാലനേയും കണ്ടു. അവൾ അഴിഞ്ഞുവീണ തലമുടി ശരിപ്പെടുത്തി വാതിലിൻെറ മറവിൽ ചെന്നുനിന്നു. കുസുമ സകലവും മറന്നു വാതിലിൻെറ മറവിൽക്കൂടി കോമളനായ ആ ബാലൻെറ സൌന്ദൎയ്യം നേത്രങ്ങളാൽ പാനം ചെയ്തു.

ആ ബാലൻ വൃന്ദാവനൻെറ പുത്രനാണെന്നു കുസുമ ഊഹിച്ചു. ആ സമയത്തു് ആയിരം കൈകൾ ഉണ്ടായിരുന്നുവെങ്കിൽ അതുകൊണ്ടൊക്കെ ആ കുട്ടിയെ ആലിംഗനം ചെയ്വാൻ കുസുമയ്ക്കു ആഗ്രഹം തോന്നി. അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അവൾക്ക് എന്തെങ്കിലും പറയണമെന്നു ആഗ്രഹം തോന്നിയെങ്കിലും ശബ്ദം പുറപ്പെട്ടില്ല. ഉമ്മറത്തേയ്ക്കു പോകുവാനും അവൾ ധൈൎയ്യപ്പെട്ടില്ല. ഒരു ശിലാപ്രതിമപോലെ കണ്ണിമയ്ക്കാതെ അവൾ നോക്കിനില്ക്കുകമാത്രം ചെയ്തു. യാതൊരു

ശബ്ദവും കേൾക്കാത്തതുകൊണ്ടു വൃന്ദാവനൻ ആശ്ചയ്യ്യപ്പെട്ടു.

അന്നു രാവിലെ ഏതോ കാൎയ്യത്തിന്നുവേണ്ടി വൃന്ദാവനൻ ആ വഴിയ്ക്കുവന്നു. ആ കാൎയ്യം കഴിഞ്ഞു മടങ്ങിപ്പോകുമ്പോൾ കുഞ്ജനാഥന്റെ വീടു തുറന്നു കിടക്കുന്നതു കണ്ടു. അതുകൊണ്ടു കുഞ്ജനാഥൻ അവിടെ ഉണ്ടായിരിയ്ക്കുമെന്നു വിചാരിച്ചാണ് വൃന്ദാവനൻ അങ്ങോട്ടു കയറിയതു്. കുഞ്ജനാഥനോടു ചില സംഗതികൾ പറയാനുണ്ടായിരുന്നു. വീട്ടിൽനിന്നു പുറപ്പെട്ടപ്പോൾ പുത്രനായ ചരണൻ താനുമുണ്ടെന്നു പറഞ്ഞു കൂടെപ്പുറപ്പെട്ടു. വൃന്ദാവനൻ ശബ്ദമൊന്നും കേൾക്കാത്തതുകൊണ്ട്, "ഈ വീട്ടിൽ ആരുമില്ലേ?" എന്നു ചോദിച്ചു.

ആരും ഉത്തരം പറഞ്ഞില്ല. ചരണൻ അച്ഛനോട് "അച്ഛാ, എനിയ്ക്കു ദാഹിയ്ക്കുന്നു. വെള്ളം കുടിയ്ക്കണ"മെന്നു പറഞ്ഞു.

വൃന്ദാവനൻ മകനോട് അല്പം കോപിച്ചുകൊണ്ട്, "ദാഹിയ്ക്കുന്നെങ്കിൽ ദാഹിയ്ക്കട്ടെ. നമുക്കു പോകുമ്പോൾ പുഴയിൽനിന്നു വെള്ളം കുടിയ്ക്കാ"മെന്നു പറഞ്ഞു. കുട്ടി പിന്നെയൊന്നും പറഞ്ഞില്ല.

അഞ്ചാറു ദിവസംമുമ്പു കുസുമ തന്റെ സഹജമായ ലജ്ജയൊതുക്കി വൃന്ദാവനനോട് ആവശ്യമായ ചില സംഗതികൾ പറഞ്ഞു. എന്നാൽ ഇന്ന് അയാളുടെ മുമ്പിൽ വരാൻ തന്നെ അവൾക്കു സാധിച്ചില്ല. ലജ്ജയാൽ അവളുടെ ദേഹം ചുളുങ്ങി. ചരണൻ അന്നു

വെള്ളം ചോദിച്ചില്ലെങ്കിൽ അന്ന അവർ പുറത്തേയ്ക്കു വരുമായിരുന്നുവോ എന്ന തന്നെ സംശയമാണു്. കുറച്ചു നേരം എന്തുവേണമെന്ന സംശയിച്ചു നിന്നതിന്നശേഷം, താഴ്വാരത്തിൽ ഒരു പലക കൊണ്ടുവന്ന വെച്ചു്, ചരണനെ എടുത്തുകൊണ്ടുവെച്ചു അവർ അകത്തേയ്ക്കു പോയി.

കുസുമ കൊണ്ടുവന്ന വെച്ച പലകമേൽ വൃന്ദാവനൻ ഇരുന്നു. അതുവരെ പരിചയമില്ലാത്ത കുസുമയുടെകൂടെ ചരണൻ എങ്ങിനെയാണ് പോയതു് എന്ന അയാൾക്ക മനസ്സിലായില്ല. മകന്റെ സ്വഭാവം വൃന്ദാവനന്ന നല്ലവണ്ണമറിയാം. പരിചയമില്ലാത്തവരുടെ കൂടെ പോകുന്ന സ്വഭാവം അവന്നില്ല. കുട്ടിയ്ക്കു അപ്പോൾ പരിചയക്കേടൊന്നും തോന്നിയില്ലെന്നതു് ആശ്ചര്യം തന്നെ. അച്ഛന്റെ കോപം അറിഞ്ഞിട്ടില്ലാത്ത അവന്ന പെട്ടെന്നുണ്ടായ അനുഭവം ഹൃദയദാരുണമായിത്തോന്നി. അപ്പോൾ ആരോ വന്ന തന്നെ സ്നേഹപൂർവ്വം ആലിംഗനം ചെയ്തു എടുത്തുകൊണ്ടുപോയി എന്ന മാത്രം അവന്നോർമ്മയുണ്ടായി.

ചരണനെ അകത്തേയ്ക്കു കൊണ്ടുപോയതിന്നശേഷം കുസുമ അവന്ന കുറച്ചു വെള്ളം കുടിയ്ക്കാൻ കൊടുത്തു. പിന്നെ അവനെത്തന്നെ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്നു. പല വികാരങ്ങളും അലട്ടിക്കൊണ്ടിരുന്നതിനാൽ അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

ആ ഗാഢാലിംഗനത്തിൽനിന്നു് വിടുവിയ്ക്കാൻ ചരണൻ ശ്രമിച്ചു. അപ്പോൾ "ഞാൻ നിന്റെ അമ്മയല്ലേ?"

എന്ന് കുസുമ ചോദിച്ചു. അവൾക്കു കുട്ടികളെ വലിയ ഇഷ്ടമാണ്. ഏതെങ്കിലും കുട്ടികളെ കണ്ടാൽ അവൾ വാത്സല്യത്തോടുകൂടി എടുക്കും. വല്ല ഭക്ഷണപദാർത്ഥവും അവക്ക് സമ്മാനിയ്ക്കും. എന്നാൽ ചരണനോട്ട് തോന്നിയതുപോലെ ഒരു കുട്ടിയോടും അവൾക്ക് വാത്സല്യം തോന്നിയിട്ടില്ല. ഹൃദയം പിളരുന്നപോലെയുള്ള വേദന അവൾ അനുഭവിച്ചു. "ഇത്രയും സൌന്ദര്യവും ആരോഗ്യവുമുള്ള കുട്ടി എന്റേതായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. എന്തുകൊണ്ട് ഇവൻ എന്റെ കുട്ടിയായില്ല? ആരാണ് ഇതിന്ന് തടസ്ഥമായിത്തീർന്നതു? അമ്മയുടെ കയ്യിൽനിന്നുകുട്ടിയെ അപഹരിയ്ക്കുവാൻ ആർക്കും ണധികാരം? അവളുടെ മാതൃഹൃദയത്തിന്ന് ആ കുട്ടിയെ ആലിംഗനംചെയ്ത് തൃപ്തിയുണ്ടായില്ല. തനിയ്ക്കവകാശപ്പെട്ട നിധിയെ ഇതുവരെ ആരോ അപഹരിച്ചുകൊണ്ടുപോയതുപോലെ അവൾ വിചാരിച്ചു. എന്നാൽ ചരണന്ന് ഈ സ്നേഹപ്രകടനം അത്ര ഇഷ്ടമായിത്തോന്നിയില്ല. തന്നെ ഇങ്ങനെ ഗാഢാലിംഗനത്തിൽ ബന്ധിയ്ക്കുമെന്ന് മുമ്പുതന്നെ അറിഞ്ഞിരുന്നുവെങ്കിൽ അവൻ നദിയിലെ വെള്ളംകൊണ്ടുതന്നെ തന്റെ ദാഹം ശമിപ്പിയ്ക്കുമായിരുന്നു. ഈ സ്നേഹബന്ധത്തിൽനിന്ന് വിടുവിയ്ക്കാൻ ബദ്ധപ്പെട്ടുകൊണ്ട് "എന്നെ വിടൂ" എന്ന് അവൻ പറഞ്ഞു.

കുസുമ അവന്റെ മുഖം പൊന്തിച്ച് "എന്നെ അമ്മേ, എന്നു വിളിയ്ക്കൂ. എന്നാൽ വിടാം" എന്നു പറഞ്ഞു. ചരണൻ "വയ്യ" എന്നാണ് ഇതിന്നു സമാധാനം പറ

ഞ്ഞത്തു്. കുസുമ, "എന്നാൽ നിന്നെ ഞാൻ വിടില്ല." എന്നു പറഞ്ഞപ്പോൾ വേറെ വഴിയില്ലാത്തതിനാൽ ചരണൻ "അമ്മേ" എന്നു ഒരുവിധത്തിൽ വിളിച്ചു.

അപ്പോൾ മുമ്പു് പറഞ്ഞതുപോലെ ചരണനെ വിടുന്നതു് കുസുമയ്ക്കു സങ്കടമായിത്തോന്നി. അവൾ പിന്നെയും ആ കുട്ടിയെ മാറോടണച്ചു കരഞ്ഞു തുടങ്ങി.

നേരം വൈകിയതുകൊണ്ടു് വൃന്ദാവനൻ പുറത്തു നിന്നു വിളിച്ചു ചോദിച്ചു. "ചരണാ, വെള്ളം കുടിച്ചുകഴി ഞ്ഞില്ലേ? നമുക്കു് പോകണ്ടേ?"

"ഇതാ, ഇവർ എന്നെ വിടുന്നില്ല." എന്നു് ചര ണൻ അകത്തുനിന്നു് പറഞ്ഞു.

കുസുമ ആ കുട്ടിയെ എടുത്തുകൊണ്ടു് പുറത്തുവന്നു് ഗദ്ഗദസ്വരത്തിൽ, "ഇന്നു് ചരണൻ ഇവിടെ താമസി ക്കട്ടെ" എന്നു പറഞ്ഞു.

വൃന്ദാവനൻ:—"അവൻ എങ്ങിനെയാണു് ഇവിടെ താമ സിയ്ക്കുന്നതു്? ഒന്നും കഴിച്ചിട്ടില്ല. എന്നുമാത്രമല്ല, അവനെ കൊണ്ടുചെല്ലാഞ്ഞാൽ അമ്മയ്ക്കു് സുഖ മാവില്ല."

കുസുമ:—"ഇന്നു് ഒരു ദിവസമല്ലേ? അവൻ ഇവിടെയി രിയ്ക്കട്ടെ. എനിയ്ക്കു് മനസ്സിന്നു സുഖമില്ല."

വൃന്ദാവനൻ:—"എന്താണു് കാരണം?"

കുസുമ:—"ആവോ? വണ്ടി തിരിയെ അയച്ചേയ്ക്കു. നേരം വൈകി. ഞാൻ പുഴയിൽ പോയി കളിച്ചു വരാം."

എന്നു പറഞ്ഞു കസുമ മറുപടിയ്ക്കു് കാത്തുനില്ക്കാതെ ചരണനെ എടുത്തു പുറത്തേയ്ക്കു പോയി.

വീട്ടിന്നടുത്തുതന്നെയാണു് പുഴ. മിയ്ക്കകാലങ്ങളിലും അതിൽ നിർമ്മലമായ ജലം ഒഴുകിക്കൊണ്ടിരുന്നു. ആ പുഴ കണ്ടപ്പോൾതന്നെ ചരണന്നു് വളരെ ഉത്സാഹം തോന്നി. അവൻെറ ഗ്രാമത്തിൽ നദിയില്ല. ഒരു ചെറിയ കുളം മാത്രമാണുള്ളതു്. അവനെ അതിൽ ഇറങ്ങി കളിയ്ക്കാൻ അനുവദിയ്ക്കയില്ല. അതുകൊണ്ടു് വെള്ളത്തിൽ ഇറങ്ങിക്കളിയ്ക്കുന്ന ഭാഗ്യം അവൻ ഇതേവരെ അനുഭവിച്ചിട്ടില്ല. കരയിൽനിന്നു് എണ്ണതേച്ചു് മുട്ടോളം വെള്ളത്തിലിറങ്ങി കുളിക്കാൻതുടങ്ങിയപ്പോൾ അവന്നു് വലിയ സന്തോഷമായി. പിന്നെ കസുമ അവനെ കുറച്ചുനേരം നീന്തിച്ചു. കുളികഴിഞ്ഞു കസുമയുടെ ഒക്കത്തുകയറി മടങ്ങുമ്പോൾ അവൻ വളരെ പ്രസന്നവദനനായിരുന്നു.

ചരണനെ എടുത്തുകൊണ്ടു് കസുമ വരുന്നതു വൃന്ദാവനൻ കണ്ടു. അവളുടെ മുഖകമലം വികസിച്ചിരുന്നു. കുളിയ്ക്കാൻ പോകുമ്പോൾ മനസ്സിന്നു് സുഖമില്ലെന്നു് അവൾ പറഞ്ഞു. എന്നാൽ ഇപ്പോൾ അവൾക്കു് യാതൊരു ദുഃഖവുമുണ്ടായിരുന്നില്ലെന്നതു് തീൎച്ചയാണു്. അപ്പോൾ വിടൎന്ന പനിനീർപ്പൂവിൻെറ ഇതളുകൾപോലെ അവളുടെ ചുണ്ടുകൾ പ്രകാശിച്ചു. അവൾക്കു് ലജ്ജയോ, സങ്കോചമോ ലേശംപോലുമുണ്ടായിരുന്നില്ല. അവൾ സഹജമായ സ്വരത്തിൽ വൃന്ദാവനനോടു്. "ഇനി നിങ്ങൾ പോയി കുളിച്ചുവരു" എന്നു പറഞ്ഞു.

"അതിന്നുശേഷം"? എന്നു് വൃന്ദാവനൻ ചോദിച്ചു.

"ഊണുകഴിയ്ക്കാം"

"അതിന്നുശേഷം?"

"വെയിലാറിയിട്ട് പോകാം."

"ശരി, ഇനി താമസിക്കേണ്ട. ചരണന്ന് ചോറു കൊടുക്കാൻ ശ്രമിയ്ക്കു. അവൻ ഒന്നും കഴിച്ചിട്ടില്ല. എന്നിയ്ക്ക് വീട്ടിലേയ്ക്കു പോകാതെ നിവൃത്തിയില്ല." എന്ന് വൃന്ദാവനൻ പറഞ്ഞു.

"എന്തിനാണ് പോകുന്നത്. വണ്ടി മടക്കി അയച്ചാൽ അമ്മ കാര്യം മനസ്സിലാക്കും" എന്ന് കുസുമ പറഞ്ഞു.

"എന്നാൽ വണ്ടി ഇപ്പോഴും മടക്കി അയയ്ക്കുന്നില്ല. അതാ, അത് മരച്ചുവട്ടിൽ നില്ക്കുന്നു" എന്നായിരുന്നു വൃന്ദാവനന്റെ മറുപടി.

ഇതുകേട്ടപ്പോൾ കുസുമയുടെ മുഖം വാടി. വാടിയ മുഖത്തോടെ അവൾ ചോദിച്ചു. "എന്നാൽ അമ്മയുടെ അനുവാദം കൂടാതെ നിങ്ങൾ ഇവിടെ വന്നതുതന്നെ ഉചിതമാണോ?"

അഭിമാനത്തോടുകൂടിയ കുസുമയുടെ ചോദ്യംകേട്ട് വൃന്ദാവനൻ ചിരിച്ചു. എന്നാൽ ആ ചിരിയിൽ, സന്തോഷത്തിന്റെ ലേശംപോലുമുണ്ടായിരുന്നില്ല. പിന്നെ അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു. "കുസുമേ, അമ്മയുടെ അനുവാദംകൂടാതെ ഈ വീട്ടിലേയ്ക്കെന്നല്ല ഈ ഗ്രാമത്തിലേയ്ക്കുതന്നെ ഞാൻ കാലെടുത്തുവെയ്ക്കുകയില്ല. അവരുടെ സ്നേഹപൂർവ്വമായ പോഷണംകൊണ്ടാണ് ഞാൻ

ഇത്രയും വളൎന്നതു്. കഴിഞ്ഞതെല്ലാം പറഞ്ഞിട്ടുകൊണ്ടു് പ്രയോജനമില്ല. വേഗത്തിൽ കുട്ടിയ്ക്കെന്തെങ്കിലും ആഹാരം കൊടുക്കു."

കുസുമ ഉത്തരമൊന്നും പറയാതെ കണ്ണീരടക്കിക്കൊണ്ടു് ചരണനെ എടുത്തു് അകത്തേയ്ക്കുപോയി.

ഒരുമണിക്കൂർ കഴിഞ്ഞു് അച്ഛനോടുകൂടി വണ്ടിയിൽക്കയറി മടങ്ങിപ്പോകുമ്പോൾ ചരണൻ ചോദിച്ചു. "അച്ഛാ! അമ്മയെന്തിനാണു് ഇങ്ങനെ കരയുന്നതു്"

വൃന്ദാവനൻ പരിഭ്രമത്തോടെ, അവൾ നിന്റെ അമ്മയാണെന്നു ആരാ പറഞ്ഞതു്?" എന്നു ചോദിച്ചു.

"അവൾ എന്റെ അമ്മയല്ലേ? അവർ തന്നെയാണു് പറഞ്ഞതു്." എന്നു ചരണൻ സമാധാനം പറഞ്ഞു.

വൃന്ദാവനൻ എന്തോ ആലോചിച്ചുകൊണ്ടു്, 'നീ നിന്റെ അമ്മയുടെകൂടെ താമസിയ്ക്കുന്നുവോ?" എന്നു ചോദിച്ചു.

ചരണൻ ഉത്സാഹത്തോടെ, "ഉം. താമസിയ്ക്കാമല്ലോ." എന്നു പറഞ്ഞു.

"ശരി അങ്ങിനെയാകട്ടെ." എന്നു പറഞ്ഞു വൃന്ദാവനൻ ചിന്താമഗ്നനായി ആകാശത്തിലേയ്ക്കു നോക്കി.

പിറേറ ദിവസം ഉച്ചതിരിഞ്ഞു മൂന്നു മണിസമയത്തു കുസുമ നദിയിൽപ്പോയി സ്നാനം ചെയ്തു വെള്ളം കൊണ്ടുവരുവാൻ പുറപ്പെട്ടു വാതിൽ അടച്ചു. അപ്പോൾ പന്ത്രണ്ടു പതിമൂന്നു വയസ്സായ ഒരു കുട്ടി അവളുടെ

അടുത്തു വന്നു്, "കുഞ്ജനാഥൻ എവിടെയാണു് താമസി യ്ക്കുന്നതു്?" എന്നു ചോദിച്ചു.

"ഉം. പറഞ്ഞു തരാം. നീ എവിടെ നിന്നാണു് വരുന്നതു്?" എന്നു കുസുമ ചോദിച്ചു.

"പാടല ഗ്രാമത്തിൽ നിന്നാണു് വരുന്നതു്. മാസ്റ്റർ ഒരെഴുത്തു തന്നിട്ടുണ്ടു്." എന്നു പറഞ്ഞു് ഒരെ ഴുത്തു മടിയിൽ നിന്നെടുത്തു കുസുമയ്ക്കു കൊടുത്തു. ആ എഴുത്തിൽ അവളുടെ മേൽവിലാസമാണു് എഴുതിയിരു ന്നതു്. അവൾ ആ എഴുത്തു തുറന്നു വായിച്ചുനോക്കി. അതു വൃന്ദാവനൻ അവൾക്കു എഴുതിയതായിരുന്നു. കുസുമ ആ കുട്ടിയെ അകത്തേയ്ക്കു വിളിച്ചുകൊണ്ടുപോയി ചോദിച്ചു. "മാസ്റ്റർ എന്നു ആരേയാണു പറയുന്നതു്. ഈ എഴുത്തു ആരാണു് തന്നതു?"

കുട്ടി പരിഭ്രമത്തോടെ, "മാസ്റ്റർ തന്നെയാണു് ഈ എഴുത്തു തന്നതു്" എന്നു പറഞ്ഞു.

അവിടെ ഒരു സ്കൂളുണ്ടെന്ന സംഗതി കുസുമയ്ക്ക റിഞ്ഞുകൂടാ. അതുകൊണ്ടു അവൾക്കു കുട്ടിപറഞ്ഞ സംഗതി മനസ്സിലായില്ല. "നിനക്കു ചരണൻെറ അച്ഛനെ അറിയാമോ?" എന്നു കുസുമ കുട്ടിയോടു ചോദിച്ചു.

"ഉം. അറിയാമല്ലോ. അദ്ദേഹം തന്നെയാണല്ലോ മാസ്റ്റർ" എന്നു കുട്ടി പറഞ്ഞു.

"നീ അദ്ദേഹത്തിൻെറ അടുക്കെയാണോ പഠിയ്ക്കു ന്നതു്?" എന്നു കുസുമ ചോദിച്ചു.

"അതെ, അദ്ദേഹത്തിൻെറ അടുക്കത്തന്നെയാണു പഠിയ്ക്കുന്നതു്. ഇനിയും വളരെ കുട്ടികളുണ്ടു് പഠിയ്ക്കാൻ" എന്നു കുട്ടി പറഞ്ഞു.

കുസുമയുടെ ആശ്ചര്യം വദ്ധിച്ചു. അവഠം പിന്നെയും പലതും ചോദിച്ചു മനസ്സിലാക്കി. സ്കൂഠം വീട്ടിന്നടുത്തു തന്നെയാണെന്നും, ഒരു കുട്ടിയോടും ഫീസ്സു് വാങ്ങുന്നില്ലെന്നും കുസുമ മനസ്സിലാക്കി. മാസ്റ്റർതന്നെയാണു് ദരിദ്രന്മാരായ ചില കുട്ടികഠക്കു് സ്ലേററും, പുസ്തകവും പെൻസിലും വാങ്ങിക്കൊടുക്കുന്നതു്. പകൽ വന്നു പഠിയ്ക്കാൻ സാധിയ്ക്കാത്ത ചില കുട്ടികഠ രാത്രി വന്നു പഠിയ്ക്കുന്നുണ്ടു്. ചില കുട്ടികഠക്കു് ഉച്ചയ്ക്കു കഞ്ഞിയും, വസ്ത്രവും കൊടുക്കുന്നു. കുറച്ചു മുതിന്ന രണ്ടു കുട്ടികഠ ഇംഗ്ലീഷുകൂടി പഠിയ്ക്കുന്നുണ്ടു്. ഇങ്ങനെ പല സംഗതികളും കുസുമ കുട്ടിയോടു ചോദിച്ചു മനസ്സിലാക്കി. അവന്നു് കുറച്ചു പലഹാരം തിന്നാൻകൊടുത്തു് കുസുമ എഴുത്തു വായിച്ചുനോക്കി.

എഴുത്തുവായിക്കുന്നതിന്നു മുമ്പുണ്ടായിരുന്ന ഉത്സാഹമൊന്നും അതു വായിച്ചുകഴിഞ്ഞപ്പോഠം അവഠക്കുണ്ടായില്ല. അവളുടെ ആഗ്രഹമെല്ലാം തകൎന്നു മണ്ണോടടിഞ്ഞു. എഴുത്തു് അവഠക്കുതന്നെയായിരുന്നുവെങ്കിലും അതിൽ ആശീൎവ്വാദമോ, സ്നേഹപൂൎവ്വമായ ഒരു വാക്കോ ഉണ്ടായിരുന്നില്ല. ചില തോഴികളല്ലാതെ, പുരുഷന്മാരാരും അവഠക്കു് ഒരെഴുത്തും അയച്ചിട്ടില്ല. ആശിച്ചു

തൊന്നും എഴുത്തിൽ കാണാത്തതുകൊണ്ടു് അവർ വ്യസനിച്ചു. ആ എഴുത്തു് ആദ്യം മുതൽ അവസാനംവരെ ഒരു ഗവമ്മേണ്ടു കല്പനപോലെ വിരസമായിരുന്നു. കുഞ്ജനാഥൻെറ വിവാഹമാണു് അതിൽ പറഞ്ഞിരുന്ന വിഷയം ഈ സംഗതി കുഞ്ജനാഥനോടു പറയാനായിരിയ്ക്കണം വൃന്ദാവനൻ വന്നതു്. ജ്യേഷ്ഠൻെറ വിവാഹം നിശ്ചയിച്ചിരിക്കുന്നുവെന്നും, അതിന്നുവേണ്ട ചെലവൊക്കെ അവരാണു് ചെയ്യുന്നതെന്നും അതിൽ പറഞ്ഞിരുന്നു. എങ്ങിനെയെങ്കിലും ഈ വിവാഹം നടന്നാൽ മാത്രമേ ജ്യേഷ്ഠൻേറയും അനുജത്തിയുടേയും ബുദ്ധിമുട്ടുകൾ തീരുകയുള്ളൂ.

കുസുമ വൃന്ദാവനൻെറ എഴുത്തു രണ്ടുപ്രാവശ്യം വായിച്ചു വടിവും ഭംഗിയുമുള്ള അതിലെ ഓരോ അക്ഷരവും അവളുടെ കണ്ണിന്നുമുമ്പിൽ പ്രകാശിയ്ക്കുന്നതുപോലെ തോന്നി. പിന്നെ എഴുത്തു മടക്കി പെട്ടിയിൽ വെച്ചു. ജ്യേഷ്ഠൻ വിവാഹം ചെയ്യുന്നു എന്ന സംഗതി അവളെ അധികം സന്തോഷിപ്പിച്ചില്ല.

## VI

ഒരു മാസംകഴിഞ്ഞു. കുഞ്ജനാഥൻെറ വിവാഹം ഭംഗിയായി നടന്നു. അന്നു പോയതിൽപ്പിന്നെ വൃന്ദാവനൻ അരങ്ങോട്ടു വന്നിട്ടില്ല. അവൻെറ അമ്മ വിവാഹദിവസംമാത്രം ചരണനേയും കൂട്ടിവന്നു. തൻെറ വീടുവിട്ടു് അവർ ഒരിയ്ക്കലും മററു വീട്ടിൽപ്പോയിട്ടാമ

സിയ്ക്കാറില്ല. ചരണൻ അഞ്ചാറുദിവസം കഴിഞ്ഞതിന്നു ശേഷമാണു് മടങ്ങിപ്പോയതു്. അമ്മയുടെകൂടെ താമസിയ്ക്കുവാനും, നദിയിൽ സ്നാനംചെയ്യുവാനും അവന്നു വലിയ ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു് മുത്തശ്ശിയുടെ കൂടെ അവൻ വീട്ടിലേയ്ക്കു മടങ്ങിപ്പോയില്ല. പിന്നെ അഞ്ചാറുദിവസം കഴിഞ്ഞപ്പോൾ അവനെ നിർബ്ബന്ധിച്ചു കൊണ്ടുപോകേണ്ടിവന്നു. അവൻ പോയതിന്നു ശേഷം കുസുമയ്ക്കു മനസ്സമാധാനമുണ്ടായില്ല.

ജ്യേഷ്ഠന്റെ വിവാഹത്തിന്നുമുമ്പു് കുസുമയ്ക്കുണ്ടായിരുന്ന സംശയങ്ങൾ വാസ്തവമായിത്തീർന്നു. അവൾക്കു് ജ്യേഷ്ഠന്റെ സ്വഭാവം നല്ലവണ്ണമറിയാം. ജ്യേഷ്ഠൻ ശ്വശ്രുവിന്റെ ഉപദേശമനുസരിച്ചു് ഈ ബുദ്ധിമുട്ടുള്ള ജീവിതമുപേക്ഷിച്ചു് അവരുടെ വീട്ടിൽത്തന്നെ താമസിച്ചേയ്ക്കുമെന്നു് കുസുമ മുമ്പുതന്നെ സംശയിച്ചിരുന്നതാണു്, കാര്യ്യവും അതുപോലെയായിത്തീർന്നു.

കല്യാണത്തിന്നു കസവുതൊപ്പിവെച്ച തലയിൽ തട്ടെടുത്തു വ്യാപാരത്തിന്നു നടക്കാൻ കുഞ്ജനാഥന്നു മടി തോന്നി. ഭാര്യ്യവീട്ടുകാർ ഇതുകേട്ടാൽ എന്തുപറയും? അതുകൊണ്ടു വിവാഹദിവസം വൃന്ദാവനന്റെ അമ്മ തന്റെ സമ്മാനമെന്ന നിലയ്ക്കു് കുഞ്ജനാഥന്നു കുറച്ചു പണം കൊടുത്തിരുന്നു. കുഞ്ജനാഥൻ ആ പണംകൊണ്ടു് കുറച്ചു സാമാനങ്ങൾ വാങ്ങി അങ്ങാടിയിൽ ഒരു മുറി വാടകയ്ക്കെടുത്തു് വളകളും കളിക്കോപ്പുകളും മറ്റും വില്ക്കാൻ നിശ്ചയിച്ചു. എന്നാൽ വ്യാ[illegible] വേണ്ടതുപോലെ നടന്നില്ല.

165357
38255
032:3M955:12
UNIVERSITY LIBRARY
24 AUG 1955

ഈ ഒരു മാസത്തിന്നിടയിൽ അവൻ തൻെറ പുതിയ ചെരുപ്പിട്ടു്, വേഷ്ടിയണിഞ്ഞു് നാലഞ്ചുതവണ ഭാര്യയുടെ വീട്ടിൽ പോയിവന്നു. മുമ്പു് അവന്നു് കുസുമയെ വലിയ ഭയമായിരുന്നു. എന്നാൽ ഇപ്പോൾ അവന്നു് തൻെറ ഭാര്യയുടെ അമ്മയെയല്ലാതെ ലോകത്തിൽ ആരേയും ഭയമില്ല. വീട്ടിൽ എന്തെങ്കിലും സാമാനമില്ലെന്നു പറഞ്ഞാൽ അവൻ മിണ്ടാതെ പീടികയിൽപ്പോയി ഇരിയ്ക്കും. അല്ലെങ്കിൽ എവിടെയെങ്കിലും അലഞ്ഞുനടക്കും. വീട്ടിലേയ്ക്കുതന്നെ വരികയില്ല. ജ്യേഷ്ഠൻെറ സ്വഭാവത്തിൽവന്ന ഈ മാററം കണ്ടു് കുസുമയ്ക്കു് ഭയമായി. അവളുടെ കയ്യിലുണ്ടായിരുന്ന കുറച്ചു പണവും തീൎന്നുതുടങ്ങി. അതൊന്നും കുഞ്ജനാഥൻ ശ്രദ്ധിച്ചിരുന്നില്ല. തൻെറ പീടികയിലിരുന്നു പുകവലിയ്ക്കുകയോ, ഉറങ്ങുകയോ, അവിടെവരുന്നവരുമായി നാട്ടുവൎത്തമാനം പറഞ്ഞുകൊണ്ടിരിയ്ക്കുകയോ ആയിരുന്നു അവൻെറ ജോലി. ആരെയെങ്കിലും കണ്ടാൽ ഭാര്യവീട്ടിലെ പെരുമയും, തനിയ്ക്കു കിട്ടിയ ഭാഗ്യവുമായിരുന്നു അവൻെറ സംഭാഷണവിഷയം.

അന്നു രാവിലെ എഴുന്നേററു് കുഞ്ജനാഥൻ തൻെറ ചെരുപ്പു തുടച്ചു വൃത്തിയാക്കുകയായിരുന്നു. കുസുമ അടുക്കളയിൽനിന്നു വന്നു് ഇതു കണ്ടപ്പോൾ, "ജ്യേഷ്ഠൻ ഇന്നു് നടലാങ്കാ ഗ്രാമത്തിലേക്കു പോകുന്നുവോ" എന്നു ചോദിച്ചു.

കുഞ്ജനാഥൻ 'ഉം' എന്നു മൂളിയതല്ലാതെ പിന്നെയൊന്നും പറഞ്ഞില്ല. കുറച്ചുനേരം ക്ഷമിച്ചു കുസുമ

പിന്നേയും പറഞ്ഞു. "ജ്യേഷ്ഠൻ അന്നുപോയി മടങ്ങിവന്നിട്ടു രണ്ടുദിവസമല്ലേ ആയിട്ടുള്ളൂ. ഇന്നു പോയി ചരണനെ കൂട്ടിക്കൊണ്ടുവരൂ. കുറെ ദിവസമായി അവനെ കണ്ടിട്ട്. എന്തോ മനസ്സിന്നു ലേശംപോലും സുഖം തോന്നുന്നില്ല."

കുഞ്ജനാഥൻ അല്പം കോപത്തോടെ പറഞ്ഞു. "നിനക്കെപ്പോഴും കാരണമൊന്നുമില്ലെങ്കിലും മനസ്സിന്നു സുഖമുണ്ടാവില്ല. അവൻ സൌഖ്യത്തോടെ ഇരിക്കുന്നുണ്ടാവും."

കുസുമയ്ക്കും കോപം വന്നു. "അവൻ സൌഖ്യമായിത്തന്നെ വളരെക്കാലം ജീവിച്ചിരിയ്ക്കട്ടെ. എന്നാലും ഒന്നുപോയി അവനെ കൂട്ടിക്കൊണ്ടുവന്നുകൂടെ? അങ്ങോട്ടു നാളെ പോകാം. ഇന്നു പാടലഗ്രാമത്തിലേയ്ക്കു ഒന്നു പോയിവരൂ" എന്നുപറഞ്ഞു.

കുഞ്ജനാഥൻ അക്ഷമനായി ചോദിച്ചു: "അവിടേയ്ക്ക് നാളെ പോയാൽ മതിയോ? വേറെ പുരുഷന്മാരാരും അവിടെയില്ല. പറമ്പിലും പാടത്തും കൃഷി എന്തായി എന്നറിഞ്ഞുകൂടാ. ഈ ഭാരമെല്ലാം എൻെറ തലയിൽ വീണിരിയ്ക്കുന്നു. ഞാൻ ഒരാൾ മാത്രം ഏതെല്ലാം ദിക്കിൽപോകണം? എന്തെല്ലാം നോക്കണം?

ജ്യേഷ്ഠൻെറ വാക്കുകേട്ട് കുസുമയുടെ കോപം വർദ്ധിച്ചുവെങ്കിലും അതൊന്നും പുറത്തു കാണിയ്ക്കാതെ അവൾ പറഞ്ഞു. "എല്ലാം ജ്യേഷ്ഠൻതന്നെ നോക്കണം. പിന്നെ

ആരാണുള്ളത്? എങ്കിലും ഇന്നു ചരണൻെറ അടുക്കെ ഒന്നുപോയിവരണം. എന്താണെന്നറിഞ്ഞുകൂടാ. ഇന്നു അവനെ വിചാരിച്ച് എൻെറ മനസ്സു പതരുന്നു."

കുഞ്ജനാഥൻ ചെരുപ്പു താഴെവെച്ചു പറഞ്ഞു: "എനിയ്ക്കു പോകാൻ സാധിയ്ക്കില്ല. എന്താ വൃന്ദാവനൻ എൻെറ വിവാഹത്തിന്നു വരാതിരിയ്ക്കുവാൻ? അവൻ നമ്മുടെ വീട്ടിലെ വിവാഹത്തിന്നു വരാതിരിയ്ക്കുവാൻ തക്കവണ്ണം എന്താണ് അത്ര യോഗ്യനായത്?"

ജ്യേഷ്ഠൻെറ വാക്ക് അസഹ്യമായി തോന്നിയെങ്കിലും കുസുമ അതൊന്നും പുറമെ കാണിയ്ക്കാതെ പറഞ്ഞു. "അന്നു അദ്ദേഹത്തിന്നു പനിയായിരുന്നു എന്നല്ലെ പറഞ്ഞുകേട്ടത്."

കുഞ്ജനാഥൻ ദൃഢസ്വരത്തിൽ പറഞ്ഞു. "ഇല്ല. അന്നു അയാൾക്കു പനിയുണ്ടായിരുന്നില്ല. നടലാങ്കൊ ഗ്രാമത്തിലിരുന്നുകൊണ്ടുതന്നെ ഇതു വെറും തന്ത്രമാണെന്ന് അമ്മായി പറഞ്ഞുവല്ലോ. അയാൾക്കു വേറെ ഉപായമൊന്നും പറയുവാൻ തോന്നിയില്ല. എൻെറ അമ്മായി വീട്ടിലിരുന്നുകൊണ്ടുതന്നെ അടുത്ത ദേശങ്ങളിലെ വർത്തമാനമെല്ലാം ഉള്ളതുപോലെ പറയും. വിശ്വാസവഞ്ചന എന്നു ഏതിനെയാണു പറയേണ്ടത്? ഇതിനെയല്ലേ? എനിയ്ക്കു ഇനി വൃന്ദാവനനെ കാണണമെന്നു തന്നെയില്ല."

ഇടിവെട്ടേററതുപോലെ കുസുമ സ്തംഭിച്ചുനിന്നു. പിന്നെ മൃദുസ്വരത്തിൽ പറഞ്ഞു. "ശരി, അവർ

വിശ്വാസവഞ്ചകന്മാർ ആണെന്നുതന്നെയിരിക്കട്ടെ. ജ്യേഷ്ഠൻതന്നെയാണല്ലോ ഒരിയ്ക്കൽ അവരെയെല്ലാം ക്ഷണിച്ചുവരുത്തി സല്ക്കരിച്ചതു! ഇവിടെവന്നു ഭക്ഷണം കഴിച്ചു അവർ നമുക്കുതന്നെ ദ്രോഹംചെയ്തു! ജ്യേഷ്ഠൻ ഇങ്ങിനെയാകുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല."

കുസുമയുടെ വാക്കിന്നു കുഞ്ജനാഥൻ യാതൊരു ഉത്തരവും പറഞ്ഞില്ല. അവൻ അതൊന്നും കേൾക്കാത്തതുപോലെ നടിച്ചു.

കുസുമ വീണ്ടും പറഞ്ഞു. "നിങ്ങളുടെ സ്വത്ത്, നിലം, പറമ്പ്, വീട് എന്നൊക്കെ പറഞ്ഞുവല്ലൊ. ഇവയൊക്കെ ആരുടേതാണ്? നിങ്ങളുടെ വിവാഹം തന്നെ നടത്തിയതാരാണ്" ?

ആരും ആരുടേയും വിവാഹം നടത്തിക്കൊടുക്കുന്നില്ല. പുഷ്പം വികസിയ്ക്കേണ്ട കാലമാകുമ്പോൾ തനിയെ വികസിയ്ക്കുന്നു. ആർക്കും അതിനെ തടുക്കുവാൻ കഴികയില്ല. അമ്മായിയുടെ അഭിപ്രായം ഇതുതന്നെയാണ്.

കുസുമ:— "വിവാഹം തനിയെ നടക്കുകയാണോ" ?

കുഞ്ജനാഥൻ:— "അതെ, തനിയെ നടക്കുന്നു."

കുസുമ പിന്നെയൊന്നും പറഞ്ഞില്ല. അവൾ അറയിലേക്കുപോയി. ലജ്ജയാലും വെറുപ്പിനാലും അവളുടെ ഹൃദയം നീറി. "ഛീ! ഛീ! എങ്ങിനെയെങ്കിലും ഈ

വാക്കുകൾ അദ്ദേഹത്തിൻെറ ചെവിയിൽ എത്താനിടയുണ്ട്. ഇതൊക്കെ കേട്ടാൽ അദ്ദേഹം എന്തു വിചാരിയ്ക്കും ? ജേഷ്ഠനും അനുജത്തിയും ഒരേ അച്ചിൽ വാർത്ത വരാണെന്നു പറയാനിടയുണ്ട് ". എന്ന് അവൾ വിചാരിച്ചു.

ഏകദേശം ഇരുപതു മിനുട്ടുകഴിഞ്ഞപ്പോൾ കുഞ്ഞുനാഥൻെറ പുതിയ ചെരുപ്പ് "കറ കറ" എന്നു ശബ്ദിയ്ക്കുന്നതു കുസുമ കേട്ടു. അവൾ പുറത്തുവന്ന് "ജ്യേഷ്ഠൻ എപ്പോഴാണ് മടങ്ങിവരിക" എന്നുചോദിച്ചു.

"നാളെ രാവിലെ " എന്നായിരുന്നു കുഞ്ഞുനാഥൻെറ സമാധാനം.

"എന്നെ ഇങ്ങിനെ തനിയെ ആക്കിപ്പോകാൻ ജേഷ്ഠനു ലജ്ജയില്ലേ? ഭയമില്ലേ?" എന്ന് കുസുമ ചോദിച്ചു.

"എന്താ ഇവിടെ പുലിയോ, കരടിയോ ഉണ്ടോ നിന്നെപ്പിടിച്ചു വിഴുങ്ങിക്കളയുവാൻ?" എന്നുചോദിച്ചു. പിന്നെയൊന്നും പറയാതെ കുഞ്ഞുനാഥൻ നടന്നു.

കുസുമ അടുക്കളയിൽവന്നു കത്തിക്കൊണ്ടിരിക്കുന്ന അടുപ്പിൽ വെള്ളമൊഴിച്ചു അറയിൽപോയികിടന്നു.

## VII

കുററം ചെയ്യവർ ഒരുവരെ നിവൃത്തിയില്ലാതെ ഒടുവിൽ അപരാധം സമ്മതിയ്ക്കുന്നതുപോലെ വൃന്ദാവനൻ അമ്മയുടെ അടുക്കെ ചെന്ന്, "അമ്മേ, എനിയ്ക്കു മാപ്പു

തരു. എന്നോടു കല്പിച്ചാൽ മാത്രം മതി. ഞാൻ വേഗത്തിൽ പോയി ഒരു വേലക്കാരിയെ വിളിച്ചുകൊണ്ടു വരാം. അമ്മ ഇങ്ങിനെ വീട്ടുജോലികളെല്ലാം ചെയ്യുന്നതു കണ്ടുകൊണ്ടിരിക്കാൻ പ്രയാസമാണു്" എന്നു പറഞ്ഞു.

അമ്മ പൂജാഗ്രഹത്തിൽ പൂജയ്ക്കു് വേണ്ടതെല്ലാം ഒരുക്കുകയായിരുന്നു. അവർ ആശ്ചര്യത്തോടെ തലയുയർത്തി ചോദിച്ചു. "വൃന്ദാവനാ, നീ എന്തുചെയ്യാൻ പോകുന്നു?"

"നിങ്ങൾക്കു ഒരു വേലക്കാരിയേ കൊണ്ടുവരാൻ പോകുന്നു. ചിരണ്ടനേയും അവൾ നോക്കട്ടെ. നിങ്ങൾക്കും സഹായമായിരിയ്ക്കും. പൂജയ്ക്കു വേണ്ടതെല്ലാം ഒരുക്കും. എന്നോടു കല്പിച്ചാൽ മാത്രം മതി." എന്നു വൃന്ദാവനൻ പറഞ്ഞു.

വേറെ ജാതിക്കാരെ ആ വിട്ടിൽ വേലക്കാരിയായി വെക്കാൻ നിവൃത്തിയില്ല. അങ്ങിനെയാണെങ്കിൽ അവൾ പൂജാഗ്രഹത്തിലെ കാര്യങ്ങൾ നോക്കുന്നതെങ്ങിനേ? മകൻെറ അഭിപ്രായം ഇന്നതായിരിയ്ക്കുമെന്നു ഏകദേശം ഊഹിച്ചു അവർ ചോദിച്ചു. "മകനേ നീ വാസ്തവമാണോ പറയുന്നതു?"

വൃന്ദാവനൻ:—നേരല്ലാതെ പൊളി പറയുകയോ? എനിയ്ക്കു ഓർമ്മവെച്ചതുമുതൽ അമ്മയോടു ഞാൻ നുണ പറഞ്ഞിട്ടുണ്ടോ?"

അമ്മ:—"അല്പം ആലോചിച്ച് പറയേണ്ട ഒരു കാൎയ്യമാണിതു്. അങ്ങിനെ പെട്ടെന്നു പറഞ്ഞുകൂടാ?"

വൃന്ദാ:—"അതൊന്നും പോരാ. ഇനി ആലോചിയ്ക്കുന്നതു വരെ കാത്തിരിയ്ക്കുവാൻ സാധിക്കില്ല. അമ്മയുടെ കല്പന കിട്ടിയതിന്നുശേഷമേ ഞാൻ ഈ അറ വിട്ടു പോവുകയുള്ളു."

അമ്മ:—"എന്താ ആലോചിയ്ക്കുന്നതുവരെ ക്ഷമിച്ചു കൂടെ?"

വൃന്ദാ:—"അമ്മേ, അതിന്നു ഒരു കാരണമുണ്ടു്. ആലോചിച്ചു പറയുന്ന കാൎയ്യം ഒന്നുവേറെയായിരിയ്ക്കും. അതു, അമ്മയുടെ കല്പനയാവില്ല. നല്ലതോ ചീത്തയോ എന്നറിയണമെന്നല്ല എന്റെ ആഗ്രഹം. അമ്മയുടെ കല്പനയറിയാനാണു്."

അമ്മ:—(തലയുയൎത്തി മകനെ നോക്കി) "വൃന്ദാവനാ, ഞാൻ ഒരുദിവസം ഇതിന്നു അനുവാദം തന്നിരുന്നു."

വൃന്ദാ:—"അതു്, എനിയ്ക്കറിയാം. ആ പാപത്തിന്റെ —അമ്മയുടെ കല്പന അനുസരിയ്ക്കാത്ത പാപത്തിന്റെ—ഫലമാണു് ഇപ്പോഠം എന്നെ ചുററിക്കൊണ്ടിരിയ്ക്കുന്നതു്."

മകന്റെ നിശ്ചയം തന്റെ സൌഖ്യത്തിനാണു്; വേറെയൊന്നിന്നും വേണ്ടിയല്ല എന്നോൎത്തപ്പോഠം അമ്മയുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

വൃന്ദാവനൻ തുടൎന്നു പറഞ്ഞു. "അമ്മേ, ഏതു കാരണത്താലാണോ നിങ്ങൾ ഉപായം പറഞ്ഞു കഴിച്ചു കൂട്ടുന്നതു് അതു ഒന്നുരണ്ടു ദിവസംകൊണ്ടും തീരുന്നതല്ല. അമ്മയെ അവമാനിച്ചവൎക്കു അമ്മ വേണമെങ്കിൽ മാപ്പു കൊടുത്തുകൊള്ളൂ. എന്നേക്കൊണ്ടു് അതുപോലെ സാധിക്കയില്ല. അമ്മ കല്പിക്കുന്നതുപോലെ ചെയ്യാം."

അമ്മ തലയുയൎത്തി പുഞ്ചിരിയോടെ, "ഞാൻ അനുവാദം തരുന്നു" എന്നു പറഞ്ഞു.

അമ്മ ചിരിച്ചതിന്റെ അൎത്ഥം വൃന്ദാവനൻ മനസ്സിലാക്കി. എന്നാൽ അയാൾ ഒന്നും പറഞ്ഞില്ല. വൃന്ദാവനൻ അമ്മയെ കുമ്പിട്ടു ആ അറയിൽനിന്നു പോയി.

വൃന്ദാവനൻ അറയിൽനിന്നു പുറത്തുവന്നപ്പോൾ സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടി ഒരെഴുത്തു കൊടുത്തു.

അമ്മ അകത്തുനിന്നു്, "ആരുടെ എഴുത്താണതു്? വൃന്ദാവനാ" എന്നു ചോദിച്ചു.

"അറിയില്ല നോക്കട്ടെ" എന്നു പറഞ്ഞു വൃന്ദാവനൻ അറയിലേയ്ക്കുപോയി ആ എഴുത്തു് പൊളിച്ചു് വായിച്ചു നോക്കി. ഭംഗിയുള്ള കൈയക്ഷരത്തിൽ ഏതോ ഒരു സ്ത്രീ എഴുതിയ എഴുത്താണതു്. അതിൽ ഇടയ്ക്കു അക്ഷരത്തെറ്റോ, തിരുത്തലോ ഒന്നുമുണ്ടായിരുന്നില്ല. "ശ്രീചരണകമലങ്ങളിൽ കുസുമ ബോധിപ്പിയ്ക്കുന്നതു്" എന്നാണു് ആ എഴുത്തിന്റെ ആരംഭം. അവസാനത്തിൽ ഇന്ന ആൾ എഴുതുന്നതു് എന്ന പേരെഴുതിയിട്ടില്ല. വൃന്ദാവനൻ ഇതിന്നുമുമ്പു് കുസുമയുടെ എഴുത്തു കണ്ടി

ട്ടില്ല. എങ്കിലും കസുമ ബോധിപ്പിയ്ക്കുന്നതു എന്നെഴുതിയതുകൊണ്ടു് ആ എഴുത്തു ഇന്ന ആൾ എഴുതിയതാണു് എന്നു സംശയിപ്പാനുണ്ടായിരുന്നില്ല.

അതിൽ "എന്റെ ജ്യേഷ്ഠനെ ഇപ്പോൾ തിരിച്ചറിയുവാൻ പ്രയാസമുണ്ടു്. അത്രയ്ക്കും ആൾ മാറിപ്പോയിരിയ്ക്കുന്നു. എന്തുകൊണ്ടാണു അദ്ദേഹം ഇങ്ങനെയായതു് എന്നു പറയുവാൻ പ്രയാസം. അവിടത്തോടു് പറയുവാൻതന്നെ എനിയ്ക്കു ലജ്ജയാകുന്നു. ഇന്നു പിന്നേയും ജ്യേഷ്ഠൻ പതിയുടെ ഗൃഹത്തിലേക്കു പോയിരിയ്ക്കയാണു് ഒരു പക്ഷം നാളെ രാവിലെ വന്നേക്കും വന്നില്ലെന്നുംവരാം. ഞാൻ ഇവിടെ ഇരുന്നാൽ എന്നെ പുലിയോ കരടിയോ പിടിച്ചു തിന്നില്ലെന്നു പറഞ്ഞിട്ടാണു് പോയതു്. ജ്യേഷ്ഠന്റെ വാക്കും പെരുമാററവും ഓക്കുമ്പോൾ ഭയമാകുന്നു. അവിടേയ്ക്കു ദയയും ഇഷ്ടവുമുണ്ടെങ്കിൽ ചരണനെ ഒന്നിങ്ങോട്ടയച്ചാൽ അതു എനിയ്ക്കു വലിയ അനുഗ്രഹമായിരിയ്ക്കും" എന്നാണു എഴുതിയിരുന്നതു്.

രാവിലെ ജ്യേഷ്ഠനോടു് കോപിച്ചു് കസുമ കത്തുന്ന തീയിൽ വെള്ളമൊഴിച്ചു. പിന്നെ അടുപ്പിൽ തീക്കൂട്ടിയിട്ടില്ല. അന്നു മുഴുവൻ പട്ടിണിയായിരുന്നു. ഭയത്താലും ആശങ്കയാലും അസ്വാസ്ഥചിത്തയായി അവൾ വീട്ടിൽ അങ്ങുമിങ്ങും നടന്നു. വൈകുന്നേരമായപ്പോൾ ആരെങ്കിലും വരുമെന്നു ആശിക്കാനും വഴിയില്ലാതായി ആരുമില്ലാതെ ആ വീട്ടിൽ തനിയെ കഴിച്ചുകൂട്ടേണ്ടിവരുമെന്നോർത്തപ്പോൾ അവൾക്കു ഭയം തോന്നി ഇങ്ങിനെ

സങ്കടപ്പെട്ടുകൊണ്ടിരിയ്ക്കുമ്പോഠം ചരണൻ മുററത്തു നിന്നു് "അമ്മേ, ഒരമ്മേ" എന്നു വിളിയ്ക്കുന്നതുകേട്ടു. കരകാണാതെ കഷ്ടപ്പെട്ടിരിയ്ക്കുന്ന അവഠംക്കു് ഒരു രക്ഷ കിട്ടി. താൻ തനിയെ കിടന്നു കഷ്ടപ്പെടേണ്ട എന്നു അവഠംക്കു മനസ്സിലായി.

ചരണനെ ഒരു വേലക്കാരനായിരുന്നു കൊണ്ടു വന്നതു്. അവന്നു രാത്രി ഭക്ഷണം കൊടുത്തതിന്നു ശേഷം കുഞ്ജനാഥൻെറ പീടികയിൽ ഉറങ്ങാൻ ഏർപ്പാടു് ചെയ്തു. കുസുമ ചരണനെ അടുത്തുകിടത്തി പലതും ചോദിച്ചു. ഒടുവിൽ അവഠം "നിൻെറ അച്ഛൻ എന്താണു് ചെയ്യുന്നതു്?" എന്നു ചോദിച്ചു.

ചരണൻ പെട്ടെന്നു എന്തോ ഓമ്മവന്നതുപോലെ എഴുന്നേററുചെന്നു് അഴിച്ചിട്ടിരുന്ന കുപ്പായത്തിൻെറ കീശയിൽനിന്നു ഒരു പൊതി എടുത്തുകൊണ്ടുവന്നു് "അമ്മേ, ഞാൻ മറന്നതാണു് അച്ഛൻ ഇതു് ഇവിടെ തരാൻ പറഞ്ഞിരുന്നു." എന്നുപറഞ്ഞു പൊതി കുസുമയുടെ കൈയ്യിൽ കൊടുത്തു. ആ പൊതിയിൽ ഉറുപ്പികയാണെന്നു വാങ്ങിയ ഉടനെ കുസുമയ്ക്കു മനസ്സിലായി.

"ഇതു് നമ്മുടെ കയ്യിൽ തരണമെന്നു് പറഞ്ഞു അച്ഛൻ പോയി" എന്നു പറഞ്ഞു.

കുസുമ പരിഭ്രമത്തോടെ, "എവിടെ വെച്ചാണു് അച്ഛൻ പോയതു്?" എന്നുചോദിച്ചു.

"ഇതാ, അവിടെവരെ വന്നു" എന്നു ചരണൻ കൈ പൊന്തിച്ചു കാണിച്ചു പറഞ്ഞു.

"പുഴകടന്നു വന്നുവോ?" എന്നു കുസുമ ചോദിച്ചു.

"അതെ. പുഴകടന്നതിൽപ്പിന്നെയാണു് അച്ഛൻ പോയതു്" എന്നു ചരണൻ പറഞ്ഞു.

കുസുമ പിന്നെയൊന്നും ചോദിച്ചില്ല. ലജ്ജയും വ്യസനവും അവളുടെ ഹൃദയത്തെ പീഡിപ്പിച്ചിരുന്നു. അന്നൊരു ദിവസം ഉച്ചയ്ക്കു ചരണനെ കൂട്ടിക്കൊണ്ടു പോകുമ്പോൾ വൃന്ദാവനൻ ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല. അവൾ എന്തെങ്കിലും ഭക്ഷണം കഴിക്കണമെന്നു അദ്ദേഹത്തോടു പറഞ്ഞില്ല. പിന്നെ വൃന്ദാവനൻ ആ വഴിക്കു വന്നിട്ടില്ല. പല ആവശ്യങ്ങളുമുണ്ടായിരുന്നുവെങ്കിലും ആ വഴിക്കു വരാതെ അയാൾ കഴിച്ചുകൂട്ടി. അദ്ദേഹം വന്നില്ലെങ്കിൽക്കൂടി അവൾ ആശയോടെ ആ വഴിക്കു നോക്കിക്കൊണ്ടു നില്ക്കും. ഏതെങ്കിലും കാളവണ്ടി ആ വഴിയിൽക്കൂടി വന്നാൽ അവളുടെ ഞരമ്പുകളിൽ രക്തം തിളയ്ക്കുവാൻ തുടങ്ങും. എത്ര ആഗ്രഹത്തോടുകൂടിയാണു് അവൾ വാതിലിന്നരികിൽ വന്നു നോക്കിനില്ക്കുന്നതു് എന്നു ദൈവത്തിന്നു മാത്രമറിയാം. ജ്യേഷ്ഠൻെറ വിവാഹത്തിന്നുപോലും അദ്ദേഹം വന്നില്ല. ഇന്നാകട്ടെ വീട്ടിന്നരികെവന്നു മടങ്ങിപ്പോയി. പിന്നെ അവൾക്കു വേറെ ഒരു സംഭവം ഓൎമ്മവന്നു. കുഞ്ജനാഥൻെറ കൈയിൽ വള മടക്കി അയച്ചതും, വൃന്ദാവനൻ ദൈവം നമ്മുടെ മുതൽ നമുക്കുതന്നെ മടക്കിത്തന്നു എന്നു പറഞ്ഞതുമായ രംഗം അവളുടെ മനസ്സിലുദിച്ചു.

വാസ്തവത്തിൽ ഇങ്ങിനെതന്നേയാണു് അദ്ദേഹത്തിൻെറ മനോഭാവമാണെങ്കിൽ ഇനിയെന്തു സംഭ

വിക്കമെന്നോർത്തു അവരം ഭയപ്പെട്ടു. അദ്ദേഹത്തെ അവരം പല വിധത്തിലും ദുഃഖിപ്പിച്ചു. എന്നുമാത്രമല്ല അമ്മയെ അവമാനിയ്ക്കുകൂടി ചെയ്തു. എന്താണു് അന്നു അങ്ങിനെ ദുർബ്ബുദ്ധി തോന്നുവാൻ കാരണമെന്നു എത്ര തന്നെ ആലോചിച്ചിട്ടും അവരംക്കു മനസ്സിലായില്ല. അവൻ ഹൃദയപൂർവ്വം തന്നെ സ്നേഹിച്ചതിന്നു ഇങ്ങിനെയാണോ പകരം ചെയ്യേണ്ടതു്?

അവരം കോപത്തോടെ തന്നെ.ത്താൻ വാദിച്ചു. “ഞാൻ ഇല്ലെന്നു നിഷേധിച്ചാൽ നീങ്ങിപ്പോകുന്ന ഒരു ബന്ധമാണോ ഇതു? അങ്ങിനെ ആ ബന്ധം അററു പോവുകയാണെങ്കിൽ, വാസ്തവത്തിൽ അദ്ദേഹം എൻെറ ഭർത്താവല്ല എന്നുണ്ടെങ്കിൽ എൻെറ ഹൃദയത്തിലെ ഭക്തിയും വിശ്വാസവും അദ്ദേഹത്തിൻെറ നേരെ ചെല്ലുവാൻ കാരണമെന്താണു്? ഒരു ദിവസത്തെ പരിചയംകൊണ്ടു തന്നെ അളവററ സ്നേഹവും ബഹുമാനവും അദ്ദേഹത്തിൻെറ നേരെ തോന്നി. ആളുകരം എന്തെങ്കിലും പറയട്ടെ. അദ്ദേഹത്തെ ഇതിലൊന്നും കുററപ്പെടുത്തുവാനില്ല. സഹിക്കവയ്യാത്ത അവമാനത്തെ തലയിൽ ചുമത്തിയിട്ടാണു് കുസുമയുടെ അമ്മ പരലോകം പ്രാപിച്ചതു്.

കുറച്ചുനേരം കഴിഞ്ഞു അവരം പിന്നേയും ആലോചിച്ചു. അമ്മ മരിച്ചുപോയതുകൊണ്ടു് ഏതാണു് സത്യം ഏതാണു് അസത്യം എന്നു തീർച്ചപ്പെടുത്തുവാൻ പ്രയാസമുണ്ടു്. ഞാൻ എന്തു പറഞ്ഞാലും ശരി; അദ്ദേഹം എന്നെ ധർമ്മപത്നിയായിക്കരുതുന്നു. പിന്നെ എന്താണു

അദ്ദേഹം എൻെറ പ്രവൃത്തിയെല്ലാം സഹിച്ചുകൊണ്ടിരിയ്ക്കുന്നതു? അവകാശത്തോടും, അധികാരത്തോടുംകൂടി ഇവിടെവരുന്നതിനു അദ്ദേഹത്തിനെന്താണു് വിരോധം? എൻെറ അഹങ്കാരം ശമിപ്പിച്ചു എന്നെ കൊണ്ടു പോകരുതേ? അതിനെ എതിക്കുവാൻ ഞാനാരാണു് ? എന്നെ സംബന്ധിച്ച എല്ലാ അധികാരവും അദ്ദേഹന്നിന്നല്ലേ?

കുസുമയുടെ ശരീരം വിറച്ചു. അതുകൊണ്ടു് ചരണൻ ഉണൎന്നു. അവൻ, "എന്താ അമ്മേ?" എന്നു ചോദിച്ചു.

കുസുമ അവനെ മാറോടണച്ചു് "ഓമനേ, ചരണാ, നീ ആരെയാണു് അധികം സ്നേഹിയ്ക്കുന്നതു്? എന്നെയോ? അച്ഛനേയോ?" എന്നു ചോദിച്ചു.

ചരണൻ സംശയംകൂടാതെ "അമ്മയേത്തന്നെ" എന്നുപറഞ്ഞു.

കുസുമ:—"ചരണാ, നീ വലിയ ഒരാളായാൽ അമ്മയെ നോക്കില്ലേ? അതോ മറന്നുകളയുയോ?"

ചരണൻ:—"ഉം, നോക്കും. മറക്കില്ല."

കുസുമ:—"അച്ഛൻ വേണ്ടെന്നു പറഞ്ഞാലോ?"

ചരണൻ:—"എന്നാലും നോക്കും."

കുസുമ ദീൎഘമായി ശ്വസിച്ചു. ഭാവിയെപ്പററി ആ ബാലൻ പറഞ്ഞ വാക്കുകൾ സഫലമാകട്ടെ എന്നു അവൾ പ്രാൎത്ഥിച്ചു. അവളുടെ കണ്ണുകളിൽ വെള്ളം

നിറഞ്ഞൊഴുകി. ചരണൻ പിതാവായും ഉറങ്ങിയപ്പോൾ അവർ വിചാരിച്ചു. 'എനിക്കെന്താണ് ഭയപ്പെടാനുള്ളതു്? ആരും എന്നെ രക്ഷിച്ചില്ലെങ്കിലും എൻെറ മകൻ എന്നെ രക്ഷിയ്ക്കാതിരിയ്ക്കയില്ല."

പിറേറ ദിവസം രാവിലെ അമ്മയും മകനും നദിയിലേയ്ക്കു സ്നാനത്തിന്നുപോയി. മടങ്ങിവരുമ്പോൾ മുററത്തു് മദ്ധ്യവയസ്സായുള്ള ഒരു സ്ത്രീ നില്ക്കുന്നതുകണ്ടു. കുഞ്ജനാഥനുണ്ടു്. അവർ കുഞ്ജനാഥനോട്ടു് എന്തോ ചോദിച്ചിരുന്നു. കുഞ്ജനാഥൻ വണക്കത്തോടുകൂടിയാണു് മറുവടി പറഞ്ഞിരുന്നതു്. അവരാണു് കുഞ്ജനാഥൻെറ ഭാര്യയുടെ അമ്മ. ജാമാതാവിൻെറ ക്ഷേമത്തെപ്പററി സ്നേഹപുരസ്സരം എന്തെങ്കിലും ചോദിയ്ക്കുകയല്ല അവർ ചെയ്തിരുന്നതു്. തൻെറ ഏകപുത്രിയുടെ വാസത്തിന്നു പററിയതാണോ ആ ഗൃഹം എന്ന നോട്ടത്തിലാണു് അവർ ആ സ്ഥലം പരിശോധിച്ചിരുന്നതു്. അവരുടെ ഓരോ ചോദ്യത്തിലും ഈ ഉദ്ദേശം വ്യക്തമായിരുന്നു.

കുസുമയെ കണ്ടപ്പോൾ അവർ അത്ഭുതത്തോടെ നോക്കി. നവയൌവനവും വന്നനാൾതോറും വളരുന്ന അവളുടെ ശരീരത്തിൻെറ ഭംഗിയെ ആ നനഞ്ഞവസ്ത്രം മറച്ചിരുന്നില്ല. അററംകെട്ടി പിന്നിലേക്കിട്ടിരുന്ന അവളുടെ തലമുടി പിൻഭാഗത്തെ മുഴുവൻ മറച്ചിരുന്നു ഇടത്തെ കൈകൊണ്ടു ഒക്കത്തുവെച്ചിരുന്ന ഒരു കുടവും വലത്തെ കൈകൊണ്ടു ചരണനേയും പിടിച്ചുകൊണ്ടാണു് അവൾ വന്നതു്. ചരണൻെറ കൈയിലും ഒരു ചെറിയ കുടമുണ്ടായിരുന്നു. അമ്മയെ സഹായിക്കാൻ അവൻ

തൻെറ ശക്തിക്കനുസരിച്ചു വെള്ളം കൊണ്ടുവരുന്നതായിരിക്കണം. ലോകത്തിൽ ദുർല്ലഭം ചില അവസരങ്ങളിൽ മാത്രം ഇങ്ങിനെ മാതാവിനേയും പുത്രനേയും സന്തോഷത്തോടെ കാണാം. കാണുന്നവക്കു ഇവരെത്തന്നെ നോക്കിക്കൊണ്ടു നില്ക്കാൻ തോന്നും. കുഞ്ജനാഥൻ തൻെറ അമ്മായി ഇമവെട്ടാതെ നോക്കിനില്ക്കുന്നതുകണ്ടു. കുസുമയ്ക്കു തന്നെ ഒരാൾ ഇങ്ങനെ നോക്കിനില്ക്കുന്നതു കണ്ടപ്പോൾ ലജ്ജതോന്നി. അവൾ വേഗത്തിൽ അകത്തേയ്ക്കു പോകുവാൻ ഭാവിച്ചപ്പോൾ കുഞ്ജനാഥൻെറ അമ്മായി "ഇവളാണോ നിൻെറ അനുജത്തി കുസുമ?" എന്നു ചോദിച്ചു.

കുഞ്ജനാഥൻ സന്തോഷത്തോടെ, "അതെ അമ്മായി. ഇവൾതന്നെയാണു് എൻെറ അനുജത്തി കുസുമ" എന്നുപറഞ്ഞു.

അവർ കുട്ടിയെ നോക്കി, "ഇവനെ മുമ്പെവിടെയോ കണ്ടതുപോലെയിരിയ്ക്കുന്നുവല്ലൊ" എന്നു പരിചയം നടിച്ചു.

ചരണൻ പെട്ടെന്നു തൻെറ പരിചയം പുതുക്കിക്കൊണ്ടു പറഞ്ഞു. "ഞാനാണു് ചരണൻ. ഞാനും മുത്തശ്ശിയും കൂടി നിങ്ങളുടെ വീട്ടിൽ അമ്മാമൻെറ കല്യാണം നിശ്ചയിക്കാൻ വന്നിരുന്നു."

കുസുമ ചരണനെ തൻെറ അരികിലേയ്ക്കു നീക്കി നിർത്തി ഇങ്ങിനെ ഉപദേശിച്ചു. "അതൊന്നും പറയരുതു്. അമ്മാമിയെ കാണാൻ ചെന്നു എന്നു പറയണം."

"ശരിതന്നെ. വൃന്ദാവനന്റെ മകനോ? ഈ ചെറു വിരലോളം പോന്ന വികൃതിച്ചെക്കന്റെ വാക്ക കേട്ടില്ലേ?" എന്ന് കുഞ്ജനാഥന്റെ അമ്മായി ചോദിച്ചു.

ഈ വാക്കുകൾ കേട്ടപ്പോൾ കുസുമ ജ്യേഷ്ഠന്റെ മുഖത്തു ഒന്നു നോക്കി. സ്നേഹമോ, മര്യാദയോ കുടുകളവുമില്ലാത്ത ആ സ്ത്രീ പിന്നെയും ഓരോന്നും പറയുവാനിടവരത്തേണ്ട എന്നു വിചാരിച്ചു അവൾ ചരണനേയുംകൂട്ടി അകത്തേയ്ക്കു പോയി.

കുഞ്ജനാഥനു അധികം അറിഞ്ഞുകൂടെങ്കിലും തന്റെ അമ്മായി ചരണനെപ്പററി പറഞ്ഞതു് നന്നായില്ല എന്നു തോന്നി. അനുജത്തിയുടെ സദ്ഗുണങ്ങൾ അവനു നല്ലവണ്ണമറിയാം. അവളെ വെറുതെ വേദനിപ്പിയ്ക്കുന്നതു് അവനു സങ്കടമായിത്തോന്നി. ഇങ്ങിനെ തുടങ്ങിയ ബന്ധം ഏതുവിധത്തിൽ അവസാനിയ്ക്കുമെന്നു അവൻ ഭയപ്പെട്ടു. കുഞ്ജനാഥന്റെ അമ്മായിക്കും തന്റെ വാക്കിനെപ്പററി പശ്ചാത്താപം തോന്നിയിരിക്കണം. തന്റെ വാക്ക മററുള്ളവരെ വേദനിപ്പിയ്ക്കുമെന്നു അവർ ഓർത്തിരിയ്ക്കയില്ല. പഠിപ്പും സജ്ജനസംസർഗ്ഗവുമില്ലാത്തതുകൊണ്ട് ഇങ്ങിനെ പറഞ്ഞുപോയെന്നുമാത്രമേയുള്ളൂ.

അടുക്കളയിൽനിന്നു കുസുമ ജ്യേഷ്ഠന്റെ അമ്മായിയെ നോക്കി അവരെ കണ്ടാൽ നാല്പതു വയസ്സിലധികമായില്ലെന്നു തോന്നും. കറുത്തകരയുള്ള ചേലയും, കഴുത്തിലുള്ള സ്വർണ്ണച്ചങ്ങലയും, കാതിലും കഴുത്തിലുമുള്ള

ആഭരണങ്ങളും അവരുടെ ആഡംബരപ്രിയത്തെ വ്യക്തമാക്കി. വൃന്ദാവനൻെറ അമ്മയേയും, ഈ സ്ത്രീയേയും കസുമ മനസ്സുകൊണ്ടു് താരതമ്യപ്പെടുത്തിനോക്കി. ഒരാൾ ദയയുടേയും സ്നേഹത്തിൻേറയും ഇരിപ്പടമാണെങ്കിൽ രണ്ടാമത്തെ ആൾ കാരണ്യത്തിൻേറയും ക്രൂരതയുടേയും അവതാരമാണെന്നു കസുമയ്ക്കു തോന്നി.

അമ്മായി കുഞ്ജനാഥനോട്ടു് എന്തോ സംസാരിച്ചുകൊണ്ടിരുന്നു. അതു് വ്യക്തമായി കേട്ടിരുന്നില്ലെങ്കിലും, തന്നെപ്പററിയാണു് പറയുന്നതു് എന്നു കസുമ മനസ്സിലാക്കി. കുഞ്ജനാഥൻെറ അമ്മായിക്കു് എപ്പോഴും മുറുക്കണം. പൂജ, ഉറക്കം, ഭക്ഷണം എന്നീ അവസരങ്ങളിലൊഴികെ എപ്പോഴും അവരുടെ വായ താംബൂലംകൊണ്ടു നിറഞ്ഞിരിയ്ക്കും. അവർ കളിച്ചു പൂജകഴിച്ചു. അതിന്നു വേണ്ട പൂവ്, കണ്ണാടി മുതലായ സാധനങ്ങൾകൂടി അവർ കൊണ്ടുവന്നിരുന്നു.

കസുമ പൂജകഴിച്ചതിന്നു ശേഷം ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി. അപ്പോൾ അമ്മായി അടുക്കളയിൽ വന്നിരുന്നു. പിന്നെ അവർ നാലുപുറവും, കീഴും മേലും നോക്കിയതിന്നു ശേഷം, "നിൻെറ കഴുത്തിൽ മാലയും നെററിയിൽ പൊട്ടും കാണാത്തതെന്താണു്?" എന്നു ചോദിച്ചു.

കസുമ:—"ഞാൻ അതൊന്നും ധരിയ്ക്കാറില്ല." എന്നു ചുരുക്കത്തിൽ പറഞ്ഞവസാനിപ്പിച്ചു.

അമ്മായി:—"ധരിയ്ക്കാറില്ല എന്നു പറഞ്ഞതുകൊണ്ടു മാത്രമായോ? അങ്ങിനെയാണെങ്കിൽ നിൻെറ കൈയിൽനിന്നു ഒരു പാത്രം വെള്ളംപോലും ആരും വാങ്ങിക്കുടിയ്ക്കുകയില്ലല്ലോ."

കുസുമ അവരുടെ നേരെ തിരിഞ്ഞു് "അങ്ങിനെയാണെങ്കിൽ നിങ്ങൾക്കു ഭക്ഷണം പാകം ചെയ്യാൻ വേറെ ഏർപ്പാടു ചെയ്യട്ടയോ?" എന്നു ചോദിച്ചു.

അമ്മായി:—"ഞാൻ നിൻെറ ബന്ധുവാണല്ലോ. നീ പാകം ചെയ്തതു് ഭക്ഷിയ്ക്കുവാൻ എനിയ്ക്കു വിരോധമില്ല. എന്നാൽ വേറെ ആരും ഇവിടെ നിന്നു ഒന്നും കഴിക്കുകയില്ല."

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. അപ്പോൾ കുഞ്ജനാഥൻ അകത്തുവന്നു് "ചരണൻ എപ്പോഴാണു് വന്നതു?" എന്നു ചോദിച്ചു.

"ഇന്നലെ വൈകുന്നേരം വന്നു" എന്നു കുസുമ പറഞ്ഞു. അപ്പോൾ കുഞ്ജനാഥൻെറ അമ്മായി, "വൃന്ദാവനൻെറ ഇഷ്ടപ്രകാരം ഇവളെവന്നു കൂട്ടിക്കൊണ്ടുപോവില്ലത്രെ? മകനെ ഒരു ഭൃത്യൻെറ കൂടെയാണത്രെ ഇങ്ങോട്ടയച്ചതു്" എന്നു പറഞ്ഞു.

കുഞ്ജനാഥൻ ആശ്ചര്യത്തോടെ, "നിങ്ങൾ ഇതൊക്കെ എങ്ങിനെയാണു് അറിഞ്ഞതു്.?" എന്നു ചോദിച്ചു.

അവർ അഭിമാനത്തോടെ, പറഞ്ഞു. "എനിയ്ക്കു ഇനിയും നാലുകണ്ണും ചെവിയുമുണ്ടു്. ഞാൻ കേൾക്കുന്നതു് അസത്യമായിരിക്കയില്ല. അവർ എത്രയോ പാ

ഞ്ഞു; അപേക്ഷിച്ചു. എന്നിട്ടും നിൻെറ അനുജത്തി സമ്മതിച്ചില്ല. നാലുപേർ എട്ടുവിധം പറയും. ഇവിടെ ചങ്ങാതികരം പലരുമുണ്ട്. അനുജത്തിയ്ക്കു നല്ല പ്രായമാണ്. മനസ്സും കരങ്ങും ഒരുപോലെ എന്നു പറയാമുണ്ട്. വഴിതെററിപ്പോകുവാൻ അധികമൊന്നും വേണ്ട."

കുഞ്ജനാഥൻ അവരുടെ വാക്കിനെ അനുമോദിച്ചുകൊണ്ട്, "നിങ്ങരം പറഞ്ഞതു വളരെ ശരിയാണ്." എന്നു പറഞ്ഞു.

കുസുമ ഒരു സിംഹികയേപ്പോലെ തലയുയർത്തി "ജ്യേഷ്ഠാ, നിങ്ങരംക്കു അടുക്കളെയിലെന്താണ് കാര്യം? ഇവിടെനിന്നു പോകൂ." എന്നു ആജ്ഞാപിച്ചു.

കുഞ്ജനാഥൻ എഴുന്നേററു പോകാൻ ഭാവിച്ചു. അപ്പോരം അവൻെറ അമ്മായി പറഞ്ഞു: "ജ്യേഷ്ഠൻെറ വായ മൂടാൻ സാധിച്ചു എന്നുവരാം എന്നാൽ നാട്ടുകാരുടെ വായ മൂടുവാൻ സാധിയ്ക്കുമോ? ഇപ്പോരം നദിയിൽനിന്നു സ്നാനം ചെയ്തുവരുന്ന നിന്നെക്കണ്ടാൽ തപസ്വികളുടെ മനസ്സുകൂടെ ഇളകിപ്പോകും. പിന്നെ സാധാരണക്കാരുടെ കാര്യം പറയാനുണ്ടോ? നിൻെറ ജ്യേഷ്ഠൻ തന്നെ പറയട്ടെ. ഞാനൊന്നുമുണ്ടായിട്ടു പറയുന്നതല്ല."

കുസുമ പിന്നേയും ജ്യേഷ്ഠൻെറ നേരെ തീക്ഷ്ണമായി നോക്കി "അനുജത്തിയെപ്പററി പറഞ്ഞുകൊണ്ടിരിയ്ക്കുന്നതു കേരംക്കാൻ ജ്യേഷ്ഠനു നാണമില്ലേ? പോവൂ പുറത്തു" എന്നു പറഞ്ഞു.

കുസുമയുടെ ഭയങ്കരമായ നോട്ടവും, മുഖഭാവവും, ശബ്ദവും കുഞ്ജനാഥനെ ഭയപ്പെടുത്തി. അതുകൊണ്ടു് പിന്നെ അവൻ അവിടെ ഒരു നിമിഷംപോലും നിന്നില്ല. കുസുമ അടുപ്പത്തിരുന്ന പാത്രം ഇറക്കിത്താഴെ വെച്ചു അടുക്കളയിൽനിന്നു പോയി.

കുഞ്ജനാഥൻെറ അമ്മായിക്കു ലജ്ജതോന്നി അവർ അവിടെത്തന്നെയിരുന്നു. കലഹിയ്ക്കുവാൻ തന്നോപ്പോലെ ആരുമില്ലെന്നു അവർ വിചാരിച്ചിരുന്നു. ഈ ദരിദ്രപ്പെണ്ണു് തന്നെ തോല്പിയ്ക്കുമെന്നു അവർ ഒരിക്കലും കരുതിയിരുന്നില്ല.

## VIII

കുസുമയുടെ കാര്യങ്ങളേപ്പററി അന്വേഷിച്ചാലും ഇല്ലെങ്കിലും, അവളോടു ശണ്ഠകൂടുവാനാണു കുഞ്ജനാഥൻെറ അമ്മായി വന്നതു് എന്ന കാര്യം തീച്ചയാണു്. തൻെറ മകൾക്കു കുഞ്ജനാഥൻെറ ഗൃഹത്തിൽ ഏകച്ഛത്രാധിപത്യം സമ്പാദിച്ചുകൊടുക്കുകയായിരുന്നു അവരുടെ ഉദ്ദേശം. കുസുമ ഭർത്തൃഗൃഹത്തിലേയ്ക്കു പോവുകയോ, അല്ലെങ്കിൽ തൻെറ മകൾക്കു് കീഴടങ്ങിയിരിക്കുകയോ വേണം. അതിന്നുവേണ്ടി ചതുരുപായങ്ങളും പ്രയോഗിക്കുവാൻ അവർ ഒരുക്കമായിരുന്നു. വ്യക്തികളുടെ സുഖദുഃഖങ്ങളോ, മാനാവമാനങ്ങളോ നോക്കണമെന്നു അവർ വിചാരിച്ചില്ല. തൻെറ കാര്യം സാധിക്കണമെന്നല്ലാതെ, അതിന്നുവേണ്ടി ഉപയോഗിക്കുന്ന മാർഗ്ഗത്തിൻെറ നന്മ

തിന്മകൾ അവരുടെ ആലോചനയിൽ പെട്ടില്ല. അതു കൊണ്ടു് കുസുമയെ ഖേദനിപ്പിയ്ക്കുന്നതു സാരമാക്കാതെ യാണു് അവർ പറഞ്ഞതു്.

കുഞ്ജനാഥന്റെ അമ്മായി അന്നു പകൽ ആഹാര മൊന്നും കഴിച്ചില്ല. ഒടുവിൽ രാത്രി കുഞ്ജനാഥൻ വളരെ അപേക്ഷിച്ചതുകൊണ്ടു് കുറച്ചു ഭക്ഷണം കഴിച്ചു. തന്റെ അഭിമാനം നിലനിൎത്തുവാൻവേണ്ടി കുഞ്ജനാ ഥൻ അന്തൎജ്ജനത്തിയെ എന്തൊക്കെയോ പറഞ്ഞു. കുസുമ അതിന്നു സമാധാനമൊന്നും പറഞ്ഞില്ല. അവളെ ഭക്ഷണം കഴിക്കാൻ ആരും വിളിച്ചില്ല.

പിറേറദിവസം രാവിലെ കുഞ്ജനാഥന്റെ അമ്മാ യി സ്വഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. അപ്പോൾ കുസുമ വന്നു അവരെ കുമ്പിട്ടു. എങ്കിലും അവരൊന്നും പറ ഞ്ഞില്ല. തന്റെ ജാമാതാവിനോടു് അവർ ഇങ്ങിനെ പറഞ്ഞു. "അവിടെ പലതും നോക്കാനുണ്ടു്. അന്തൎജ്ജ ത്തിയോടുകൂടി ഇവിടെ താമസിച്ചാൽ ഒന്നും നടക്കില്ല"

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. പറയേണ്ട ആവശ്യവുമുണ്ടായിരുന്നില്ല. അവൾ ഒന്നും പറയാതെ തല കുനിച്ചുനിന്നു. വൃന്ദാവനന്റെ അമ്മ യാത്ര പറഞ്ഞപ്പോഴത്തെ സ്ഥിതി കുസുമയ്ക്കു ഓൎമ്മ വന്നു.

കുഞ്ജനാഥന്റെ അമ്മായി വന്നുപോയിട്ടു് രണ്ടു മാസം കഴിഞ്ഞു. ഇതിനിടയിൽ ജ്യേഷ്ഠന്റെ സ്വഭാവ ത്തിന്നു വന്ന മാററം കണ്ടു് കുസുമ അത്ഭുതപ്പെടുകയും,

വ്യസനിയ്ക്കുകയും ചെയ്തു. അയാറം വീട്ടിൽ അധിക ദിവസവും വരാറില്ല; വന്ന ദിവസംതന്നെ അവിടെ താമസിക്കാറില്ല. കഞ്ജനാഥനെപ്പോലെ അല്പബുദ്ധിക ളായവക്ക് കുറച്ചു സ്വാതന്ത്ര്യമാകുമ്പോഴേയ്ക്ക് ഇങ്ങിനെ മാററം വരുന്നതിൽ എന്താണ് ആശ്ചയ്യപ്പെടുവാനു ള്ളതു് എന്നു വിചാരിച്ചു കുസുമ ചിലപ്പോറം സമാധാ നിക്കും.

അന്നൊരു ദിവസം രാത്രി തന്നിയെ കഴിച്ചുകൂട്ടുന്ന തെങ്ങിനെ എന്നു വിചാരിച്ചു കുസുമ ഭയപ്പെട്ടു. എ ന്നാൽ അതിന്നുശേഷം എത്രയോ രാത്രി അവറംക്കു തന്നിയെ കഴിച്ചുകൂട്ടേണ്ടിവന്നു. ദുഃഖംകൊണ്ടു് ഭയം എന്താണെന്നു അവറം അറിയാതെയായി. സഹോദരന്നു താൻ ഒരു ഭാരമായിത്തീൻവല്ലോ എന്നായിരുന്നു അവ ളുടെ വ്യസനത്തിന്നു കാരണം. ഇന്നു് താൻ മരിച്ചു പോവുകയാണെങ്കിൽ ജ്യേഷ്ഠൻെറ കണ്ണിൽനിന്നു് ഒരു തുള്ളി വെള്ളംപോലും പുറപ്പെടുകയില്ല. ഈ സങ്കടാ വസ്ഥയിൽ ചരണനേപ്പററിയുള്ള വിചാരമാണ് കുസു മയെ അല്പം സമാധാനിപ്പിച്ചതു്. അവൻ "അമ്മേ, അമ്മേ" എന്നു വിളിച്ചു് ഓടിവരും. എന്തൊരു സ്വ ർഗ്ഗീയസുഖമാണ് അവൻെറ സംസർഗ്ഗംകൊണ്ടു കുസുമ യനുഭവിച്ചിട്ടുള്ളതു്?

ഒരു ദിവസം തൻെറ സ്ഥിതികളെല്ലാം കാണിച്ചു് കുസുമ വൃന്ദാവനന്നു എഴുതി അയച്ചു. അതുകൊണ്ടു് അവറം ആശിച്ചതുപോലെയുള്ള ഫലമൊന്നുമുണ്ടായില്ല. വൃന്ദാവനൻ അതിന്നു മറുപടിയായി കുറച്ചു ഉറുപ്പിക

മാത്രം അയച്ചുകൊടുത്തു. അതു വാങ്ങാതിരിയ്ക്കുവാൻ കുസുമയ്ക്കുസാധിച്ചില്ല. അവളുടെ സ്ഥിതി അത്രവളരെ മോശമായിരുന്നു. അന്നു രാത്രി കുഞ്ജനാഥൻ വീട്ടിൽ വന്നു. രാവിലെ കുസുമ എഴുനേററു വന്നാപ്പോൾ ജ്യേഷ്ഠൻ പുറപ്പെട്ടു നില്ക്കുന്നതുകണ്ടു. അവൾ കുറച്ചുകാലമായി ജ്യേഷ്ഠനോടു ഒന്നും ആവശ്യപ്പെടാറില്ല. ഇന്നു് ആ പതിവന്നു വിപരീതമായി കുസുമ ചോദിച്ചു: "ജേഷ്ഠനെന്തിനാണു് ഇത്ര നേരത്തെ പോകുന്നതു്? വേഗത്തിൽ ഭക്ഷണം തയ്യാറാവും. വല്ലതും കഴിച്ചിട്ടു് പോയാൽ പോരെ?"

കുഞ്ജനാഥൻ—"എങ്ങോട്ടെങ്കിലും പുറപ്പെടുമ്പോഴൊക്കെ മുമ്പിൽ വന്നു തടുത്താലോ?"

കുസുമ:—"ജ്യേഷ്ഠൻ അതുകൊണ്ടൊന്നും ഭയപ്പെടേണ്ട. ഞാൻ തടുത്തതുകൊണ്ടു് ഒരു കാര്യവും സാധിക്കാതെ വരില്ല. ഇതിന്നു എത്രയോ മുമ്പു് ജ്യേഷ്ഠനോടു് എന്തെല്ലാം പറഞ്ഞിരിയ്ക്കുന്നു? എന്നിട്ടും യാതൊരു തകരാറും കൂടാതെ കാര്യങ്ങളൊക്കെ നടന്നുവല്ലോ"

കുഞ്ജനാഥൻ:—എന്നെ ഒരു മനുഷ്യനായിട്ടല്ല നിങ്ങളൊക്കെ വിചാരിച്ചിരിയ്ക്കുന്നതു്."

കുസുമ:—"മനുഷ്യനാണെന്നു വിചാരിയ്ക്കാനും ചില ഗുണങ്ങളൊക്കെ വേണം. നായ, പൂച്ച മുതലായ ജീവികളുംകൂടെ ഇങ്ങിനെ നന്ദികെട്ടവയല്ല."

കുസുമയ്ക്കു താൻ പറഞ്ഞതു് കുറെ അധികമായോ എന്നു സംശയം തോന്നി. അതുകൊണ്ടു് പിന്നെയൊന്നും

പറയാതെ അവിടെനിന്നു പോയി അറയിൽചെന്ന് വാതിലടച്ചുകിടന്നു. പുറമേയ്ക്കുള്ള വാതിൽ അടച്ചിരുന്നില്ല. ഏകദേശം പത്തുമണിയായപ്പോൾ വൃന്ദാവനൻ വന്നു. ആ വീട്ടിലെ സ്ഥിതികണ്ടു് അയാൾക്കു ആശ്ചര്യം തോന്നി. കുഞ്ജനാഥന്റെ അറ പുറമേനിന്നു പൂട്ടിയിരിയ്ക്കുന്നു. കുസുമയുടെ അറ അകത്തുനിന്നു് താഴിട്ടിരിയ്ക്കുന്നു. അടുക്കളയിലേയ്ക്കു നോക്കിയപ്പോൾ ഒരു നായ ചോറുതിന്നു ഓടിപ്പോകുന്നതുകണ്ടു. ചരണനും, ഒരു വേലക്കാരനും വൃന്ദാവനന്റെകൂടെ വന്നിരുന്നു. അവൻ വന്ന ഉടനെ "അമ്മേ, അമ്മേ" എന്നു വിളിച്ചു.

പെട്ടെന്നു ചരണന്റെ ഒച്ച കേട്ടപ്പോൾ കുസുമ എഴുന്നേററുവന്നു. അവളുടെ കണ്ണു കലങ്ങിയതുകണ്ടു് വൃന്ദാവനന്നു സങ്കടം തോന്നി. ഇങ്ങനെ പെട്ടെന്നു വൃന്ദാവനൻ വരുമെന്നു് കുസുമ വിചാരിച്ചിരുന്നില്ല. അവൾ അകത്തുപോയി ഒരു പലകയെടുത്തുകൊണ്ടു വന്നു് അയാൾക്കു് ഇരിയ്ക്കാൻ കൊടുത്തു. ചരണൻ അവളുടെ കാലുകളിൽ മുറകെ പിടിച്ചു. കുസുമ അവനെ എടുത്തു് ഒരു തൂണിന്റെ മറവിൽ പോയി നിന്നു.

അമ്മയുടെ മുഖം കണ്ടപ്പോൾ ചരണൻ, "അച്ഛാ അമ്മ കരയുന്നു" എന്നുപറഞ്ഞു.

വൃന്ദാവനന്നു അവൾ കരയുകയാണെന്നു അറിയാമായിരുന്നു. എങ്കിലും, "എന്താണു കാരണം? എന്നോടു വരാൻ എഴുതി അയച്ചതെന്തിനാണു്?" എന്നു ചോദിച്ചു.

കുസുമയ്ക്കു അപ്പോഴും ഒന്നും പറയാൻ സാധിച്ചില്ല. വൃന്ദാവനൻ പിന്നേയും ചോദിച്ചു. ഇവിടെ വന്നു് ജ്യേഷ്ഠനെ കാണണമെന്നു എഴുതി അയച്ചിരുന്നുവല്ലോ. ഒരയാൾ എവിടെ?"

കുസുമ കരഞ്ഞുകൊണ്ടു്, "ജ്യേഷ്ഠൻ മരിച്ചുപോയി" എന്നുപറഞ്ഞു.

അയ്യയ്യോ! മരിച്ചുപോയോ? എപ്പോൾ? എന്തായിരുന്നു ദീനം?" വൃന്ദാവനന്റെ സ്വരത്തിലുള്ള പരിഹാസം കുസുമയ്ക്കു പുണ്ണിൽ അമ്പുതറച്ചതുപോലെയായി. "ഇതാ, എന്നെ പരിഹസിയ്ക്കാനാണോ ഇവിടെ വന്നതു്? എന്റെ ഹൃദയം എരിഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ തന്നെയാണു് പരിഹസിക്കേണ്ടതു്? ക്ഷണിച്ചുവരുത്തിയതിന്നു പകരംചെയ്യുകയാണോ ഇതു്?" എന്നു പറഞ്ഞു കുസുമ വീണ്ടും കരഞ്ഞുതുടങ്ങി.

അവൾ കരയുന്ന ശബ്ദം വൃന്ദാവനന്നു കേൾക്കാമായിരുന്നു. എങ്കിലും അതിൽ സഹതാപം കാണിക്കാതെ അയാൾ "എന്നെ എന്തിനാണു് വിളിച്ചുവരുത്തിയതു്?" എന്നു വീണ്ടും ചോദിച്ചു് മറുവടി കാത്തിരുന്നു.

കുസുമ കണ്ണീരടക്കിക്കൊണ്ടു പറഞ്ഞു: "എനിയ്ക്കു ആരോടും സങ്കടം പറയാനില്ല. മുമ്പൊക്കെ എന്തെങ്കിലും കാര്യമുണ്ടാകുമ്പോൾ ഈ വഴിക്ക വന്നിരുന്നു. ഇപ്പോൾ വഴിതെററി അറിയാതേയും ഈ വഴിക്കൊന്നും വരാറില്ല."

വൃന്ദാവനൻ:—"മറന്നിട്ടല്ല വരാത്തതു്. മറക്കത്തക്ക കാൎയ്യമായിരുന്നുവെങ്കിൽ വേണ്ടില്ല. പക്ഷെ വരാൻ പറഞ്ഞ കാൎയ്യമെന്താണു്?"

കുസുമ:—"ഇങ്ങിനെ പരിഹസിച്ചുകൊണ്ടിരുന്നാൽ പറയുന്നതെങ്ങനെ?"

വൃന്ദാവനൻ:—ഞാൻ പരിഹസിയ്ക്കുകയില്ല. എങ്ങിനെ പറയണമെന്നാണോ ഇഷ്ടം അതുപോലെ പറയൂ.

കുസുമ:—"കുസുമ വളരെ ദിവസമായി ഒരു കാൎയ്യം ചോദിയ്ക്കണമെന്നു വിചാരിയ്ക്കുന്നു. ഞാൻ നേരു വുമുഴവൻ അലഞ്ഞു നടക്കുകയാണെന്നു ആരാണു് പറഞ്ഞുപരത്തിയതു്?"

വൃന്ദാവനൻ:—"ഞാനാണു് പറഞ്ഞുപരത്തിയതു് എന്നുതന്നെയിരിക്കട്ടെ. അതിനെന്തു വേണം?"

കുസുമ:—അവിടുന്നു് അങ്ങനെയുള്ള അപവാദം പറഞ്ഞു പരത്തി എന്നല്ല ഞാൻ പറഞ്ഞതു്. അങ്ങിനെ ഞാൻ സംശയിച്ചിട്ടുപോലുമില്ല. എന്നാൽ.......

വൃന്ദാവനൻ:—"നിന്നെ ദ്രോഹിയ്ക്കുന്നതിന്നുവേണ്ടിയാണു് ഞാൻ അമ്മയേയും മററും ക്ഷണിച്ചുകൊണ്ടു വന്നതു് എന്നു നീ അന്നു പറഞ്ഞുവല്ലോ. അതുകൊണ്ടു് നീ അമ്മയെ അപമാനിയ്ക്കുന്ന കാൎയ്യത്തിൽ ഉപേക്ഷ കാണിച്ചില്ല. അതൊക്കെ പോട്ടെ."

കുസുമ:—"ഞാൻ അവിടേയ്ക്കും അമ്മയ്ക്കും വളരെ ദുഃഖമുണ്ടാക്കിയെന്നിരിക്കട്ടെ. അന്നൊന്നിയ്ക്കു അവി

ടത്തെ യോഗ്യതയറിയുവാൻ സാധിച്ചില്ല. അതെ ൻെറ കൈയിൽവന്ന തെററാണ്."

വൃന്ദാവനൻ:—"ഇന്നറിയുവാൻ സാധിച്ചുവോ?"

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. വൃന്ദാവനൻ കുറച്ചു കഴിഞ്ഞപ്പോൾ, "അതിരിക്കട്ടെ. ഒരു നായ വന്നു ചോറെല്ലാം തിന്നുപോയി. അടുക്കള യിൽ പോയി നോക്കൂ." എന്നു പറഞ്ഞു.

കുസുമ:—"നായ തിന്നുപോമെങ്കിൽ പോകട്ടെ. ഞാൻ ഇന്നു ഊണുകഴിക്കണമെന്നു വിചാരിയ്ക്കുന്നില്ല. മുമ്പുതന്നെ അറിഞ്ഞിരുന്നെങ്കിൽ വെക്കുകയില്ലാ യിരുന്നു."

വൃന്ദാവനൻ:—"ഇന്നു് ഏകാദശിയാണോ?"

കുസുമ:—"അറിയില്ല. ഞാൻ ഏകാദശി നോല്ക്കാറില്ല."

വൃന്ദാവനൻ:—"ഇപ്പോൾ ഏകാദശി നോല്ക്കാറില്ലേ?"

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ വൃന്ദാവനൻ വീണ്ടും ചോദിച്ചു. "മുമ്പൊക്കെ ഏകാദശി നോററിരുന്നുവല്ലോ. പിന്നെ യെന്താണു് അതു വേണ്ട എന്നുവെച്ചതു്?"

കുസുമ:— "ഇപ്പോൾ നോല്ക്കാറില്ല. ജ്യേഷ്ഠൻെറ സ്വ ഭാവം ഇത്തരത്തിലായി. അവിടുത്തെ വാക്കുകൾ കേൾക്കുമ്പോൾ വാസ്തവം പറയാമല്ലോ; കഴുത്തിൽ കയറുകെട്ടി എവിടെയെങ്കിലും തൂങ്ങിച്ചാകാമെന്നു തോന്നുന്നു. അല്ലാതെ എന്തുചെയ്യട്ടെ?"

വൃന്ദാവനൻ:—"അതൊന്നും വേണ്ട. എൻെറ വാക്കുകൾ കേൾക്കാനിഷ്ടമില്ലെങ്കിൽ സാരമില്ല. ജ്യേഷ്ഠൻെറ സ്ഥിതിയെന്താണ് ഇങ്ങിനെയായതു്?"

കുസുമ:—"അതു് മഹാഭാരതംപോലെ വലിയ കഥയാണ്. അതൊക്കെ പറയുവാൻ സമയമില്ല; എനിയ്ക്കു് ധൈൎയ്യവും, സാമൎത്ഥ്യവും, പോര. അതിൻെറ ചുരുക്കം ഇതാണ്. ജ്യേഷ്ഠന്നു ഭാൎയ്യവീട്ടിലെ സ്വത്തുക്കൾ നോക്കാനല്ലാതെ എന്നേപ്പററി ഒന്നും അന്വേഷിയ്ക്കാനിടയില്ല. ഈ വീട്ടിൽ വല്ലതും വേണമെന്ന വിചാരം ജ്യേഷ്ഠന്നു ലേശംപോലുമില്ല. അവിടത്തെ സഹായംകൊണ്ടാണ് ഞാനിപ്പോൾ പട്ടിണികിടന്നു ചാകാത്തതു്. ഞാൻ അവിടേയ്ക്കു വലിയ ഭാരമായിരിക്കാം. ഇനി ഒരു നിമിഷം പോലും ഇവിടെ താമസിക്കണമെന്നു എനിക്കാഗ്രഹമില്ല."

വൃന്ദാവനൻ.—"ശരി, ഇപ്പോൾ സമയം വൈകി. ചരണാ, നീ ഇവിടെയിരിക്കുന്നുവോ? എൻെറകൂടെ വരുന്നുവോ? എന്തായാലും വിരോധമില്ല കുസുമേ, നിനക്കിഷ്ടമാണെങ്കിൽ ചരണനേയും കൂട്ടി വീട്ടിലേയ്ക്കു പോരൂ. അമ്മയുടെ അടുത്തുചെന്നാൽ അവർ എല്ലാററിന്നും മാപ്പുതരും. അതുകൊണ്ടു് അവമാനമൊന്നും വിചാരിയ്ക്കാനില്ല. ഇതിലധികമൊന്നും എനിയ്ക്കു പറയാനില്ല."

കുസുമ:—"ഇന്നാണ് എനിയ്ക്കു എല്ലാം മനസ്സിലായതു്. എൻെറ ദുഃഖമെല്ലാം പറഞ്ഞിട്ടും നേരം വൈകി

പോകട്ടെ എന്നു പറയുന്നു. എനിയ്ക്കാരും ആശ്രയമില്ലെന്നറിഞ്ഞിട്ടും അതിനേപ്പററി അന്വേഷിയ്ക്കുന്നില്ല. ഇനി എനിയ്ക്കൊന്നും പറയാനില്ല. ഞാൻ ആരേയും വിശ്വസിയ്ക്കുന്നുമില്ല. ഞാൻ ഒരു കാൎയ്യം ചോദിയ്ക്കട്ടെ. അതിനെങ്കിലും സമാധാനം പറയുമോ?"

വൃന്ദാവനൻ:—"പറയാം. ഞാൻ നിന്നെ രക്ഷിയ്ക്കുന്ന കാൎയ്യത്തിൽ വിരോധം പറയുന്നില്ല. നീയാണതു സ്വീകരിക്കാത്തതു്."

കുസുമ:—"അതു് വെറും കളവാണു്. അമ്മയ്ക്കു എന്തെങ്കിലും ദുഃഖമോ അവമാനമോ വന്നിട്ടുണ്ടെങ്കിൽ അതിനേപ്പററി ഞാൻ പശ്ചാത്തപിക്കുന്നു എന്നു് സൎവ്വാന്തൎയ്യാമിയായ ദൈവത്തിന്നറിയാം. അതു കൊണ്ടുതന്നെയായിരിക്കണം എനിക്കിന്നു എല്ലാവരുമുണ്ടായിട്ടും ആരും ആശ്രയമില്ലാത്തതു്. എന്തു കുററമുണ്ടായിരുന്നാലും ഞാൻ അവിടത്തെ ഒരാളല്ലേ? ഒരു പിച്ചക്കാരിയെപ്പോലെ നാലുപേർ കാൺകേ അങ്ങോട്ടുവരണമെന്നു പറയുന്നതിൻെറ അൎത്ഥമെന്താണു്? ഞങ്ങൾ ദരിദ്രന്മാരാണു്. ഞങ്ങളുടെ അമ്മ പിച്ചയെടുത്താണു് ഞങ്ങളെ വളത്തിയതു്. ഇങ്ങിനെ എന്നോടു പറയുന്നതു് അവിടത്തെ ധനത്തിൻെറ മദംകൊണ്ടാണു്. അവിടത്തെ മുമ്പിൽ ഒരു പിച്ചക്കാരിയേപ്പോലെ വന്നു നില്ക്കേണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല."

വൃന്ദാവനൻ:—"എനിയ്ക്കിനി ഒന്നും പറയാനില്ല. ഞാൻ പോകട്ടെ." എന്നുപറഞ്ഞു് ചരണനേയും കൂട്ടി പടി കടന്നു.

കസുമ ഇടിവെട്ടേററതുപോലെ സ്തംഭിച്ചുനിന്നു.

## IX

ദിവസങ്ങൾ മാത്രമല്ല മാസംതന്നെ ഒന്നു കഴിഞ്ഞു. ചരണൻ അന്നു പോയതിൽപ്പിന്നെ വന്നിട്ടില്ല. ആരോ തടഞ്ഞതുകൊണ്ടാണു് അവൻ വരാത്തതു എന്ന കാൎയ്യം വ്യക്തമാണു്. അവൾക്കു കസുമയുമായി യാതൊരു ബന്ധവും പാടില്ലെന്നാണു് വിചാരം. എഴുത്തെഴുതുന്നതു കൊണ്ടു അവമാനം വരുത്തിവെക്കുകയല്ലാതെ വേറെ പ്രയോജനമില്ലെന്നു കസുമ മനസ്സിലാക്കി. കുഞ്ജനാഥൻ പണ്ടത്തെപ്പോലെതന്നെയിരുന്നു. കസുമ പലവിധത്തിലും കഷ്ടപ്പെട്ടു. മുമ്പത്തെപ്പോലെ അവൾ ഒരിടത്തും പോകാറില്ല. നേരം പുലരുന്നതിന്നുമുമ്പെ അവൾ കുളിച്ചു പുഴയിൽനിന്നു വെള്ളം കൊണ്ടുവരും. വീട്ടിലേയ്ക്കു ആവശ്യമായ സാമാനങ്ങൾ വാങ്ങിക്കൊണ്ടു വന്നു കൊടുത്തിരുന്നതു ഒരു വൃദ്ധയാണു്. ഇങ്ങിനെ കസുമ കഴിയുന്നേടത്തോളം ബാഹ്യലോകത്തിൽനിന്നു അകന്നു നിന്നു.

കസുമയ്ക്കു തുന്നൽ പ്രവൃത്തി നല്ലവണ്ണമറിയാം. കുറച്ചുദിവസത്തെ പരിചയംകൊണ്ടു അവൾ അതിൽ അസാധാരണമായ സാമൎത്ഥ്യം സമ്പാദിച്ചു. അവളുടെ പ്രയ

ന്നത്തിന്നു ആരെങ്കിലും പ്രതിഫലം കൊടുത്താൽ അവരം വാങ്ങും. കൊടുത്തില്ലെങ്കിൽ അതിനെപ്പററി ചോദി യ്ക്കുകയുമില്ല. അധികം താമസിയാതെ അടുത്തുള്ളവ രുടെ കൈലേസ്സുകരം, തലയണഉറകരം, ബ്ളൌസ്സുകരം മുതലായ പലതും അവരം തുന്നിക്കൊടുത്തു.

നേരം ഉച്ചതിരിഞ്ഞു മൂന്നുമണിയായിരിക്കും. വീട്ടി ലെ താഴ്വാരത്തിലിരുന്നു തലേദിവസം വെട്ടിവെച്ചി രുന്ന ഒരു ബ്ളൌസ്സ് അവരം തുന്നിക്കൊണ്ടിരുന്നു. കഴിഞ്ഞുപോയ പല സംഭവങ്ങളും ഒരു ചലനചിത്ര ത്തിലെന്നപോലെ അവളുടെ മനസ്സിൽക്കൂടെ പോയി ക്കൊണ്ടിരുന്നു.

വൃന്ദാവനനും അമ്മയും, തന്റെ ജ്യേഷ്ഠൻ ക്ഷണി ച്ചിട്ടുകൊണ്ടു് ബന്ധുക്കളോടുകൂടി ഗൃഹത്തിൽവന്നുചേ ന്നതും, അവരെ സല്ക്കരിക്കുവാൻ നിവൃത്തിയില്ലാതെ താൻ കുഴങ്ങിയതും, വൃന്ദാവനനോട്ട് തന്റെ സങ്കട ങ്ങരം പറഞ്ഞതും അപ്പോരം നടക്കുന്നതുപോലെ തോന്നി. അമ്മ തന്റെ പ്രിയപ്പെട്ട കുട്ടിയെ ലാളിയ്ക്കു ന്നതുപോലെ അവരം തന്റെ അനുഭവങ്ങളെ ഓമനിച്ചു.

അന്നു് ചന്തദിവസമായിരുന്നു. കുസുമയ്ക്കു സാമാന ങ്ങരം വാങ്ങിക്കൊണ്ടുവരാനുള്ള വൃദ്ധ വരേണ്ട സമയ മായി. അവരം വന്നെങ്കിലോ എന്നു വിചാരിച്ചു കുസുമ വാതിൽ അടച്ചിരുന്നില്ല. അപ്പോരം കുഞ്ഞനാഥൻ ഒരു വേലക്കാരനോടുകൂടി ശീമച്ചെരുപ്പിട്ടു അയൽവാസിക

ളുടെ ആശ്ചയ്യത്തിന്നും, അസൂയക്കും കാരണമായവിധം അവിടേക്ക കയറിവന്നു. അവൻ വന്നതറിഞ്ഞുവെങ്കിലും കരഞ്ഞുകൊണ്ടു് മുമ്പിൽ വരാൻ അവരം മടിച്ചു.

കുഞ്ജനാഥൻ വന്ന ഉടനെ പതിവിന്നു വിപരീതമായി കുസുമയുടെ അടുക്കെ വന്നു് "നിൻെറ വൃന്ദാവനൻ വേറെ വിവാഹം ചെയ്യുവാൻ പോകുന്നുവത്രെ" എന്നു പറഞ്ഞു.

കുസുമയുടെ ഹൃദയം സ്തംഭിച്ചപോലെയായി. അവരം തല പൊന്തിച്ചതുമില്ല.

കുഞ്ജനാഥൻ ഉറക്കെ ഗജ്ജിച്ചു. "ഏതു വൈഷ്ണവനാണു് ഇത്ര ധൈയ്യം? നോക്കട്ടെ! എൻെറ കുടിയാനായിരുന്നിട്ടും എന്നെ അവമാനിയ്ക്കുവാൻ അവന്നു ഇത്ര ധൈയ്യമോ?"

കുസുമയ്ക്കു ഇതിൻെറ സാരം മനസ്സിലായില്ല. അവരം പ്രയാസപ്പെട്ടു്, "ആരാണതു്?" എന്നു ചോദിച്ചു.

കുഞ്ജനാഥൻ:—"എൻെറ കുടിയാനിൽപെട്ട നന്ദവൈഷ്ണവൻ എന്നൊരുവൻ. ആ കുളത്തിൻെറ കരയിലാണു് അവൻെറ വീടു്. ഇപ്പോരംതന്നെ പോയി ആ വീടു് തീകത്തിച്ചുകളയാം. അവൻെറ മകളെയാണത്രെ വൃന്ദാവനൻ കല്യാണം കഴിക്കാൻ പോകുന്നതു്."

കുസുമ പിന്നെയൊന്നും കേരക്കാൻ നിന്നില്ല. അവരം അറയിൽപോയി കിടന്നു. കുഞ്ജനാഥൻ കുറച്ചു നേരം പുകവലിച്ചുകൊണ്ടിരുന്നതിൻെറ ശേഷം കുസുമ

യുടെ അറയ്ക്കുനേരെ ചെന്നു്, "എന്താ കസുമേ, വൃന്ദാവനൻ നന്ദികെട്ടവനാണെന്നു ഞാൻ ഒരിയ്ക്കൽ പറഞ്ഞില്ലേ? എൻെറ വാക്ക് അന്നു നീ വിശ്വസിച്ചില്ല. അമ്മായികൂടെ പറയാറുണ്ടു്. വേദം കളവായാലും കുഞ്ജനാഥൻെറ വാക്ക കളവായില്ല എന്നു്." അറയിൽനിന്നു മറുപടിയൊന്നും കേൾക്കാത്തതുകൊണ്ടു് കുഞ്ജനാഥൻ കുറച്ചുനേരം കാത്തുനിന്നു. പിന്നെ അറയിലേക്ക കടന്നു. അപ്പോഠം അനുജത്തി കട്ടിലിന്മേൽ കിടന്നു കരയുന്നതു് അവൻ കണ്ടു. സഹോദരിയോടുള്ള സ്നേഹംകൊണ്ടു് അവൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അവൻ അടുത്തിരുന്നു "കുസുമേ നീ ഒന്നിന്നും ഭയപ്പെടേണ്ട. എന്തായാലും ഞാനുള്ളപ്പോഠം ഈ വിവാഹം നടക്കാൻ സമ്മതിക്കില്ല. നിൻെറ ജ്യേഷ്ഠൻ പറയുന്നപോലെ ചെയ്യുന്നവനാണെന്നു അധികം താമസിയാതെ വ്യക്തമാകും. എന്നാൽ കുസുമേ, നിനക്കെന്താണു് ഭർത്തൃഗൃഹത്തിലേക്കപോയാൽ ? ഞങ്ങഠം ഏതെല്ലാം വിധത്തിൽ പരിശ്രമിച്ചു" കുഞ്ജനാഥൻെറ സ്വരം ഇടറി. സഹിക്കവയ്യാത്ത വ്യസനംകൊണ്ടു് അവഠം തേങ്ങിത്തേങ്ങിക്കരഞ്ഞു. ജ്യേഷ്ഠന്നു തന്നെ സ്നേഹമില്ലെന്നായിരുന്നു അവഠം വളരെക്കാലമായി വിചാരിച്ചിരുന്നതു്.

കുഞ്ജനാഥൻെറ കണ്ണിലും വെള്ളം നിറഞ്ഞു. അവൻ കുസുമയെ സമാധാനിക്കാൻ പലതും പറഞ്ഞു. സന്ധ്യമയങ്ങിത്തുടങ്ങി. കുഞ്ജൻ വസ്ത്രത്തിൻെറ തലപ്പുകൊണ്ടു് കണ്ണീർ തുടച്ചുകൊണ്ടു പറഞ്ഞു. "കുസുമേ നീ ഒന്നിന്നും ഭയപ്പെടേണ്ട. ഈ വിവാഹം നടക്കാൻ ഞാൻ സമ്മതിക്കില്ല. മുമ്പേതന്നെ പറഞ്ഞേക്കാം."

കുസുമ അവനെ തട്ടത്തുകൊണ്ടു പറഞ്ഞു: "വേണ്ട. ജ്യേഷ്ഠൻ ഇതിലൊന്നും തലയിടേണ്ട."

കുഞ്ജൻ പരിഭ്രമിച്ചുകൊണ്ടു ചോദിച്ചു. "നാം സന്തോഷത്തോടെ നേരമ്പോക്കു കണ്ടുകൊണ്ടിരിക്കുകയാണോ വേണ്ടതു്?"

കുസുമ:—"വേണ്ട. ജ്യേഷ്ഠനൊന്നും ചെയ്യേണ്ട."

കുഞ്ജൻ:—"ഒന്നും ചെയ്യേണ്ടയോ? തീർച്ചയായും ഈ വിവാഹം നടക്കാൻ അനുവദിക്കയില്ല. നിനക്കു് ഇതിൽ അവമാനമൊന്നും തോന്നുന്നില്ലെങ്കിലും എനിക്കുണ്ടു്. ഇതൊക്കെ കണ്ടുകൊണ്ടിരിക്കുവാൻ എന്നെക്കൊണ്ടു് സാധിക്കില്ല. അവൻ എന്റെ കീഴിലുള്ള ഒരു കുടിയാനാണു്. കേൾക്കുന്ന ആളുകൾ എന്തുപറയും?"

കുസുമ വസ്ത്രത്തിന്റെ അററംകൊണ്ടു മുഖം മറച്ചു്, "വേണ്ട ജ്യേഷ്ഠാ, ഞാൻ വേണ്ടെന്നുപറയുന്നു. നമുക്കും അവർക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ശണ്ഠയുണ്ടാക്കുപോകുന്നതുകൊണ്ടു് പേരു ചീത്തയാവുമെന്നല്ലാതെ വേറൊരു ഗുണമൊന്നുമില്ല" എന്നു പറഞ്ഞു.

കുഞ്ജൻ:—"ഞാൻ ഇതൊക്കെ ക്ഷമിച്ചിരിക്കയില്ല."

കുസുമ:—"എന്തുകൊണ്ടു ക്ഷമിച്ചിരുന്നുകൂടാ. ഞാനുള്ളപ്പോഴല്ലേ മുമ്പൊരു വിവാഹം നടത്തിയതു്? ഇപ്പോൾ ഒന്നുകൂടി കഴിക്കട്ടെ. നമുക്കെല്ലാം ഒരു

പോലെതന്നെ കലഹത്തിന്നുപോകുന്നതുകൊണ്ടു് പ്രയോജനമെന്താണു് ? അവക്കു ഇഷ്ടമുള്ളതു പോലെ ചെയ്യട്ടെ."

കുഞ്ജനാഥൻ കുറച്ചുനേരം കഴിഞ്ഞപ്പോൾ പറഞ്ഞു. "നിന്റെ സ്വഭാവം എനിക്കു മുമ്പുതന്നെ അറിയാം. നീ ആരുടെ വാക്കും കേൾക്കുകയില്ല. എല്ലാവരും നിന്റെ വാക്കുകേൾക്കണം."

കുസുമ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല.

കുഞ്ജനാഥൻ പിന്നേയും പറഞ്ഞു. "നീ അവിടെ പോയി താമസിക്കാതെയിരുന്നാൽ കാൎയ്യങ്ങൾ എങ്ങിനെ നടക്കും? ഇപ്പോൾ വൃന്ദാവനന്നു അമ്മയുണ്ടു്. അവർ എന്നുമുണ്ടാകുമോ ? ഒരു ചെറിയ കുട്ടിയേയുംവെച്ചു് അവൻ എങ്ങിനെ കഴിച്ചുകൂട്ടും?"

ഇതിന്നും കുസുമ സമാധാനമൊന്നും പറഞ്ഞില്ല. കുഞ്ജനാഥൻ പിന്നേയും ചോദിച്ചു. "അതിരിക്കട്ടെ. കുസുമേ, നീയെന്തിനാണു് അവന്റെ വിവാഹത്തെപ്പററി കേട്ടപ്പോൾ കരയുന്നതു്? വൃന്ദാവനൻ ഇനി വിവാഹം ചെയ്താലും ഇല്ലെങ്കിലും നമുക്കൊന്നുമില്ലെന്നല്ലേ നീ പറഞ്ഞതു്."

കുസുമ ഇതിന്നെന്താണു് സമാധാനം പറയേണ്ടതെന്നറിയാതെ കുഴങ്ങി. ഇരുട്ടായതുകൊണ്ടു് അവൾ കരയുന്നതു കുഞ്ജനാഥൻ കണ്ടില്ല.

ജ്യേഷ്ഠൻ പോയതിന്നുശേഷം അന്നു നടന്ന സംഭവങ്ങളോൎത്തു് കുസുമയ്ക്കു ലജ്ജതോന്നി. "മരിച്ചുപോ

യാൽക്കൂടി ഈ മാനക്കേടിൽനിന്നു രക്ഷ കിട്ടുമെന്നു തോന്നുന്നില്ല. എന്തുകൊണ്ടാണു് അദ്ദേഹം എന്നെ സ്വീകരിക്കാത്തതെന്നറിയുന്നില്ല. അവിടെ ഒരു പുതിയ വിവാഹത്തിന്നുള്ള ആലോചന നടക്കുമ്പോൾ ഞാൻ ഇവിടെയിരുന്നു അദ്ദേഹത്തിൻെറ പത്നി വേറെ ആരുമല്ല ഞാൻ തന്നെയാണു് എന്നു നടിച്ചതുകൊണ്ടു് പ്രയോജനമെന്താണു്? ഇങ്ങോട്ടു ലേശംപോലും സ്നേഹമില്ലാത്തവരോടാണു് എൻെറ സ്നേഹം മുഴുവനും. ദൈവമേ, ദുഃഖത്തിന്നുമീതെ അവമാനവുമാണോ എനിയ്ക്കുള്ള അനുഭവം? ഇതിൽനിന്നു കരയ്ക്കു കയറുവാനുള്ള ഉപായമെന്താണു?" ഇങ്ങിനെയുള്ള പല വിചാരങ്ങളാലും പരവശയായി കുസുമ നിലത്തു കിടന്നു മയങ്ങി.

## X

എത്രതന്നെ സ്ഥിതിയിലും പരിഭ്രമമോ, ലജ്ജയോ, കോപമോ, ദുഃഖമോ പുറമേ കാണിയ്ക്കാത്ത ഒരാളാണു് വൃന്ദാവനൻ. അങ്ങിനെ പരിഭ്രമിയ്ക്കുന്നതും കോപിയ്ക്കുന്നതും മോശമാണു് എന്ന അഭിപ്രായക്കാരനാണു് അയാൾ. കോപിയ്ക്കത്തക്ക വല്ല സംഗതികളും ഉണ്ടായാൽക്കൂടി തന്നെത്താൻ സമ്മതിക്കുവാനാണു് അയാൾ ശ്രമിയ്ക്കുക. കലഹിക്കത്തക്ക സംഗതികളൊന്നും ഉണ്ടാവാൻ അയാൾ ഇടവെക്കാറില്ല. കുസുമയോടുള്ള പെരുമാററത്തിലും കോപിച്ചു ഒരു വാക്കെങ്കിലും പറയരുതു് എന്നു അയാൾ കരുതിയിരുന്നു. മനഃപൂർവ്വമായി കുസുമയെ വ്യസനിപ്പിക്കരുതെന്നായിരുന്നു വൃന്ദാവനൻെറ ആഗ്ര

ഹം. അതുകൊണ്ടു് പിറേറദിവസംതന്നെ ചരണനേയും ഒരു ഭൃത്യനേയും ഒരു കാളവണ്ടിയിൽ കസുമയുടെ വീട്ടിലേക്കയച്ചു. ബുദ്ധിശാലിനിയായ കസുമ ഈ അടയാളം കണ്ടു് ഒരുപക്ഷെ ചരണൻെറ കൂടെ വീട്ടിലേയ്ക്കുവന്നു എന്നുവരാം.

അങ്ങിനെ ഒരുപക്ഷെ കസുമ വന്നെങ്കിൽ പിന്നെയെന്താണു് വേണ്ടതു്? പിന്നെ വേണ്ട കാൎയ്യങ്ങളെല്ലാം അമ്മ നോക്കിക്കൊള്ളും. എന്നു വൃന്ദാവനൻ സമാധാനിച്ചു. അമ്മയുടെ സാമൎത്ഥ്യവും വകതിരിവും ഇന്നതരത്തിലാണെന്നു ആയാൾക്കു നല്ലവണ്ണമറിയാം. അമ്മ ആരേയും സങ്കടപ്പെടുത്തുകയില്ല എന്നു് അയാൾ വിശ്വസിച്ചു. അതുകൊണ്ടാണു് അമ്മയോടുപറയാതെ വണ്ടി കൊടുത്തയച്ചതു്. അമ്മയോടു് മാപ്പുചോദിക്കാനെങ്കിലും കസുമ വരുമെന്നു വൃന്ദാവനൻ ആശിച്ചു. ഇങ്ങിനെ ആശയും, സന്തോഷവും, ഭയവും, വിശ്വാസവും ഇടകലൻ വൃന്ദാവനൻ പലതും ആലോചിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഉച്ചയ്ക്കു വണ്ടി വൃന്ദാവനനെ മാത്രം കൂട്ടിക്കൊണ്ടു മടങ്ങിവന്നു.

കുറച്ചുദിവസമായി വൃന്ദാവനൻെറ സ്കൂൾ ക്രമപ്രകാരം നടക്കാറില്ല. അദ്ധ്യാപകനുതന്നെ ശ്രദ്ധയില്ലാതായാൽ കുട്ടികളുടെ കഥപറയാനുണ്ടോ? മിക്കകുട്ടികളും സ്കൂളിലേക്കുതന്നെ വരാതെയായി. വന്ന കുട്ടികൾതന്നെ എവിടെയെങ്കിലും കളിച്ചോ, കുളത്തിൽ നീന്തിയോ സമയം കഴിച്ചു. പൂജനടക്കുമ്പോൾ മാത്രം കുട്ടികൾ ശരിയായി വന്നുകൊണ്ടിരുന്നു. അന്ധവിശ്വാസംകൊ

ണ്ടായിരുന്നു ആ സമയത്തു അധികംപേരും വന്നതു്. ദീപാരാധന നടക്കുമ്പോൾ വരാതിരിക്കുന്നതു് ദൈവത്തെ അപമാനിക്കുകയാകും എന്നു അവരിൽ പലരും വിശ്വസിച്ചിരുന്നു.

പെട്ടെന്നു വൃന്ദാവനൻ കുട്ടികളെ പഠിപ്പിയ്ക്കുന്ന കാൎയ്യത്തിൽ മുമ്പേത്തേക്കാളധികം ശ്രദ്ധിച്ചുതുടങ്ങി. വരാത്ത കുട്ടികളെ ആളയച്ചുവരുത്തി. അങ്ങിനെ പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ യൂറോപ്യൻവേഷം ധരിച്ച പരിഷ്കൃതനായ ഒരു യുവാവു് വൃന്ദാവനനെ അന്വേഷിച്ചു് സ്കൂളിലേക്കുവന്നു. വൃന്ദാവനൻ വേഗത്തിൽ എഴുന്നേററു ആഗതന്നിരിക്കുവാൻ കസേല നീക്കിയിട്ടു കൊടുത്തു. ആ ചെറുപ്പക്കാരൻ ആരാണെന്നു മനസ്സിലാക്കാൻ വൃന്ദാവനനു സാധിച്ചില്ല. ആഗതനായ യുവാവു് വൃന്ദാവനൻെറ പ്രായക്കാരനായിരുന്നു. കസാലയിൽ ഇരുന്നതിന്നുശേഷം ആ യുവാവു് ചോദിച്ചു, "എന്താ വൃന്ദാവനാ, എന്നെ മനസ്സിലായില്ലേ?"

വൃന്ദാവനൻ ചിരിച്ചുകൊണ്ടു. "ഇല്ല" എന്നു ഉത്തരംപറഞ്ഞു.

യുവാവു്:—"വന്നകാൎയ്യം പിന്നെ പറയാം. അമ്മാമൻ എഴുതിയ എഴുത്തിൽ നിങ്ങളെ വളരെ പുകഴ്ത്തിപ്പറഞ്ഞിരിയ്ക്കുന്നു. അതുകൊണ്ടു ഞാൻ യൂറോപ്പിലേക്കു പോകുന്നതിന്നുമുമ്പു് നിങ്ങളെ ഒന്നു കണ്ടു പോകാമെന്നു നിശ്ചയിച്ചു. എൻെറ പേർ കേശവനെന്നാണു്."

ബാല്യത്തിൽ കുറച്ചു ദിവസംമാത്രം പരിചയിക്കാനിടയായ കേശവനെ കണ്ടതു വൃന്ദാവനന്നു വളരെ സന്തോഷത്തിന്നു കാരണമായി. വൃന്ദാവനനെ മുമ്പു് ഇംഗ്ലീഷു പഠിപ്പിച്ചിരുന്ന ദുർഗ്ഗാദാസിന്റെ മരുമകനായിരുന്നു ഈ കേശവൻ. പതിനഞ്ചുകൊല്ലത്തിന്നുമുമ്പു് കുറച്ചു ദിവസം ഇവിടെ താമസിച്ചിരുന്നപ്പോഴാണു് കേശവനുമായി പരിചയമായതു്. അതിൽപ്പിന്നെ തമ്മിൽ കണ്ടിട്ടില്ലെങ്കിലും പറഞ്ഞപ്പോൾ വൃന്ദാവനന്നു ഓർമ്മവന്നു.

കേശവൻ എം. എ. പരീക്ഷയിൽ ജയിച്ചതിന്നു ശേഷം ഒരു കോളേജിലെ പ്രഫസ്സറായിരുന്നു. ഇപ്പോൾ ഗവൎമ്മെണ്ടിൽനിന്നു ഉയൎന്നതരം വിദ്യാഭ്യാസത്തിന്നു സ്കോളർഷിപ്പു് കിട്ടിയതുകൊണ്ടു് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിയ്ക്കയാണു്.

അന്യോന്യം കുശലപ്രശ്നങ്ങൾ ചോദിച്ചതിന്നു ശേഷം കേശവൻ പറഞ്ഞു: "അമ്മാമൻ ഒന്നിനെപ്പററിയും പുകഴ്ത്തിപ്പറയാറില്ല. അദ്ദേഹം അടുത്ത ദിവസം അയച്ച എഴുത്തിൽ, "ഞാൻ പലരേയും പഠിപ്പിച്ചിട്ടുണ്ടു്. അവരിൽ വൃന്ദാവനനെപ്പോലെ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി ജീവിയ്ക്കുന്നവർ ആരെങ്കിലും ഉണ്ടോ എന്നു സംശയമാണു്." എന്നു എഴുതിയിരിയ്ക്കുന്നു. അങ്ങിനെയുള്ള ഒരാളെ കാണാൻ താമസിച്ചുകൂട എന്നു് ഞാൻ നിശ്ചയിച്ചു. അതുകൊണ്ടാണു് ഇങ്ങോട്ടു പുറപ്പെട്ടതു്."

ഒരു സ്നേഹിതൻ തന്നെ ഇങ്ങിനെ ബഹുമാനിച്ചു പറയുന്നതിന്നു എന്താണു് മറുവടി പറയേണ്ടതെന്നറിയാതെ വൃന്ദാവനൻ കുഴങ്ങി. തന്നെ ഒരാൾ ഇങ്ങിനെ മുഖത്തുനോക്കി സ്തുതിക്കുമെന്നു വൃന്ദാവനൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. തൻെറ ബഹുമാനത്തിന്നു പാത്രമായ അദ്ധ്യാപകൻമൂലമാണു് തന്നെപ്പററിയുള്ള പ്രശസ്തി പ്രചരിച്ചതെന്നോർത്തു വൃന്ദാവനന്നു അധികം പരിഭ്രമം തോന്നി.

കേശവൻ:—"അതിരിയ്ക്കട്ടെ. നിങ്ങൾക്കു ഇഷ്ടമില്ലാത്ത വിഷയത്തെപ്പററി ഞാനൊന്നും പറയുന്നില്ല. അമ്മാമൻെറ അഭിപ്രായം പറഞ്ഞു എന്നുമാത്രമേയുള്ളു. ഇനി വന്ന കാൎ‌യ്യം പറയാം. നിങ്ങൾ ഒരു സ്കൂൾ സ്ഥാപിച്ചു നടത്തുന്നു. ഫീസ്സ് വാങ്ങുന്നില്ല. പുസ്തകം, സ്ലേററ് മുതലായ സാധനങ്ങൾകൂടെ കുട്ടികൾക്കു വാങ്ങിക്കൊടുക്കുന്നു. എനിയ്ക്കും ഇതുപോലെ ഒരു സ്കൂൾ നടത്തണമെന്നാഗ്രഹമുണ്ടു്. എന്നാൽ കുട്ടികൾ മാത്രം വരുന്നില്ല. ഇത്രയം വളരെ കുട്ടികളെ നിങ്ങൾ എങ്ങിനെയാണു് ചേൎത്തതു്? അതു പറയൂ."

അയാൾ പറഞ്ഞതിൻെറ സാരം മനസ്സിലാക്കാതെ വൃന്ദാവനൻ മിഴിച്ചുനിന്നു.

കേശവൻ ചിരിച്ചുകൊണ്ടു് പറഞ്ഞു: "ശരി, ഞാൻ പറഞ്ഞതു് കുറച്ചുകൂടി വ്യക്തമാക്കാം. രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നാഗ്ര

ഫിയ്ക്കുന്നവർ ഒന്നാമതായി വേണ്ടതു് ഈ രാജ്യത്തിലെ ജനങ്ങൾക്കു അക്ഷരജ്ഞാനം ഉണ്ടാക്കിക്കൊടുക്കുകയാണു് എന്നു് എനിക്കറിയാം. ഇതിൽ അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. ജനങ്ങൾക്കു വിദ്യാഭ്യാസമുണ്ടാക്കാതെ വേറെ എന്തു ചെയ്തിട്ടും പ്രയോജനമില്ല. എഴുതുവാനും വായിക്കുവാനും അറിയുന്നവക്കു പരിശ്രമം കൊണ്ടു നന്നാകാം. എൻെറ അഭിപ്രായം ഇതാണു്. എഞ്ചിനിൽ ആവിയുണ്ടെങ്കിൽ അതു ഓടിയ്ക്കാം. അല്ലെങ്കിൽ എത്രപേർ കൂടി ഉന്തിയാലും അതു ഓടുകയില്ല. ജനങ്ങളാകുന്ന എഞ്ചിൻെറ പുരോഗതിക്കു വിദ്യയാകുന്ന ആവി ആവശ്യമാകുന്നു. അല്ലെങ്കിൽ ഇത്ര വളരെ പണം ചെലവുചെയ്തു് നിങ്ങൾ ഒരു സ്കൂൾ നടത്താനിടയില്ല. എനിയ്ക്കും ഇതുപോലെ എൻെറ നാട്ടിലെ കുട്ടികളെ പഠിപ്പിക്കണമെന്നു ആഗ്രഹമുണ്ടു്. അതുകൊണ്ടു് ഇതുവരെ വിവാഹം ചെയ്തിട്ടുകൂടിയില്ല. എൻെറ നാട്ടിലെ കുട്ടികളെ പഠിപ്പിക്കുവാൻ നിങ്ങളെപ്പോലെ അവിടെ ആരുമില്ല. അതുകൊണ്ടു്, ഒരു സ്കൂൾ നടത്തുന്നതെങ്ങിനെയെന്നു നാട്ടുകാരെ ആദ്യം മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു. എൻെറ ആഗ്രഹത്തിന്നനുസരിച്ചു് ഒരു സ്കൂൾ സ്ഥാപിച്ചുവെങ്കിലും അതിൽ കുട്ടികൾ വന്നുചേന്നില്ല. ഗ്രാമത്തിലെ താണജാതിക്കാരെല്ലാം ശനിപിടിച്ചവരാണു്. അവർ കുട്ടികളെ സ്കൂളിലേക്കയയ്ക്കുന്നില്ല. കുട്ടികളെ പഠിപ്പിക്കണമെന്ന ആഗ്രഹം അവക്കില്ല. എൻെറ സ്ഥിതി മറന്നു അവരുടെ വീട്ടിൽ പോയി അപേക്ഷിച്ചു. അതുകൊണ്ടും പ്രയോജനമുണ്ടായില്ല."

വൃന്ദാവനന്റെ മുഖം ചുവന്നു. എങ്കിലും അവൻ ശാന്തതയോടെ പറഞ്ഞു. "താണജാതിക്കാർ ഭാഗ്യശാലികളാണ്. അതുകൊണ്ടായിരിക്കാം ഉയന്ന ജാതിക്കാർ നടത്തുന്ന സ്കൂളിലേക്ക അവരുടെ കുട്ടികളെ അയക്കാത്തതു്. നിങ്ങളെപ്പോലെയുള്ളവക്ക എന്നെപ്പോലുള്ളവരുടെ വീട്ടിലേയ്ക്കു വരുന്നതുതന്നെ ഉചിതമായിത്തോന്നുന്നില്ല. അല്ലെ?"

സ്നേഹിതന്റെ വാക്കിലടങ്ങിയ പരിഹാസം കേശവന്റെ ഹൃദയത്തിൽ താച്ചു. അയാരം വ്യസനത്തോടെ പറഞ്ഞു ഇല്ല, ഞാൻ അതൊന്നും വിചാരിച്ചിട്ടല്ല പറയുന്നതു്. പ്രത്യേകിച്ചു നിങ്ങളുടെ കാൎയ്യം രാമരാമ! ഞാൻ അതു ഒരിക്കലും വിചാരിച്ചിട്ടില്ല. ഇതൊക്കെ പറയാനല്ല ഞാൻ വന്നതു്."

വൃന്ദാവനൻ:—"എന്നെപ്പററിയല്ല പറഞ്ഞതു് എന്നു എനിക്ക നല്ലവണ്ണമറിയാം. എനിക്ക വേണ്ടപ്പെട്ടവരെപ്പററിയായിരിക്കാം പറഞ്ഞതു്. കൊല്ലന്മാർ, ആശാരിമാർ, കൃഷിക്കാർ, കൂലിവേലക്കാർ എന്നിങ്ങനെ പലതരക്കാരേയും ഇതിൽ കാണാം. അവർ ഗവമ്മേണ്ടാപ്പീസുകളിൽ പോവുകയോ നല്ല വസ്ത്രം ധരിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ടു് അവരെ താണജാതിക്കാർ എന്നു പറയുന്നു. ഏതെങ്കിലും നല്ല കാൎയ്യത്തിന്നുപോലും ഞങ്ങളുടെ വീട്ടിലേക്ക വരുന്നതുകൊണ്ടു് പഠിപ്പുള്ള ഉയന്ന ജാതിക്കാർ മാനവും മൎയ്യാദയും പോയതായി വിചാരിക്കുന്നു. ഇതിലധികം കഷ്ടമെന്താണു്?"

കേശവൻ:—"സ്നേഹിതാ, ഞാൻ വാസ്തവമാണു് പറയുന്നതു്. നിങ്ങളെ അവരുടെ കൂട്ടത്തിൽ ഞാൻ കരുതിയിട്ടില്ല. നിങ്ങൾക്കു മനോവേദനയുണ്ടാകുമെന്നറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഒന്നും പറയുമായിരുന്നില്ല."

വൃന്ദാവനൻ:—"എനിക്കറിയാം. എന്നെ വേർതിരിച്ചു പറഞ്ഞതുകൊണ്ടു് ഞാൻ വേറെയാകുന്നില്ല. എൻെറ മുമ്പുള്ളവരും ഈ ദിക്കിലുള്ളവരോടു ചേൎന്നു പ്രവൃത്തിയെടുത്തിരുന്നു. ഞാൻ കൃഷിക്കാരനാണു്. അതുകൊണ്ടായിരിക്കാം എൻെറ സ്കൂളിലേക്കു ധാരാളം കുട്ടികൾ വരുന്നതു്. ഞാൻ ഒരു കൃഷിക്കാരനായതുകൊണ്ടു് എൻെറ അടുക്കെ വരാൻ അവൎക്കു മടിയില്ല. നിങ്ങളുടെ അടുക്കെ വരാൻ അവൎക്കു ധൈൎയ്യം പോരാ. വിദ്യാഭ്യാസമില്ലാത്തവരാണു് ഇവിടെ അധികംപേരും. അതുകൊണ്ടു അധഃകൃതരെന്നു ഈ നാട്ടുകാരെ വിചാരിക്കുന്നു. അതിനെപ്പററി എനിയ്ക്കു സങ്കടമൊന്നുമില്ല. എന്നാൽ മനസ്സാക്ഷി അതു സമ്മതിക്കുന്നില്ല. ഉയൎന്ന ജാതിക്കാരുടെ നല്ല വാക്കിലുംകൂടി ജനങ്ങൾക്കു് വിശ്വാസമില്ലാതായിരിക്കുന്നു."

കേശവൻ ലജ്ജകൊണ്ടു തലതാഴ്ത്തി ഒന്നും പറയാതെ ഇരുന്നു.

വൃന്ദാവനൻ വീണ്ടും പറഞ്ഞു: "ഇതുകൊണ്ടു ഞങ്ങൾക്കുതന്നെയാണു് വളരെ കേടെന്നു സമ്മതിക്കാം.

എങ്കിലും നിങ്ങൾ ഞങ്ങളുടെ ഏററവും വലിയ സ്നേഹിതന്മാരാണെന്നോ, അഭ്യുദയത്തെ കാംക്ഷിക്കുന്നവരെന്നോ പറയുവാൻ പ്രയാസമാണു്. ജനങ്ങളെ പരിഷ്കരിക്കുകയെന്നതു് ഒന്നോ രണ്ടോ ദിവസംകൊണ്ടു് നടത്താവുന്ന കാൎയ്യമല്ല. നിങ്ങൾ ഉയൎന്ന സ്ഥാനത്തിരുന്നു താഴെയുള്ളവൎക്കു പഠിപ്പിച്ചുകൊടുക്കുന്ന ഈ സമ്പ്രദായംകൊണ്ടാണു് പലരും മുഖം തിരിക്കുന്നതു."

കേശവൻ:—"എന്നാൽ ഇതിന്നുവേണ്ടി മുഖം തിരിക്കേണമെന്നില്ല. വാസ്തവത്തിൽ പലരും നിങ്ങളെ സ്നേഹിച്ചിട്ടാണു് ഇങ്ങിനെ പ്രവൃത്തിക്കുന്നതു്. അനേകംപേർ അധഃകൃതരുടെ അഭ്യുദയത്തിന്നുവേണ്ടി ആത്മാൎത്ഥമായി ആഗ്രഹിക്കുന്നു. ഞങ്ങളെ പരിപൂൎണ്ണമായി വിശ്വസിക്കുകയാണു് നല്ലതു്. വിദ്യാഭ്യാസവും, ലോകപരിചയവുമുള്ളവരാണല്ലോ മററുള്ളവരേയും നേർവഴിക്കു നയിക്കേണ്ടതു്. പല സംഗതികളിലും ഞങ്ങൾ ഉയൎന്നവരാണെന്നു നിങ്ങൾ സമ്മതിക്കുന്നു. അങ്ങിനെയിരിക്കെ ഞങ്ങളുടെ വാക്കു കേൾക്കുകയാണു് നിങ്ങളുടെ കടമ."

വൃന്ദാവനൻ:—"അതു ശരിയായിരിക്കാം. എങ്കിലും നിങ്ങൾ എജമാനന്മാരെപ്പോലെ ചെയ്യുന്നതുകൊണ്ടാണു് പലഃപ്പൊഴും ഉദ്ദേശിച്ച ഫലം കാണാത്തതു്. സാധാരണ മനുഷ്യന്മാരെപ്പോലെ പെരുമാറണം. നിങ്ങളുടെ കൂടെ ഇരുന്നു പഠിക്കുവാൻ ഭാഗ്യമുണ്ടായ പലരും വംശത്തൊഴിലിനേയും, മതി

ന്നവരേയും ബഹുമാനിക്കാതെ കാണുന്നു. ഈ സ്ഥിതി രാജ്യത്തിൻെറ ക്ഷേമത്തിന്നു പററിയതാണെന്നു പറയാമോ? അതുകൊണ്ടു് ദേശത്തിൻെറ നന്മയെ ആഗ്രഹിക്കുന്നവർ ആ ദേശത്തിന്നും, ജാതിക്കാൎക്കും പററിയ വിദ്യാഭ്യാസമാണു് കൊടുക്കേണ്ടതു്. ഓരോ ജാതിക്കാരേയും അവരുടെ സ്ഥിതിക്കനുസരിച്ചു് അഭിവൃദ്ധിപ്പെടുത്തുവാനുള്ള വഴിനോക്കണം. അതിന്നനുസരിച്ച വിദ്യാഭ്യാസം കൊണ്ടുമാത്രമേ പ്രയോജനമുള്ളു.

കേശവൻ:—"വൃന്ദാവനാ, നിങ്ങൾ പറഞ്ഞതു് എനിക്കു ബോദ്ധ്യമായി. എന്നാൽ ഒന്നു ചോദിക്കട്ടെ. രണ്ടുകൂട്ടരും പരസ്പരം വിശ്വസിക്കുന്നില്ലെങ്കിൽ എത്രതന്നെ ശ്രമിച്ചാലും സമുദായ പരിഷ്കരണം അസാദ്ധ്യമെന്നാണോ നിങ്ങൾ പറയുന്നതു ? അങ്ങിനെ വിശ്വാസമുണ്ടാവാനെന്താണുപായം?".

വൃന്ദാവനൻ:—അന്യോന്യം സ്നേഹത്തോടെ പെരുമാറുന്നതുകൊണ്ടു് മാത്രമേ വിശ്വാസമുണ്ടാവുകയുള്ളു. ചിലരുടെ ആചാരം മോശമെന്നും, മററു ചിലരുടേതു് നല്ലതെന്നും അഭിപ്രായം വെച്ചുകൊണ്ടിരിക്കുന്നേടത്തോളം കാലം യോജിപ്പുണ്ടാകുന്നതു പ്രയാസമാണു്. അതുപോകട്ടെ. ഞാൻ ഒന്നു ചോദിക്കുന്നതിന്നു വിരോധമില്ലല്ലോ. ഉപനയനം കഴിഞ്ഞതിന്നുശേഷം നിങ്ങൾ രണ്ടുനേരവും സന്ധ്യാവന്ദനം ചെയ്യാറുണ്ടോ?

കേശവൻ:—"ഇല്ല"

വൃന്ദാവനൻ:—ഉടുപ്പണിഞ്ഞുകൊണ്ടു് ഭക്ഷണം കഴിക്കാറുണ്ടോ?"

കേശവൻ:—"ഉവ്വ്."

വൃന്ദാവനൻ:—"ഇങ്ങിനെ സ്വധൎമ്മമെന്നു പറയുന്ന സംഗതികൾ മുഴുവൻ ശരിയായി ചെയ്യാത്ത ഒരാൾക്കു് മററുള്ളവരേപ്പററി കുററം പറയുവാൻ എന്തധികാരമാണുള്ളതെന്നു മനസ്സിലാകുന്നില്ല. പിന്നെ ഒരു കാൎയ്യംകൂടി വേണം."

കേശവൻ:—"ധൈൎയ്യം വേണം അല്ലേ?"

വൃന്ദാവനൻ:—"അതെ. ആഗ്രഹമുള്ളതുകൊണ്ടുമാത്രം ദേശത്തിന്നു നന്മ ചെയ്യുവാൻ സാധിക്കില്ല. മററുള്ളവരുടെ കഷ്ടപ്പാടുകളിൽ പങ്കുകൊള്ളണം. നേരം സന്ധ്യയായിത്തുടങ്ങി."

കേശവൻ:—"നാളെ രാവിലെ വരാം."

വൃന്ദാവനൻ:—"അങ്ങിനെയാകട്ടെ."

## XI

വൃന്ദാവനന്റെ ക്ഷേത്രത്തിൽ കൊല്ലന്തോറും ഉത്സവം നടത്താറുണ്ടു്. അതു കഴിഞ്ഞു് പിറേറദിവസം വൃന്ദാവനൻ വളരെ ക്ഷീണിച്ചു ഉറങ്ങുകയായിരുന്നു. അപ്പോൾ അമ്മ വന്നു അവനെ വിളിച്ചു. വൃന്ദാവനൻ കണ്ണുതിരുമ്മി എഴുനേററു പുറത്തുവന്നു നോക്കി. അമ്മ, "വൃന്ദാ,

എന്താണെന്നറിഞ്ഞില്ല നിൻെറ സ്കൂളിൽ പഠിയ്ക്കുന്ന കുട്ടികളിലൊരുവൻ പുറത്തിരുന്നു കരയുന്നു. എന്താണെന്നു പോയിനോക്കൂ. അച്ഛന്നു ദീനം തുടങ്ങിയതുകൊണ്ടാണു് അവൻ വന്നതെന്നു പറയുന്നു. ഇന്നു എഴുന്നേററിരിയ്ക്കാനുംകൂടി വയ്യത്രെ" എന്നുപറഞ്ഞു.

വൃന്ദാവനൻ പുറത്തുവന്നു നോക്കിയപ്പോൾ ശിബുവിൻെറ മകൻ ഇരുന്നു കരയുന്നതുകണ്ടു. "എന്താണു് സംഗതി?" എന്നു ചോദിച്ചപ്പോൾ, "അച്ഛൻ എഴുന്നേല്ക്കുന്നില്ല. ഒന്നും പറയുന്നില്ല." എന്നു ആ കുട്ടി തേങ്ങിത്തേങ്ങിക്കൊണ്ടു പറഞ്ഞു.

അവൻെറ കൈ പിടിച്ചുകൊണ്ടു വൃന്ദാവനൻ ശിബുവിൻെറ വീട്ടിലേയ്ക്കുപോയി. ശിബുവിൻെറ അവസാനമടുത്തിരുന്നു. ചിലകൊല്ലം ആ ഗ്രാമത്തിൽ വിഷൂചിക പടൎന്നുപിടിയ്ക്കാറുണ്ടു്. ഇക്കൊല്ലം ആദ്യം പിടിപെട്ടതു ശിബുവിന്നാണു്. ഇതുവരെ ചികിത്സയൊന്നും ചെയ്തിട്ടില്ല. വൃന്ദാവനൻ വന്നു അധികസമയം കഴിയുന്നതിന്നുമുമ്പു് ശിബു പരലോകം പ്രാപിച്ചു.

തന്നിയെ പഠിച്ചോ അല്ലെങ്കിൽ പാരമ്പര്യം വഴിക്കോ വൈദ്യന്മാരായ ചിലരെ ഗ്രാമങ്ങളിൽ കാണാം. ഈ ഗ്രാമത്തിലും ഗോപാലൻ എന്നൊരു വൈദ്യനുണ്ടായിരുന്നു. ശിബുവിന്നു ദീനം തുടങ്ങിയപ്പോൾ അയാളെ വിളിച്ചു. ഒരു രോഗിയെ നോക്കുന്നതിന്നു രണ്ടുറുപ്പികഫീസ്സാണു് അയാൾ വാങ്ങുക പതിവു്. അതു മുൻകൂട്ടി കിട്ടുകയും വേണം. കാരണം, ഗോപാലവൈദ്യൻെറ മരുന്നു കുടിച്ചു് രോഗം സുഖമായി മരുന്നിന്നു വില കൊ

ട്ടുക്കുന്നവർ ദുർല്ലഭമായിരുന്നു. എന്നല്ലാതെ മറെറാന്നുമല്ല. ശിബുവിൻെറ ഭാര്യയെക്കൊണ്ടു് അന്നുരാത്രി രണ്ടുരുപ്പിക കൊടുക്കാൻ സാധിച്ചില്ല. ഉപ്പു കലക്കിയ വെള്ളമാണു് രോഗിയ്ക്കു കൊടുത്തതു്.

വൃന്ദാവനൻ ആ ഗ്രാമത്തിലെ പ്രധാനിയാണു്. നാട്ടുകാരെല്ലാം അയാളെ ബഹുമാനിച്ചിരുന്നു. ശിബുവിൻെറ അന്തിമക്രിയകൾ ചെയ്യുന്നതിന്നു ആ വീട്ടിൽ പണമില്ല. രണ്ടു പശുക്കളുള്ളതിൽ ഒന്നിനെ വിററു കർമ്മങ്ങളെല്ലാം ചെയ്യേണ്ടിയിരുന്നു.

ഈ മാതിരി കാര്യങ്ങൾക്കു ഒന്നും വാങ്ങാതെ വൃന്ദാവനൻ തൻെറ കൈയിൽനിന്നുതന്നെ വേണ്ട ചിലവുകളൊക്കെ ചെയ്തിരുന്നു. ശിബുവിൻെറ അന്തിമക്രിയകളെല്ലാം നടത്തിച്ചതിന്നുശേഷം ഉച്ചതിരിഞ്ഞപ്പോൾ വൃന്ദാവനൻ വീട്ടിൽവന്നു.

നേരം വെയിലാറിത്തുടങ്ങി. ഉച്ചതിരിയുന്നതുവരെ ഓരോ കാര്യങ്ങൾക്കായി ശ്രമിച്ചു ക്ഷീണിച്ചു ഒന്നു മയങ്ങിയതിന്നുശേഷം വൃന്ദാവനൻ അപ്പോൾ മാത്രമേ എഴുന്നേററിട്ടുള്ളു. പുറത്തുവന്നു് നോക്കിയപ്പോൾ ശിബുവിൻെറ മകൻ അവിടെയിരുന്നു കരയുന്നതുകണ്ടു. വൃന്ദാവനൻ അവനെ സമാധാനിപ്പിയ്ക്കുവാൻ പലതും പറഞ്ഞു നോക്കിയെങ്കിലും അവൻ പിന്നേയും കരഞ്ഞുകൊണ്ടിരുന്നു. അച്ഛൻ മരിച്ചുപോയ ദുഃഖംകൊണ്ടായിരിക്കും അവൻ കരയുന്നതു് എന്നു വൃന്ദാവനൻ ആദ്യം വിചാ

രിച്ചു. ആ കുട്ടി കരഞ്ഞുകൊണ്ടു്, "തന്റെ അനുജനു ദീനം കണ്ടു തുടങ്ങി" എന്നു പറഞ്ഞപ്പോഴാണു് സംഗതി മനസ്സിലായതു്.

ശിബുവിന്നു രണ്ടു കുട്ടികൾ മാത്രമേയുള്ളു. ജ്യേഷ്ഠന്റെകൂടെ അനുജനും ചിലപ്പോൾ സ്കൂളിലേക്കു വന്നിരുന്നതുകൊണ്ടു് വൃന്ദാവനന്നു ആ കുട്ടിയെ അറിയാമായിരുന്നു. അന്നുരാത്രി ഗോപാലവൈദ്യൻ ഫീസ്സ് മുൻകൂട്ടി വാങ്ങാതെ രോഗം ബാധിച്ച ആ കുട്ടിയെ നോക്കാൻ വന്നു; നാവും, നാഡിയും പരിശോധിച്ചതിന്നു ശേഷം മരുന്നുകൊടുത്തു. എന്നാൽ ആ കുട്ടി അമ്മയുടെ കരച്ചിൽ വകവെക്കാതെ, വൈദ്യന്റെ സാമർത്ഥ്യത്തെ അതിലംഘിച്ചു്, നേരം പുലരുന്നതിന്നുമുമ്പു് പിതാവിനെ അനുഗമിച്ചു.

മരിച്ചുപോയ മകന്റെ ശരീരത്തിന്നടുത്തുകിടന്നു അമ്മ നിലവിളിക്കുന്നതുകണ്ടു വൃന്ദാവനന്റെ ഹൃദയം പിളരുന്നതുപോലെയായി. അയാൾക്കും ഒരു മകനുണ്ടു്. ആ മകനെന്തെങ്കിലും വന്നാൽ തന്റെ സ്ഥിതിയെന്തായിരിക്കുമെന്നായിരുന്നു വൃന്ദാവനന്റെ ആലോചന. ആ സ്ഥിതി തനിക്കു സഹിക്കുവാൻ സാധിക്കുമോ? അതുകൊണ്ടു് വൃന്ദാവനൻ വീട്ടിൽ വന്ന ഉടനെ മകനെ എടുത്തു് ദൈവത്തിനോടു് ഇങ്ങനെ പ്രാർത്ഥിച്ചു. 'ഭഗവാനേ, മനുഷ്യരുടെ അപരാധത്തിന്നു എന്തു ശിക്ഷ വേണമെങ്കിലും വിധിക്കാം. എന്നാൽ ഇങ്ങിനെയുള്ള ശിക്ഷമാത്രം വിധിക്കരുതേ!"

പിന്നെ രണ്ടു ദിവസം യാതൊരു വിശേഷസംഭവവും കൂടാതെ കഴിഞ്ഞു. മൂന്നാം ദിവസം വൃന്ദാവനന്റെ അടുത്ത വീട്ടിൽ ഒരു സ്ത്രീക്കു വിഷൂചിക ബാധിച്ചിരിക്കുന്നു എന്നു കേട്ടു. അതും അപായകരമായ സ്ഥിതിയിലായിരുന്നു. രോഗം ബാധിച്ച സ്ത്രീയെ കാണുവാൻ പോയിരുന്ന വൃന്ദാവനന്റെ അമ്മ പത്തുമണിയായപ്പോൾ കണ്ണീർ തുടച്ചുകൊണ്ടു മടങ്ങിവന്നു. അഞ്ചു ചെറുകുട്ടികളെ നിരാധാരരാക്കി അയൽപക്കത്തെ ആ സ്ത്രീ പരലോകം പ്രാപിച്ചു.

ഗ്രാമത്തിൽ പല ഭാഗത്തും വിഷൂചിക പടൎന്നുപിടിച്ചു. ദൂരെ പോയിത്താമസിക്കുവാൻ സൌകൎയ്യമുള്ളവർ അവിടംവിട്ടുപോയി. എന്നാൽ അധികംപേൎക്കും അവിടംവിട്ടുപോകാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഗ്രാമവാസികൾ ഭയപ്പെട്ടുകൊണ്ടു്, "ആയുസ്സവസാനിച്ചാൽ എവിടെയായാലും മരിയ്ക്കും. പിന്നെ ഓടിപ്പോകുന്നതെന്തിനാണു്?" എന്നു ചോദിച്ചു. വൃന്ദാവനന്റെ ഗൃഹത്തിന്നടുത്തുള്ള പാതയിൽക്കൂടി പല ശവങ്ങളും ശ്മശാനത്തിലേക്കു യാത്രചെയ്തിരുന്നതുകൊണ്ടു് അങ്ങിനെ ധൈൎയ്യം പറഞ്ഞിരുന്ന പലരും ഇഹലോകത്തോടു് യാത്രപറഞ്ഞുപോയെന്നു മനസ്സിലാക്കാമായിരുന്നു. അടുത്ത ഗ്രാമത്തിലും ഈ രോഗം പരന്നിട്ടുണ്ടെന്ന വൎത്തമാനം കേട്ടു. പ്രധാന കാരണം വെള്ളത്തിന്റെ അശുചിയാണെന്നു അറിവുള്ളവർ മനസ്സിലാക്കി.

ആ ഗ്രാമത്തിൽ പുഴയില്ല. രണ്ടുമൂന്നു കുളങ്ങളുള്ളതു് കാലക്രമേണ ചളിയും ചണ്ടിയും നിറഞ്ഞു പൊട്ടക്കുളങ്ങ

ളായിത്തീന്നിരുന്നു. അവയിലെ വെള്ളം ഉപയോഗിപ്പാൻ വയ്യാത്തവിധം മോശമായിരുന്നു. എങ്കിലും അതു നന്നാക്കണമെന്ന വിചാരം ആക്കുമുണ്ടായിരുന്നില്ല കുടിയ്ക്കാനും, ഭക്ഷണം പാകം ചെയ്യാനും അവയിൽനിന്നാണ് വെള്ളമെടുത്തിരുന്നതു്.

ഗോപാലവൈദ്യനല്ലാതെ അവിടെ ചികിത്സിക്കാനാരുമില്ല. അദ്ദേഹത്തിന്നു ദരിദ്രന്മാരുടെ വീട്ടിൽപ്പോകാൻ സമയമെവിടെ? രോഗം ക്രമേണ പടൻപിടിച്ചതുകൊണ്ട് മരുന്നുകൊടുക്കാനും ശുശ്രൂഷിക്കാനും ആളില്ലാതായി. മരിച്ചവരുടെ അന്തിമക്രിയകൾ ചെയ്യുന്നതുതന്നെ പ്രയാസമായിത്തീന്നു.

വൃന്ദാവനൻ താമസിച്ചിരുന്ന തെരുവുമാത്രമാണ് വലിയ ആപത്തൊന്നും കൂടാതെ രക്ഷപ്പെട്ടിരുന്നതു്. അടുത്ത വീട്ടിലെ സ്ത്രീ മരിച്ചതിൽപ്പിന്നെ അധികം പേക്കും ആപത്തൊന്നുമുണ്ടായിട്ടില്ല. വൃന്ദാവനന്റെ അച്ഛൻ സ്വന്തം ആവശ്യത്തിന്നുവേണ്ടി ഒരു കുളം കുഴിപ്പിച്ചിരുന്നു. അതിലെ വെള്ളം ഇതുവരെ കേടുവന്നിട്ടില്ല. അതുകൊണ്ടായിരിക്കാം ആ തെരുവിലുള്ളവക്ക് രോഗം അധികം പിടിപെടാതിരുന്നതു്.

എന്നാൽ ദിവസം ചെല്ലുന്തോറും വൃന്ദാവനന്നു ഭയം വധിച്ചുതുടങ്ങി. മകനെ കാണുമ്പോഴെല്ലാം അയാളുടെ രക്തം ഉറച്ചു കട്ടിയാവും. തന്റേയും മകന്റേയും നടുവിൽ ഏതോ ഭയങ്കരമായ അന്ധകാരം പൊന്തിവരുന്നതുപോലെ അയാൾക്കു തോന്നി. വൃന്ദാവനന്നു ധൈയ്യം കുറഞ്ഞു. രോഗം മരണം എന്നീ വാക്കുകൾതന്നെ

അയാൾക്ക ഭയമുളവാക്കി. ചിലപ്പോൾ രോഗം പിടിച്ച വീട്ടിലേയ്ക്ക പോകേണ്ടിവന്നാൽ തന്നെ അയാൾ ഓരോ അടിയും വളരെ പണിപ്പെട്ടാണ് എടുത്തുവെച്ചത്. മുമ്പേത്തേപ്പോലെ ധൈര്യവും ചുറുചുറുക്കും അയാൾക്കില്ലാതായി.

ഇങ്ങിനെ ഗ്രാമം മുഴുവനും ഭയങ്കരമായ വ്യാധി പടൎന്നുപിടിച്ചിരുന്ന അക്കാലത്ത് സ്കൂൾ നടത്തിയിരുന്നില്ല. ചരണന്നു ചോറുകൊടുക്കുന്നതും, ഉറക്കുന്നതും വൃന്ദാവനൻ തന്നെയായിരുന്നു. അമ്മയെക്കൂടെ ഈ കാൎയ്യത്തിൽ ബുദ്ധിമുട്ടിയ്ക്കുന്നത് അയാൾക്ക ഇഷ്ടമായിരുന്നില്ല. ഒരു ദിവസം ധാരിണിമുഖോപാദ്ധ്യായൻെറ കുട്ടിക്ക ദീനം തുടങ്ങിയിരിക്കുന്നു എന്ന വൎത്തമാനം കേട്ടു. വൃന്ദാവനൻെറ അമ്മ മകനെ വിളിച്ച്, "നീ ഇവിടെ താമസിക്കേണ്ട. മകനേയുംകൂട്ടി വേറെ വല്ല ദിക്കിലേക്കും പോയിക്കോളൂ" എന്നു പറഞ്ഞു.

വൃന്ദാവനൻ:—(കണ്ണിൽ വെള്ളം നിറഞ്ഞുകൊണ്ട്) "അമ്മയും വരൂ."

അമ്മ:—"എൻെറ സ്വാമിയെ ഇവിടെ തനിയെ വിട്ടോ?"

വൃന്ദാവനൻ:—"സ്വാമിപൂജ പുരോഹിതനെ ഏല്പിക്കാം"

അമ്മ:—"സ്വാമിപൂജ വേറെ ഒരാളെ ഏല്പിച്ച ഞാൻ ഇവിടെ നിന്നു പോവുകയോ? നന്നായി.

വൃന്ദാവനൻ:—(ലജ്ജയോടെ) "കുറച്ച ദിവസത്തേക്ക മാത്രമല്ലേ വേണ്ടൂ. മടങ്ങിവന്നതിന്നുശേഷം അമ്മയ്ക്കുതന്നെ ആ ഭാരം ഏറെറടുക്കാം"

അമ്മ:—"മകനേ, അതു നടക്കാത്ത കാൎയ്യമാണ്. ഞാൻ ഏറെറടുത്ത ഭാരം വേറെ ഒരാളെ ഏല്പിച്ചതിന്നു ശേഷമേ ഞാൻ ഇവിടെനിന്നു പോവുകയുള്ളൂ."

വൃന്ദാവനൻ:—(ദുഃഖത്തോടെ) "ശരിതന്നെ. അമ്മയെ തന്നെ ഇവിടെയാക്കി ഞാൻ പോകുന്നതെങ്ങിനെ? ഒരു പക്ഷെ......"

അമ്മ:—"അങ്ങിനെയാണെങ്കിൽ പൂജയുടെ കാൎയ്യം ആരേയും ഏല്പിക്കാതെ കഴിഞ്ഞു. എൻെറ ആശീൎവ്വാദത്തോടുകൂടി ചരണനേയുംകൂട്ടി എവിടെയെങ്കിലും പോകൂ അതാണ് നല്ലതു്."

വൃന്ദാവനൻ:—"അമ്മയ്ക്കു സ്വാമിയെ വിട്ടുപോരാൻ സാധിക്കില്ലെങ്കിൽ എനിക്കു അമ്മയെ വിട്ടുപോകാനും സാധിക്കില്ല. എന്നെപ്പററി ഒന്നും ഭയപ്പെടാനില്ല. ചരണനെ ഓൎക്കുമ്പോഴാണ് ഭയം തോന്നുന്നതു്. ഇന്നു മുതൽ അവനെ രക്ഷിക്കേണ്ട ഭാരം ദൈവത്തിലൎപ്പിച്ചു. ഞാൻ മിണ്ടാതിരിയ്ക്കാം."

മുഖോപാദ്ധ്യായൻെറ ചെറിയ മകൻ മരിച്ചു. പിറെറ ദിവസം വൃന്ദാവനൻ എന്തോ കാൎയ്യത്തിന്നു വേണ്ടിപോകുമ്പോൾ ഒരു സ്ത്രീ തൻെറ കുളത്തിൽ വസ്ത്രങ്ങൾ നനച്ചിടുന്നതുകണ്ടു. അതുകണ്ടപ്പോൾ അയാൾക്കുണ്ടായ പരിഭ്രമം ഇത്രയാണെന്നു പറയുവാൻ പ്രയാസം. "അയ്യോ! ആകുട്ടി ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ ഈ കുളത്തിലാണോ നനച്ചിടുന്നതു്?" എന്നു വൃന്ദാവനൻ ചോദിച്ചു. ആ സ്ത്രീ അതിനെന്തോ സമാധാനം പറഞ്ഞു.

എങ്കിലും അതു വൃന്ദാവനന്നു മനസ്സിലായില്ല. വൃന്ദാവനൻ ആ വെള്ളത്തിലേക്കതന്നെ നോക്കിക്കൊണ്ടു നിന്നു. ആ സ്ത്രീ വസ്ത്രങ്ങളെല്ലാമെടുത്തുപോയി.

വൃന്ദാവനൻ വീട്ടിൽ മടങ്ങിവന്നപ്പോൾ ഉപാദ്ധ്യായൻ തന്നെ കാത്തുനില്ക്കുന്നതുകണ്ടു. കണ്ട ഉടനെ പുത്രശോകത്താലും, അവമാനത്താലും ചുവന്ന മുഖത്തോടുകൂടി അദ്ദേഹം വൃന്ദാവനനോടു ചോദിച്ചു. "എൻെറ വീട്ടിലെ സ്ത്രീകൾ കുളത്തിൽ സ്നാനംചെയ്യുവാൻ പാടില്ലെന്നു നിങ്ങൾ പറഞ്ഞുവോ?"

വൃന്ദാവനൻ:—"ഞാനൊന്നും പറഞ്ഞിട്ടില്ല. അഴുക്കുതുണികൾ കുളത്തിൽ നനച്ചിടേണ്ട എന്നു മാത്രമേ പറഞ്ഞിട്ടുള്ളു."

ഉപാദ്ധ്യായൻ:—"എന്നാൽ അതൊക്കെ എവിടെയാണു് നനച്ചിടേണ്ടതു്. വേറെ ഗ്രാമത്തിലേയ്ക്കു കൊണ്ടുപോവുകയോ? വൃന്ദാവനാ, നീ നശിച്ചുപോകും. താണജാതിക്കാരനാണെങ്കിലും, പണമുള്ളതുകൊണ്ടു് നീ അഹങ്കരിയ്ക്കുന്നു. ബ്രാഹ്മണരെ അവമാനിയ്ക്കുന്നു. വംശത്തോടുകൂടി നശിച്ചുപോകും."

വൃന്ദാവനൻ:—"ഞാൻ എൻെറ കാൎയ്യം മാത്രമല്ല പറയുന്നതു്. ഈ തെരുവിലുള്ളവരെല്ലാം നശിക്കാനുള്ള വഴിയാണു് നിങ്ങൾ ചെയ്യുന്നതു്. ഈ തെരുവിൽ മാത്രമാണു് രോഗം അധികമില്ലാത്തതു്.

ഉപാദ്ധ്യായൻ:—"നിനക്കെന്തറിയാം? വിധിപ്രകാരം ശുദ്ധമാക്കിയ ജലത്തിൽ അശുദ്ധിബാധിക്കുന്ന തെങ്ങിനെ? ഇവിടെയൊന്നും വസ്ത്രം നനച്ചിട്ടുവാൻ പാടില്ലെങ്കിൽ നിൻെറ തലയിലാണോ അതൊക്കെ നനച്ചിടേണ്ടതു്?

വൃന്ദാവനൻ:—"എൻെറ കുളമാണതു്. എൻെറ സമ്മതമില്ലാതെ അതിൽ വസ്ത്രം നനച്ചിട്ടുവാൻ പാടില്ല."

ഉപാദ്ധ്യായൻ:—"പിന്നെ ഞങ്ങൾ എവിടെ പോകണമെന്നാണു് നീ പറയുന്നതു്?"

വൃന്ദാവനൻ:—"ആ കുളത്തിൽ നിന്നു കുടിക്കാൻ മാത്രമേ വെള്ളം കൊണ്ടുപോകാവൂ. വസ്ത്രം നനച്ചിട്ടുവാൻ ഗ്രാമത്തിന്നു പുറത്തുള്ള തോട്ടിൽ പോകണം".

ആ ബ്രാഹ്മണനോടു് അധികം പറഞ്ഞിട്ടു പ്രയോജനമില്ലെന്നു വിചാരിച്ചു വൃന്ദാവനൻ കുളത്തിന്നു സമീപം ഒരു വേലക്കാരനെ നിൎത്തി. രാത്രി ഒമ്പതുമണിയായപ്പോൾ അവൻ വന്നു്, "അവർ വസ്ത്രങ്ങൾ നനച്ചിടുന്നു" എന്നു പറഞ്ഞു.

വൃന്ദാവനൻ ചെന്നു നോക്കിയപ്പോൾ ഉപാദ്ധ്യായൻ കരയ്ക്കുനില്ക്കുന്നതും അദ്ദേഹത്തിൻെറ വിധവയായ മകൾ വസ്ത്രങ്ങൾ നനച്ചിടുന്നതും കണ്ടു..

## XII

ധാരിണിമുഖോപാദ്ധ്യായൻെറ വീട്ടുകാർ കുളത്തിലെ വെള്ളം കേട്ടവരുത്തിയതിൻെറ പിറെറദിവസം രാവിലെ വൃന്ദാവനൻ ചരണനെ വിളിച്ച്, "എന്താ ചരണാ, നീ അമ്മയുടെ അരികെ പോകുന്നുവോ?" എന്നു ചോദിച്ചു.

ചരണൻ സന്തോഷത്തോടെ, "ഉം. പോകാമല്ലോ" എന്നുപറഞ്ഞു.

മകൻെറ ഉത്സാഹം കണ്ടു് ആശ്ചയ്യത്തോടെ അച്ഛൻ ചോദിച്ചു. "നീ കുറച്ചുദിവസം അവിടെ താമസിക്കുമോ? ഞങ്ങളാരുമില്ലെങ്കിലും നീ അവിടെ താമസിക്കുമോ?"

ചരണൻ തലയാട്ടിക്കൊണ്ടു്. "ഓ! എന്തേക്കൊണ്ടു സാധിയ്ക്കും?" എന്നുപറഞ്ഞു.

അച്ഛൻേറയും മുത്തശ്ശിയുടേയും മേൽനോട്ടത്തിൽ അക്കാലത്തു ചരണൻ കുറച്ചു ബുദ്ധിമുട്ടനുഭവിച്ചിരുന്നു. വീട്ടിന്നുപുറത്തുപോയി കളിയ്ക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. സ്കൂൾ പൂട്ടിയിരുന്നതുകൊണ്ടു് കുട്ടികളാരും അങ്ങോട്ടുവരാറില്ല. രാവും പകലും കൂട്ടിലടയ്ക്കപ്പെട്ട കിളിപോലെ വീട്ടിൽത്തന്നെ ഇരിക്കേണ്ടിവന്നു. നാലുപുറവും എന്തോ ഭയം വ്യാപിച്ചതുപോലെയിരുന്നു. എന്നാൽ ഇതിനെല്ലാം കാരണമെന്താണെന്നു ചരണന്നു മനസ്സിലായില്ല. അമ്മയുടെ വീട്ടിൽപ്പോയാൽ എല്ലാററിന്നും

സ്വാതന്ത്ര്യമുണ്ട്. നദിയിൽപ്പോയി സ്നാനം ചെയ്യാം, കളിയ്ക്കാം എന്നൊക്കെ ചരണൻ വിചാരിച്ചു. അതു കൊണ്ടു വീടുവിട്ടുപോകാൻ അവന്നു മടിതോന്നിയില്ല.

ചരണൻെറ ഉത്സാഹം കണ്ടപ്പോൾ വൃന്ദാവനൻ ഒരു ചെറിയ പെട്ടിയിൽ അവൻെറ വസ്ത്രങ്ങളും ചില കളിസ്സാമാനങ്ങളും എടുത്തുവെച്ചു. ഒരു നിമിഷനേരം തൻെറ മകനെ സ്നേഹത്തോടെ നോക്കി വണ്ടിയിൽ കയററി. കൂടെ പോകുന്ന വേലക്കാരനോടു അവനെ നോക്കണമെന്നും, അവിടത്തെ വർത്തമാനങ്ങൾ അറിഞ്ഞു വരണമെന്നും ഏല്പിച്ചു അവൻെറ കൈയിൽ കുറച്ചു പണവും കൊടുത്തയച്ചു. "ചരണനെ എപ്പോഴും കണ്ടി ല്ലെങ്കിലും വേണ്ടില്ല. അവൻ ആപത്തിൽ പെടാതിരു ന്നാൽ മതി എന്നായിരുന്നു" വൃന്ദാവനൻെറ വിചാരം.

വണ്ടി കണ്ണിൽനിന്നു മറയുന്നതുവരെ നോക്കിക്കൊ ണ്ടുനിന്നതിന്നുശേഷം വൃന്ദാവനൻ വീട്ടിലേയ്ക്കു മടങ്ങി. അപ്പോൾ കുസുമയെ ഒടുവിൽ കണ്ട ദിവസത്തെ സംഭവ ങ്ങൾ അയാൾക്ക ഓർമ്മവന്നു. അവൾ ഇപ്പോഴും കോപി ച്ചെങ്കിലോ എന്ന ഭയം തോന്നി. "അല്ല. ഇതുശരിയല്ല. ഇത്രയും കോപവും വാശിയുമുള്ള അവൾ ഇപ്പോൾ എന്തുചെയ്യുമെന്നറിഞ്ഞുകൂട. ഞാൻ കൂടെ പോകാത്തതു ശരിയല്ല" എന്നുവിചാരിച്ചു. ഉടനെ ഒരു സാലപയെടുത്തു പുതച്ചു വൃന്ദാവനൻ വണ്ടിയുടെ പിന്നാലെ ഓടി. വണ്ടി സാവധാനത്തിൽ പോയിരുന്നതുകൊണ്ടു അയാൾക്ക അതിനൊപ്പം എത്തുവാൻ പ്രയാസമുണ്ടായില്ല.

വണ്ടി കുഞ്ജനാഥൻെറ വീട്ടുവാതില്ക്കലെത്തി. അവിടത്തെ സ്ഥിതി കണ്ടപ്പോഠം വൃന്ദാവനൻ ഭയപ്പെട്ടു. നാലുപുറവും വൃത്തികേടായിക്കിടക്കുന്നു. കുറെ ദിവസമായി ആ വീട്ടിൽ ആരും താമസമില്ലെന്നു കണ്ടാൽ തോന്നും. വാതിൽ അടച്ചിരുന്നില്ല. വൃന്ദാവനൻ മകനേയും കൂട്ടി അകത്തേയ്ക്കു ചെന്നു. അവിടേയും ആരുമില്ലെന്നുതോന്നി.

ആരോ വന്ന ശബ്ദം കേട്ടു കുസുമ "ജ്യേഷ്ഠാ, എന്നു വിളിച്ചുകൊണ്ടു പുറമെ വന്നുനോക്കിയപ്പോഠം വൃന്ദാവനനേയും മകനേയും കണ്ടു. അവളുടെ നോട്ടത്തിൽ വെറുപ്പും കോപവും വൃന്ദാവനൻ വ്യക്തമായി കണ്ടു. അവഠം ഉടനെതന്നെ അറയിലേക്കു പോയി. ചരണൻ പതിവുപോലെ "അമ്മേ," എന്നു വിളിച്ചുകൊണ്ടു കുസുമയുടെ അടുക്കലേക്കു ചെന്നു. അവഠം ആ ബാലനെ എടുത്തുകൊണ്ടു വാതിലിൻെറ മറവിൽ നിന്നു.

"കുഞ്ജനാഥൻ എവിടെ?" എന്നു വൃന്ദാവനൻ ചോദിച്ചു.

കുഞ്ജനാഥൻ എവിടെ പോയി എന്നു കുസുമയ്ക്കു നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ട്, 'ജ്യേഷ്ഠൻ എവിടെയോ പോയിരിക്കുന്നു. എവിടെയാണെന്നറിഞ്ഞുകൂട." എന്നു പറഞ്ഞു.

വൃന്ദാവനൻ:—"ഈ വീട്ടിൽ കുറച്ചുദിവസമായി ആരും താമസിച്ചിട്ടില്ലെന്നു തോന്നുന്നു. നിങ്ങളൊന്നും ഇവിടെയുണ്ടായിരുന്നില്ലേ?"

കുസുമ:—"ഇല്ല."

വൃന്ദാവനൻ:—"എവിടെ പോയിരുന്നു?"

ഒരു മാസമായി കുസുമ കുഞ്ജനാഥൻെറ അമ്മായിയോടുകൂടി തീൎത്ഥയാത്രയ്ക്കു പോയിരുന്നു. തലേദിവസം വൈകുന്നേരമാണു് മടങ്ങിവന്നതു്. എന്നാൽ കുസുമ അതൊന്നും വൃന്ദാവനനെ അറിയിക്കേണ്ട എന്നു കരുതി, "അവിടേയും ഇവിടേയുമായിട്ടു കഴിഞ്ഞുകൂടി" എന്നു പറഞ്ഞു.

മുമ്പൊക്കെ വൃന്ദാവനൻ വന്നാൽ കുസുമ ഇരിയ്ക്കാൻ പലക കൊട്ടത്തിരുന്നു. എന്നാൽ ഇന്നു അതിനേപ്പററി ഒന്നും അന്വേഷിച്ചില്ല. "ഞാൻ നില്ക്കുകയാണു്. ഇരിയ്ക്കുവാൻ എന്തെങ്കിലും കൊണ്ടുവരു." എന്നു വൃന്ദാവനൻ പറഞ്ഞു.

കുസുമ അലക്ഷ്യഭാവത്തോടെ, "പലകയൊക്കെ എവിടെയാണെന്നറിഞ്ഞുകൂട" എന്നു പറഞ്ഞു അവിടെ തന്നെ നിന്നു.

വൃന്ദാവനൻ ഇങ്ങിനെയുള്ള നിന്ദയൊക്കെ സഹിയ്ക്കാനൊരുങ്ങിയാണു് വന്നതു്. എങ്കിലും കുസുമയുടെ ഭാവം അയാളെ വ്യസനിപ്പിച്ചു. കുസുമയ്ക്കു കോപവും വ്യസനവും ഉണ്ടാകത്തക്കവണ്ണം താൻ അന്നു പെരുമാറിയതു് അയാൾക്കു ഓൎമ്മവന്നു. കുറച്ചുനേരം മൌനമായിരുന്നതിന്നുശേഷം വൃന്ദാവനൻ പറഞ്ഞു. ഞാൻ എന്തുദ്ദേശിച്ചാണോ വന്നതു് അതു പറയാം. ഞങ്ങളുടെ

ഗ്രാമത്തിൽ വിഷൂചിക പടൎന്നുപിടിച്ചിരിക്കുന്നു. അതു കൊണ്ടു ചരണനെ കുറച്ചുദിവസം ഇവിടെ താമസിപ്പിയ്ക്കണമെന്നു വിചാരിയ്ക്കുന്നു."

കുസുമ കുറച്ചു ദിവസമായി വീട്ടിൽ ഇല്ലാതിരുന്നതു കൊണ്ടു വിഷൂചികയേപ്പററി ഒന്നും അറിഞ്ഞിരുന്നില്ല. അവരം അല്പം കോപത്തോടെ ചോദിച്ചു. "അതുകൊണ്ടു് ഇപ്പോരം ദയതോന്നി ചരണനെ കൊണ്ടുവന്നതാണു് അല്ലേ? എന്നാൽ ആ നാശംപിടിച്ച രോഗത്തിന്നു എവിടെയാണു് വന്നുകൂടാത്തതു്? എന്തു ധൈൎയ്യത്താലാണു് ഞാൻ മററുള്ളവരുടെ കുട്ടിയെ ഏററുവാങ്ങുന്നതു്?

വൃന്ദാവനൻ:—(ശാന്തതയോടെ) "ഞാൻ എന്തുദ്ദേശിച്ചാണോ വന്നതു് ആ ധൈൎയ്യം കൊണ്ടുതന്നെ നിനക്കു ചരണനെ ഏററുവാങ്ങാം. എന്നുമാത്രമല്ല ചരണന്നു നിന്നെയാണു് അധികം ഇഷ്ടം."

അപ്പോരം ചരണൻ പറഞ്ഞു. "അമ്മയുടെകൂടെ ഞാൻ എത്ര ദിവസം വേണമെങ്കിലും താമസിക്കാം. നമുക്കു പുഴയിൽപോയി കുളിച്ചുവരാം."

ഇതിന്നു മറുപടിയായി കുസുമ വൃന്ദാവനൻ കേരക്കത്തക്കവണ്ണം പറഞ്ഞു. "നീ എന്റെ കൂടെ താമസിക്കേണ്ട ആവശ്യമില്ല. നിനക്കു ഒരു പുതിയ അമ്മ വരാൻ പോകുന്നു എന്നു കേട്ടുവല്ലോ.

വൃന്ദാവനൻ ചിരിച്ചുകൊണ്ടു് പറഞ്ഞു. "ആ വൎത്തമാനം ഇവിടെ എത്തിയിരിക്കുന്നുവോ? ശരിതന്നെ.

ഞാൻ ചോദിയ്ക്കട്ടെ. അമ്മ തന്നിയെ എത്രദിവസം എല്ലാ കാൎയ്യവും നോക്കും? അതുകൊണ്ടാണ് അങ്ങിനെയൊരാലോചനയുണ്ടായത്. പിന്നെ ആ ആലോചനയെല്ലാം വേണ്ടെന്നുവെച്ചു."

കുസുമ:—"പിന്നെയെന്തേ ആ ആലോചന വേണ്ടെന്നു വെച്ചത്?"

വൃന്ദാവനൻ:— "അതിന്നു പ്രത്യേകം കാരണമുണ്ട്. ഇപ്പോൾ അതൊക്കെ പറഞ്ഞിട്ടെന്താണ് പ്രയോജനം? ചരണാ, വാ, നേരം വൈകി, നമുക്കു വീട്ടിലേയ്ക്കു പോകാം."

ചരണൻ:—"ഞാൻ നാളെ വരാം."

വൃന്ദാവനൻ ഒന്നും പറഞ്ഞില്ല. കുസുമ കുട്ടിയെ താഴെവെച്ചു മിണ്ടാതെ നിന്നു. വൃന്ദാവനൻ എന്തോ നിശ്ചയിച്ചതുപോലെ "വരൂ. നമുക്കു പോകാം" എന്നു പറഞ്ഞു.

ചരണനെ വളരെ ഓമനിച്ചാണ് വളൎത്തിയിരുന്നതെങ്കിലും അവൻ ഒരിയ്ക്കലും അച്ഛന്റെ വാക്കു തെററി നടന്നിരുന്നില്ല. അവൻ കുസുമയെ വ്യസനത്തോടെ നോക്കി അച്ഛന്റെ പിന്നാലെ പോയി.

വണ്ടിക്കാരൻ കന്നുകൾക്കു് വെള്ളം കാട്ടാൻ പോയിരുന്നതുകൊണ്ടു് അച്ഛനും മകനും വണ്ടിയുടെ അടുക്കെ കാത്തുനില്ക്കേണ്ടിവന്നു. കുസുമ വാതിലിന്നരികെ വന്നു വൃന്ദാവനനെ നല്ലവണ്ണം നോക്കിയപ്പോൾ അയാളുടെ ആകൃതിയ്ക്കു വന്ന മാററം കണ്ടു വളരെ ഭയപ്പെട്ടു. മുഖത്ത്

മുമ്പേത്തെ തേജസ്സും പ്രസരിപ്പുമില്ല. കണ്ണു കുണ്ടിൽ പോയിരുന്നു. മുഖം രക്തപ്രസാദമില്ലാതെ വിളൎത്തിരുന്നു. ഈ സ്ഥിതി കണ്ടപ്പോൾ കുസുമയ്ക്കു വെറുതെയിരിയ്ക്കുവാൻ തോന്നിയില്ല. അവൾ പുറത്തുവന്നു്, "ഒരു കാൎയ്യം പറയാനുണ്ടായിരുന്നു. ഒന്നു് അടുത്തു വരൂ." എന്നു പറഞ്ഞു.

വൃന്ദാവനൻ അടുത്തുവന്നു്, "എന്താണു് പറയാനുള്ളതു്?" എന്നു ചോദിച്ചു.

കുസുമ:—"അടുത്ത കാലത്തു് വല്ല രോഗവും ഉണ്ടായിരുന്നുവോ?"

വൃന്ദാവനൻ:—"ഇല്ല."

കുസുമ:—"പിന്നെയെന്താണു് ശരീരം ഇങ്ങിനെ ചടച്ചിരിയ്ക്കുന്നതു്?"

വൃന്ദാവനൻ:—"എന്താണെന്നറിഞ്ഞുകൂട. ഒരു പക്ഷെ മനസ്സിന്നു സുഖമില്ലാത്തതുകൊണ്ടായിരിയ്ക്കാം."

സുഖമില്ലായ്മയോ? ചോരയോട്ടമില്ലാതെ വിളൎത്തു വിവശമായ ആ മുഖം കണ്ടപ്പോൾ അവളുടെ കോപം ശമിച്ചിരുന്നു. ഒടുവിലത്തെ വാക്കുകേട്ടു് അവൾക്കു കോപം വന്നു. "നിങ്ങൾക്കൊക്കെ സുഖമില്ലാതാവാൻ കാരണമെന്താണു്. വേണ്ടുവോളം സമ്പത്തുണ്ടു്, സ്വാതന്ത്ര്യമുണ്ടു്. പിന്നെയെന്താണു് സുഖക്കേടിന്നു കാരണം? എനിയ്ക്കു മനസ്സിലാകുന്നില്ല" എന്നു കുസുമ പറഞ്ഞു.

വൃന്ദാവനൻ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല. വണ്ടി തയ്യാറായപ്പോൾ ചരണൻ അതിൽ കയറുവാൻ ചെന്നു അപ്പോൾ "അമ്മയോടു പറഞ്ഞിട്ടു വേണ്ടേ പോകാൻ?" എന്നു വൃന്ദാവനൻ ചോദിച്ചു.

ചരണൻ മുററത്തുവന്നു് കുസുമയെ കുമ്പിട്ടു. കുസുമ ആഗ്രഹത്തോടെ കൈ നീട്ടിയെങ്കിലും അവൻ അച്ഛന്റെ അടുക്കലേയ്ക്കു ഓടിപ്പോയി. അമ്മയ്ക്കു തന്നോടു സ്നേഹമില്ല. അതുകൊണ്ടാണു് തന്നെ ഇവിടെ താമസിക്കാൻ അനുവദിക്കാത്തതു് എന്നു അവൻ മനസ്സിലാക്കി.

വൃന്ദാവനൻ കുസുമയോടു പിന്നേയും പറഞ്ഞു. "ആർക്കറിയാം മനുഷ്യന്റെ സ്ഥിതി? അതുകൊണ്ടു് പറയുകയാണു്. ഇന്നു കോപത്താൽ നീ ചരണനെ സ്വീകരിച്ചില്ല. ഞാനില്ലെങ്കിൽ നീതന്നെ അവനെ രക്ഷിയ്ക്കണം."

കുസുമ വ്യസനത്തോടെ, "എനിയ്ക്കു് ഇതൊന്നും കേൾക്കാനാഗ്രഹമില്ല." എന്നു പറഞ്ഞു.

വൃന്ദാവനൻ:— "ആഗ്രഹമില്ലെങ്കിലും കേൾക്കൂ. ഞാൻ ഇവനെ ഏല്പിക്കുവാനാണു് വന്നതു്."

കുസുമ:—"നിങ്ങൾക്കു് എന്നെ എന്താണു് വിശ്വാസം?

വൃന്ദാവനൻ:—"നീ വീണ്ടും കോപിയ്ക്കുന്നു. നീ കുറച്ചൊക്കെ പഠിച്ചവളാണെന്നു ഞാൻ വിചാരിച്ചു. സ്ത്രീകൾക്കു പ്രത്യേകിച്ചു വേണ്ട ഗുണം ക്ഷമയാണു്. നീയെന്താണു് അതു മനസ്സിലാക്കാത്തതു്". അമ്മയുടെ പക്കലല്ലാതെ കുട്ടിയെ എവിടെയാണേല്പിക്കേണ്ടതു്.

കുസുമയ്ക്കു ഉത്തരമൊന്നും പറയാനുണ്ടായിരുന്നില്ല. കാളകൾ വീട്ടിലേക്കു മടങ്ങിപ്പോകുവാൻ ബദ്ധപ്പെട്ടുകൊണ്ടിരുന്നു. "അച്ഛൻ വരുന്നില്ലേ?" എന്നു ചരണൻ ചോദിച്ചു.

കുസുമ എന്തോ പറയുവാൻ ഭാവിച്ചു. അതിന്നിടയിൽ വൃന്ദാവനൻ, "ശരി. ഞാൻ പോയിവരട്ടെ" എന്നു പറഞ്ഞു വണ്ടിയിൽ കയറിപ്പോയി.

എന്തുവേണമെന്നറിയാതെ കുസുമ അവിടെത്തന്നെ നിന്നു ദുഃഖത്തോടെ അമ്മയെ വിചാരിച്ചു. "അമ്മ എനിയ്ക്കു എന്തൊരാപത്താണ് വരുത്തിവെച്ചതു്? അമ്മയുടെ കളങ്കമാണ് എന്റെ അഭിവൃദ്ധിക്കെല്ലാം തടസ്ഥമായി നില്ക്കുന്നതു്. എന്റെ സകല സുഖങ്ങളും അമ്മയ്ക്കുവേണ്ടി ബലി കഴിച്ചിരിക്കുന്നു. ഭർത്താവിന്റേയും മകന്റേയും നടുവിൽനിന്നു എന്നെ അകററുന്ന ശക്തിയെന്താണ്? ദൈവമേ, എനിയ്ക്കു ശരിയായ വഴി കാണിച്ചുതരണേ! അഭിമാനത്തോടുകൂടി ഭർത്തൃഗൃഹത്തിലേക്കു പോകാനുള്ള വഴിയുണ്ടാകണം. അല്ലെങ്കിൽ എന്റെ ജീവിതം ഇങ്ങിനെ തന്നെ അവസാനിക്കണം.

## XIII

വൃന്ദാവനൻ രണ്ടാമതു വിവാഹം ചെയ്യാൻ പോകുന്നു എന്നു ജ്യേഷ്ഠൻ പറഞ്ഞുകേട്ടപ്പോൾ ഇനിയെന്താണ് ചെയ്യേണ്ടതു്? എവിടെയാണ് പോകേണ്ടതു്? എന്നു കുസുമ ആലോചിച്ചു. അക്കാലത്താണ് കുഞ്ജനാഥന്റെ അമ്മായി തീർത്ഥയാത്ര പുറപ്പെട്ടതു്. കുസുമയോടു തന്റെ കൂടെ പോരുന്നുവോ എന്നു അവർ ചോദിച്ചു. അവൾ ഉടനെ അവരുടെ കൂടെ പോകുവാൻ സമ്മതിച്ചു. കുസുമയെ ഒരു വേലക്കാരിയെന്നേ അവർ വിചാരിച്ചിരുന്നുള്ളു. അവൾ അതൊന്നും സാരമായി കരുതിയിരു

ന്നില്ല. ആ യാത്ര കഴിഞ്ഞു മടങ്ങിവന്ന ഉടനെ കുസുമ തൻെറ ഗൃഹത്തിലേക്ക പുറപ്പെട്ടു. അപ്പോൾ കുഞ്ജനാഥൻെറ അമ്മായി അതിന്നു സമ്മതിച്ചില്ല. "നമ്മളൊക്കെ വലിയ ആളുകളല്ലേ? കുസുമ അവിടെപ്പോയി തന്നിയെ താമസിയ്ക്കുന്നതു നമുക്കൊക്കെ പോരായ്മയാണ്. ആളുകൾ എന്തുവിചാരിയ്ക്കും?" എന്നു അവർ പറഞ്ഞു. കുസുമ ഇതിന്നു സമാധാനമൊന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ അവർ വീണ്ടും പറഞ്ഞു. "നിനക്കുവേണമെന്നുണ്ടെങ്കിൽ ജ്യേഷ്ഠനോടുകൂടി അവിടെ ഒന്നു പോയിവന്നോളൂ. തന്നിയെ അവിടെ താമസിയ്ക്കുന്ന കാൎയ്യം പ്രയാസമാണ്."

കുസുമ ഇതിന്നു സമ്മതിച്ചു ജ്യേഷ്ഠനോടുകൂടി ഒരു ദിവസം അവിടെ വന്നപ്പോഴാണ് വൃന്ദാവനനെ കണ്ടതു്. വൃന്ദാവനൻ പോയതിന്നുശേഷം, കുഞ്ജനാഥൻ ആ ഗ്രാമത്തിൽ പലദിക്കിലും ചുററിനടന്നതിൽപ്പിന്നെ മടങ്ങിവന്നു. കുളിയും ഊണും കഴിഞ്ഞതിന്നുശേഷം കുഞ്ജനാഥൻ അനുജത്തിയോടുകൂടി അമ്മായിയുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. വൃന്ദാവനനോടു ജ്യേഷ്ഠന്നു വലിയ ഇഷ്ടമില്ലെന്നു കുസുമയ്ക്കുറിയാം. അതുകൊണ്ടു അയാളും മകനും വന്നതു് കുസുമ ജ്യേഷ്ഠനോടു പറഞ്ഞില്ല.

കുഞ്ജനാഥൻെറ ഭാൎയ്യയുടെ പേർ വ്രജേശ്വരി എന്നാണ്. അവൾ അധികമൊന്നും പറയാറില്ലെങ്കിലും, കലഹിയ്ക്കുന്നതിൽ വളരെ സമൎത്ഥയാണ്. അവൾക്കു പതിനഞ്ചിലധികം വയസ്സായിട്ടില്ല. ചുരുക്കം വാക്കുകളേക്കൊണ്ടു് അമ്മയെക്കൂടെ അവൾ കരയിച്ചിട്ടുണ്ടു്.

എന്നാൽ അങ്ങിനെയുള്ള വ്രജേശ്വരി കുസുമയോട് വള രെ സ്നേഹം കാണിച്ചിരുന്നു. ഈ സംഗതി അമ്മയ്ക്ക ഇഷ്ടമായിരുന്നില്ല. മകളറിയാതെ അമ്മ ചിലപ്പോൾ കുസുമയോട്ട കോപിയ്ക്കും.

വീട്ടിന്നടുത്തുതന്നെ ഒരു കുളമുണ്ട്. ഒരു ദിവസം കുസുമ ഒരു പാത്രം തേച്ചുകഴുകുവാൻ കുളത്തിലേയ്ക്ക പോകുമ്പോൾ വ്രജേശ്വരി പരിഹസിച്ചുകൊണ്ടു ചോദി ച്ചു. "ജ്യേഷ്ഠത്തി, അമ്മ നിങ്ങളെ മാസം എന്തു ശമ്പള ത്തിന്നാണു നിശ്ചയിച്ചതു്?"

അമ്മ ഇതുകേട്ട ആശ്ചര്യത്തോടും, കോപത്തോടും കൂടെ മകളെ ശാസിച്ചു. "നീയെന്താണ് പറയുന്നതു്? നമ്മുടെ ആളുകളെ ശമ്പളത്തിന്നാണോ നിശ്ചയിക്കുന്നതു്"

വ്രജേശ്വരി വിട്ടില്ല. "നിങ്ങളുടെ ആളാണെങ്കിൽ എന്റേയും ആളാണ്. ദരിദ്രന്മാരെ വീട്ടിൽത്താമസി പ്പിച്ചു ശമ്പളംകൊടുക്കാതെ പണിയെടുപ്പിക്കുകയോ?"

ഇതിന്നു മറുപടി പറയാതെ അമ്മ കുസുമയുടെ കൈയിൽനിന്നു പാത്രം വാങ്ങി കുളത്തിലേയ്ക്ക പോയി. കുസുമ എന്തുവേണമെന്നറിയാതെ നിന്നു. വ്രജേശ്വരി കാര്യം സാധിച്ചുവെന്ന നാട്യത്തോടെ ചിരിച്ചുകൊണ്ടു പോയി.

പിന്നെ മൂന്നുനാലുദിവസം അമ്മ കുസുമയോട്ട പണിയൊന്നും പറഞ്ഞില്ല. പെട്ടെന്നു അവർ കുസുമ യോട്ട വലിയ സ്നേഹം കാണിച്ചുതുടങ്ങി. ഒരു ദിവസം കുസുമ ദേഹത്തിന്നു സുഖമില്ലെന്നു പറഞ്ഞു കിടന്നപ്പോൾ അവർ സ്നേഹത്തോടെ ശുശ്രൂഷിച്ചു.

വ്രജേശ്വരി കുസുമയുടെ അടുത്തുചെന്നു "അമ്മയുടെ സ്വഭാവം മാറിയതിന്നു കാരണമറിയുമോ?" എന്നു ചോദിച്ചു. കുസുമയ്ക്കു അതിൻെറ കാരണം മനസ്സിലായില്ല. വ്രജേശ്വരിയുടെ ചെറിയമ്മയുടെ മകനായി ഗോവൎദ്ധനൻ എന്നൊരാളുണ്ടായിരുന്നു. അവന്നു മുപ്പത്തഞ്ചു വയസ്സേ ആയിട്ടുള്ളുവെങ്കിലും, കള്ളും കഞ്ചാവും സാധാരണ ഉപയോഗിച്ചിരുന്നതുകൊണ്ടു അമ്പതു വയസ്സായി എന്നു തോന്നും. അവന്നു ഒരു കന്യകയെ കൊടുക്കാൻ ആരുമുണ്ടായിരുന്നില്ല. അടുത്ത തെരുവിലാണു് അവൻ താമസിച്ചിരുന്നതെങ്കിലും വ്രജേശ്വരിയുടെ വീട്ടിലേയ്ക്കു വന്നിരുന്നില്ല. എന്നാൽ കുസുമ വന്നതിന്നു ശേഷം അവന്നു വലിയമ്മയോടു സീമാതീതമായ ഭക്തി വൎദ്ധിച്ചു.

ഒരു ദിവസം വ്രജേശ്വരിയും കുസുമയും കുളത്തിൽ കളിയ്ക്കുമ്പോൾ ഗോവൎദ്ധനൻ മരത്തിൻെറ മറവിൽ നിന്നു നോക്കുന്നതു വ്രജേശ്വരി കണ്ടു. അവൾ അപ്പോൾ ഒന്നും പറഞ്ഞില്ല. വീട്ടിൽ വന്ന ഉടനെ അവൾ ഗോവൎദ്ധനൻെറ അടുത്തുചെന്നു്, "എന്താ ജ്യേഷ്ഠൻ മുമ്പു് ഈ വഴിക്കൊന്നും വന്നിരുന്നില്ല. കുറച്ചു ദിവസമായി ജ്യേഷ്ഠന്നു് ഞങ്ങളോടു സ്നേഹം വൎദ്ധിച്ചിരിയ്ക്കുന്നു" എന്നു പറഞ്ഞു.

അമ്മയാണു് ഇതിന്നു സമാധാനം പറഞ്ഞതു്. ആദ്യം ഇഷ്ടമുണ്ടായിരുന്നില്ല, അതുകൊണ്ടുവന്നില്ല. ഇപ്പോൾ ഇഷ്ടമുള്ളതുകൊണ്ടു വരുന്നു. നിനക്കെന്താണു്?"

വ്രജേശ്വരി കോപിച്ചില്ല. "ഈ ഇഷ്ടം എനി യ്ക്കുത്ര പിടിച്ചില്ല. എനിയ്ക്കുവേണ്ടിയല്ല ഞാൻ പറയു ന്നതു്. ഇവിടെ വേറെ ചിലരുമുണ്ടു്." എന്നു പറഞ്ഞു.

അമ്മ തന്റെ സ്വരം മുമ്പെത്തേതിൽ അധികം ഉയർത്തി. "അവൾ ഇവിടെ വന്നു എന്നു വിചാരിച്ചു ഗോവർദ്ധനൻ അന്യനാകുമോ? അവനു എന്റെ വീട്ടിൽ വന്നുകൂടേന്നോ! അവൾ എവിടെയാണു് നടക്കാത്തതു്?" എന്നു ചോദിച്ചു.

കുസുമ ഇതെല്ലാം കേട്ടപ്പോൾ കരയാൻ തുടങ്ങി. "അതെന്തു പറഞ്ഞാലും വേണ്ടില്ല. ഞാൻ നിമിത്തം കലഹമുണ്ടാകാതിരുന്നാൽ മതി" എന്നു പറഞ്ഞു.

വ്രജേശ്വരി അവളെ സമാധാനിപ്പിച്ചുകൊണ്ടു് പറ ഞ്ഞു. "ഞാനിരിക്കുമ്പോൾ ജ്യേഷ്ഠത്തി ഒന്നിനും ഭയ പ്പെടേണ്ട."

കുസുമ:—"ഞാൻ എവിടെ പോയാലും എന്റെ തലയി ലെഴുത്തുപോലെ വരും."

വ്രജേശ്വരി:—"ജ്യേഷ്ഠത്തി തലയിലെഴുത്തിനെ പഴിക്കു ന്നതെന്തിനു്? ഇതു നിങ്ങളുടെ കുററമാണു് എന്നു എനിക്കു തോന്നുന്നു."

കുസുമ:—"എന്റെ കയ്യിൽ തെറെറന്താണു്. എന്റെ ബാല്യത്തിലെ കഥയൊക്കെ നിനക്കറിയാമോ?"

വ്രജേശ്വരി:—"കേട്ടിട്ടുണ്ടു്. എന്നാൽ ആദ്യം മുതൽ അവസാനം വരെ കളവാണു്. ഇപ്പോൾ നിങ്ങൾ

മതിന്നു. കാൎയ്യങ്ങൾ അറിയാറായി. എങ്കിലും കുങ്കുമം തൊടുകയോ വളകളണിയുകയോ ചെയ്യു ന്നില്ല. ഇതാരുടെ കുററമാണു്?

കുസുമ:—"എനിക്കൊക്കെ അറിയാം. കുങ്കുമം തൊടു കയും വളകളണിയുകയും ചെയ്യുമ്പോൾ ആളുകൾ വെറുതെയിരിക്കുകയില്ല. എന്താണു് ഭൎത്താവിൻെറ വീട്ടിൽപോയി താമസിക്കാത്തതു്? എന്നു ചോദ്യ മാകും. അതിന്നു നിവൃത്തിയെന്തു്?"

വ്രജേശ്വരി:—"നിങ്ങൾ എന്താണു് പറയുന്നതു്? ഈ കാൎയ്യത്തിൽ ഇനി തെളിവൊന്നും ആവശ്യമില്ല. നന്ദവൈഷ്ണവനുമായി ഈ വീട്ടിൽവെച്ചു് എന്തെ ല്ലാം ലഹള നടന്നിരിക്കുന്നു? ഇതൊന്നും നിങ്ങൾ ക്കറിഞ്ഞുകൂടെ?"

കുസുമ ഒന്നും പറയാത്തതുകൊണ്ടു് വ്രജേശ്വരി വീണ്ടും പറഞ്ഞു. "നിങ്ങളുടെ ജ്യേഷ്ഠന്നു എല്ലാം അറി യാം. അദ്ദേഹം ഒന്നും പറഞ്ഞില്ലേ? നിങ്ങൾ ഇവിടെ വരുന്നതിന്നു മുമ്പുതന്നെ എല്ലാം അറിഞ്ഞിരിക്കുമെ ന്നല്ലേ ഞാൻ വിചാരിച്ചതു്.

കുസുമ:—"ഞാനൊന്നും കേട്ടില്ല. എന്താണുണ്ടായതു് പറയൂ."

വ്രജേശ്വരി:—(നെടുവീൎപ്പിട്ടുകൊണ്ടു്) ജ്യേഷ്ഠനൊത്ത അനൎത്ഥംതന്നെ. വൃന്ദാവനജ്യേഷ്ഠന്നു നന്ദവൈ ഷ്ണവൻെറ മകളെ വിവാഹം ചെയ്തുകൊടുക്കാൻ ആലോചിച്ചിരുന്ന, കാലത്തു് നിങ്ങൾ തീൎത്ഥയാ

ത്രക്കു പോയിരുന്നു. നിങ്ങളുടെ ജ്യേഷ്ഠൻ നന്ദനെ പലവിധത്തിലും കഷ്ടപ്പെടുത്തി. അയാറം ഇവിടെ വന്നു സങ്കടം പറഞ്ഞു. അപ്പോറം എല്ലാ കാര്യവും വ്യക്തമായി. ഒടുവിൽ ക്ഷേത്രത്തിലെ പ്രധാന പുരോഹിതനെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹമാണല്ലോ സമുദായപ്രധാനി."

കുസുമ:—"പിന്നെയെന്തുണ്ടായി?"

വ്രജേശ്വരി:—"പിന്നെയൊന്നുമുണ്ടായില്ല. നിങ്ങളെ ഭർത്തൃഗൃഹത്തിലേക്കയക്കുന്നതിന്നു വിരോധമില്ലെന്നും, വൃന്ദാവനജ്യേഷ്ഠൻെറ പുനർവ്വിവാഹംതെററാണെന്നും പ്രധാന പുരോഹിതൻ പറഞ്ഞു."

കുസുമ:—"എന്നാൽ ഇതു പറയാനായിരിക്കും അദ്ദേഹം വീട്ടിൽ വന്നതു്."

വ്രജേശ്വരി:—(ആശ്ചര്യത്തോടെ) "ഇതിന്നിടയിൽ അദ്ദേഹം വീട്ടിൽ വന്നുവോ?

കുസുമ:—"ഉവ്വു്. ഞങ്ങറം ഇങ്ങോട്ടു പോന്ന അന്നു രാവിലെയാണു് വന്നതു്."

വ്രജേശ്വരി:—"പിന്നെ?"

കുസുമ:—"എൻെറ സ്വഭാവംകണ്ടു ഒന്നും പറയാതെ പോയി."

വ്രജേശ്വരി:—"നിങ്ങളെന്താണു് ചെയ്തതു്? അദ്ദേഹത്തെ വീട്ടിലേയ്ക്കുതന്നെ വരാൻ അനുവദിച്ചില്ലെന്നുണ്ടോ? അദ്ദേഹത്തിനോടു ഒന്നും പറഞ്ഞില്ലേ?

(കുസുമ നെടുവീർപ്പിടുക മാത്രം ചെയ്തു.) വ്രജേശ്വരി വീണ്ടും പറഞ്ഞു. "ഞാൻ നിങ്ങളുടെ സ്ഥിതിയിലായിരുന്നെങ്കിൽ, എടന്നാട്ട തലകീഴായി ഭർതൃഗൃഹത്തിലേക്ക പോകണമെന്ന പറഞ്ഞാൽ ഞാൻ പോകും."

കുസുമ:—"ഇതു പറയാനെളുപ്പമാണ്. ചെയ്യുന്നതു് അതുപോലെയല്ല."

വ്രജേശ്വരി:—"ലേശം പോലുമില്ല. അവിടെ പോയാൽ ഭർത്താവിനേയും മകനേയും കിട്ടും. ഉണ്ണാനും ഉടുക്കാനും ബുദ്ധിമുട്ടില്ല. ഒരു സ്ത്രീക്ക ഇതിലധികം എന്തു വേണം?"

(വ്രജേശ്വരിയുടെ വാക്ക കേട്ടു കുസുമ ചിരിച്ചു. എന്നാൽ വ്രജേശ്വരി ആ ചിരിയിൽ പങ്കുകൊണ്ടില്ല.) അവൾ പറഞ്ഞു. "ജ്യേഷ്ഠത്തി, നിങ്ങളെ ആരും തടുക്കില്ല. ഈ മാതിരി ആപത്തുകാലത്തു് അദ്ദേഹത്തേയും മകനേയും ഉപേക്ഷിയ്ക്കരുതു്."

കുസുമ:—"എന്താപത്താണു്?"

വ്രജേശ്വരി:—"ഇതു് ആപത്തല്ലെങ്കിൽ പിന്നെയെന്താണു്? ആ ഗ്രാമത്തിൽ ദിവസം പത്തുപേർ വീതം മരിയ്ക്കുന്നുണ്ടത്രെ. നിങ്ങൾ കരയുകയാണോ ?

കുസുമ:—(കരഞ്ഞുകൊണ്ടു്) "അദ്ദേഹം ചരണനെ എൻെറ അടുക്കെ ഏല്പിക്കാനാണു് വന്നതു്. അറിവില്ലാത്ത ഞാൻ അവനെ സ്വീകരിച്ചില്ല."

പിറേറ ദിവസം ഉച്ചതിരിഞ്ഞു മൂന്നുമണിയായപ്പോൾ വ്രജേശ്വരി കുസുമയെ ആ വീട്ടുമുഴുവനും, അടുത്തൊക്കെയും തിരഞ്ഞു. ഒടുവിൽ വേലക്കാരിയോടു "നീ ജ്യേഷ്ഠത്തിയെ കണ്ടുവോ?" എന്നു ചോദിച്ചു.

"ഇല്ല. ഞാൻ രാവിലെ കണ്ടതാണ്" എന്നു വേലക്കാരി പറഞ്ഞു.

ഭാര്യയുടെ ശബ്ദം കേട്ട് ഉറങ്ങിക്കിടന്നിരുന്ന കുഞ്ജനാഥൻ എഴുനേററു. "എന്ത്? എന്തുപററി? അവൾ എവിടെ എന്നു ചോദിച്ചു പുറത്തുവന്നു.

വ്രജേശ്വരി:—"അറിഞ്ഞുകൂട. ഞാൻ അകത്തും, പുറത്തും, കിണററിലും ഒക്കെ നോക്കി. ജ്യേഷ്ഠത്തിയെ കാണാനില്ല."

വ്രജേശ്വരിയുടെ കരച്ചിലും, ഭാവവും കണ്ടപ്പോൾ കുഞ്ജനാഥനും കരഞ്ഞുതുടങ്ങി. "എന്നാൽ അവൾ ഇപ്പോൾ ജീവനോടെയില്ലേ? നിൻെറ അമ്മയുടെ വാക്കു കേട്ടു അവൾ എവിടെയെങ്കിലും പോയി ആത്മഹത്യ ചെയ്തിരിക്കും എന്നു പറഞ്ഞു അയാൾ പുറത്തേക്കോടാൻ ശ്രമിച്ചു. വ്രജേശ്വരി അയാളെ സമാധാനിപ്പിയ്ക്കാൻ ശ്രമിച്ചു.

കുഞ്ജനാഥൻെറ അമ്മായി ഇതൊന്നും അറിഞ്ഞിരുന്നില്ല. കരച്ചിലിൻെറ ശബ്ദം കേട്ടു അവർ പുറത്തുവന്നു നോക്കിയപ്പോൾ കുഞ്ജനാഥൻെറ കോപം വദ്ധിച്ചു. "അയ്യോ! ഈ രാക്ഷസിയാണു് എൻെറ അനുജത്തിയെ തിന്നതു്. ഞാനെന്തിനാണു് ഈ വീട്ടിൽ വന്നതു?" എന്നു കരഞ്ഞു.

വ്രജേശ്വരി അയാളെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു. "ജ്യേഷ്ഠത്തി മരിച്ചിരിക്കയില്ല. വെറുതെ കരയേണ്ട. അവരെ അന്വേഷിക്കണം."

കുഞ്ജനാഥൻ ഇതുകൊണ്ടൊന്നും സമാധാനിച്ചില്ല. ഒടുവിൽ വ്രജേശ്വരി, "അവർ പാടല ഗ്രാമത്തിലേയ്ക്കു പോയിരിക്കുമോ?" എന്നു ചോദിച്ചു.

കുഞ്ജനാഥൻ:—"അവൾക്കങ്ങോട്ടു വഴിയറിയുമോ?"

വ്രജേശ്വരി:—"എവിടെയെങ്കിലും വഴി തെററിപ്പോകുമോ എന്നാണു് എനിയ്ക്കു പേടി. യാതൊരു തടസ്ഥവുമില്ലെങ്കിൽ പാടലഗ്രാമം ഏഴുസമുദ്രത്തിനപ്പുറത്തായിരുന്നാലും അവർ പോകും."

"എന്നാൽ ഞാനൊന്നു പോയി നോക്കാം" എന്നു പറഞ്ഞു കുഞ്ജനാഥൻ പുറപ്പെട്ടു. ഇപ്പോൾ "പളപള" മിന്നുന്ന ചെരിപ്പോ, നാലുവിരൽ കസവുള്ള വേഷ്ടിയോ അവൻ എടുത്തില്ല. മുമ്പു തട്ടെടുത്തു വ്യാപാരത്തിന്നു നടന്ന സ്ഥിതിയിലാണു് അവൻ പോയതു്.

## XIV

അന്നു ധാരിണിമുഖോപാദ്ധ്യായൻെറ ശാപം കേട്ടതിന്നുശേഷം, പുതിയ സമ്പ്രദായത്തിൽ കിണറു കുഴിക്കുന്നതിന്നും, അങ്ങിനെ കുഴൽവഴി ഗ്രാമത്തിലുള്ളവൎക്കെല്ലാം ശുദ്ധജലം ലഭിയ്ക്കുന്നതിന്നും വേണ്ട ഏൎപ്പാടുകളാണു് വൃന്ദാവനൻ ചെയ്തിരുന്നതു്. അതുകൊണ്ടു ജനങ്ങൾക്കു ആപത്കരമായ പകച്ച്വ്യാധിക

ളിൽനിന്നു രക്ഷപ്പെടാനിട കിട്ടണം. ഇതിന്നുവേണ്ടി സുപ്രസിദ്ധന്മാരായ കമ്പനിക്കാരെ വൃന്ദാവനൻ കല്ക്കത്ത യിൽ നിന്നു വരുത്തിയിരുന്നു. ഒരു ദിവസം രാവിലെ അവരോടു സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അമ്മ പതിവുപോലെ എഴുന്നേററില്ലെന്നു വേലക്കാരി വന്നു പറഞ്ഞു.

നേരം പത്തുമണിയായി. നേരം പുലരുന്നതിന്നു മുമ്പെ എഴുന്നേല്ക്കാറുള്ള അമ്മ അത്രയും നേരമായിട്ടും എഴുന്നേററിട്ടില്ലെന്നു കേട്ടപ്പോൾ വൃന്ദാവനന്നു ആശ്ച ര്യവും ഭയവും തോന്നി. "ഇത്ര നേരം വരെ അമ്മ ഉറ ങ്ങുമോ?" എന്നു ചോദിച്ചുകൊണ്ടാണു് അയാൾ വന്നതു്.

"അമ്മ എഴുന്നേററിട്ടില്ല. വാതിൽ അകത്തുനിന്നു അടച്ചിരിയ്ക്കുന്നു. ഞങ്ങൾ വളരെ നേരം വിളിച്ചു നോക്കി." എന്നു വേലക്കാരി പറഞ്ഞു.

വൃന്ദാവനൻ പരിഭ്രമത്തോടെ ഓടിവന്നു, "അമ്മേ, അമ്മേ," എന്നു വിളിച്ചു നോക്കി. യാതൊരു മറുവടിയും കിട്ടിയില്ല. ഒടുവിൽ മഴുകൊണ്ടുവന്നു വാതിൽ വെട്ടി പ്പൊളിച്ചു. അറയിൽ കടന്നു നോക്കിയപ്പോൾ അമ്മ വെറും നിലത്തു കിടക്കുന്നതു വൃന്ദാവനൻ കണ്ടു. മരണ ത്തിന്റെ വായിലെത്തിയ അമ്മയുടെ തലയെടുത്തു അയാൾ മടിയിൽ വെച്ചു. അവൾക്കു അപ്പോൾ സംസാ രിയ്ക്കാൻ സാധിച്ചിരുന്നില്ലെങ്കിലും മകനെ തിരിച്ചറി വാൻ കഴിഞ്ഞിരുന്നു. അവർ ജീവിതത്തിൽ ആരേയും ദുഃഖിപ്പിച്ചിട്ടില്ല. മരണം അടുത്തപ്പോഴും ആരേയും

ബുദ്ധിമുട്ടിച്ചില്ല. പുത്രനേയും പൌത്രനേയും അവർ വേർതിരിച്ചറിഞ്ഞു. ബന്ധുക്കൾ ഹരിനാമങ്ങൾ ചൊല്ലിക്കൊണ്ടിരിയ്ക്കെ അവർ പരലോകം പ്രാപിച്ചു.

ദുഃഖിയ്ക്കുന്നവരുടെ വീട്ടിലും ദിവസങ്ങൾ എങ്ങിനെയെങ്കിലും കഴിഞ്ഞുപോകുന്നു. വൃന്ദാവനൻ എങ്ങിനെയോ ദിവസങ്ങൾ കഴിച്ചുകൂട്ടി. ചരണനു കളിയ്ക്കാൻ കൂട്ടുകാരില്ലാത്തതുകൊണ്ടു ഉത്സാഹം കുറഞ്ഞു. വില പിടിച്ച പല സാമാനങ്ങളും അവനു അച്ഛൻ വാങ്ങിക്കൊടുത്തിരുന്നു. മുമ്പൊക്കെ ആനയും, കുതിരയും, മോട്ടാർകാറും, കപ്പലുമെടുത്തു അവൻ കളിച്ചിരുന്നു. ഇപ്പോൾ അവയൊന്നും ചരണൻ തൊടാറില്ല. എല്ലാം ഓരോ ദിക്കിൽ കിടന്നിരുന്നു.

നാടു മുഴുവൻ ആപത്തിലകപ്പെട്ടു. ആ കാലത്തു ചരണനെ ആരും ശ്രദ്ധിച്ചിരുന്നില്ല. മുത്തശ്ശിയെ തുണികൊണ്ടു മൂടി എടുത്തുകൊണ്ടു പോകുന്നതു അവൻ കണ്ടു. മുത്തശ്ശി പോകുമ്പോൾ തന്നേയും കൊണ്ടുപോകാത്തതു എന്താണെന്നു് അവനു മനസ്സിലായില്ല. സാധാരണ കാളവണ്ടിയിൽ പോകുന്ന അവരെ ആളുകൾ എടുത്തുകൊണ്ടു പോകാൻ കാരണമെന്തു്? അച്ഛനെന്തിനാണു് ഇങ്ങിനെ കരയുന്നതു്? മുത്തശ്ശി അന്നു പോയതിൽ പിന്നെ മടങ്ങിവരാത്തതെന്തു്? എന്നിങ്ങിനെ പല സംശയങ്ങളും ചരണനുണ്ടായി. അച്ഛൻ അവനെപ്പററി ഒന്നും ശ്രദ്ധിച്ചിരുന്നില്ല.

അമ്മയുടെ മരണത്തിന്നുശേഷം ദുർഗ്ഗാദാസിൻെറ സാഹചര്യവും ഉപദേശവുമാണു് വൃന്ദാവനനെ അല്പം

ആശ്വസിപ്പിച്ചതു്. താൻ കര കാണാത്ത കടലിൽ അകപ്പെട്ടിരിക്കയാണെന്നും, തനിയ്ക്കു ചുററും അനേകം പേരുടെ കപ്പൽ മുങ്ങിപ്പോകുന്നുണ്ടെന്നും, തനിയ്ക്കും എപ്പോഴും ആപത്തുനേരിടുമെന്നു അറിഞ്ഞുകൂടെന്നുമായി രുന്നു അയാൾക്കു തോന്നിയതു്. എല്ലാം അദൃശ്യമായ ഒരു ശക്തിയുടെ പ്രേരണയ്ക്കനുസരിച്ചു നടക്കുന്നു. അല്ലെ ങ്കിൽ ചരണന്റെ അമ്മ ഇത്ര ചെറുപ്പത്തിൽ മരിയ്ക്കു വാൻ കാരണമെന്തു്? ആപത്തുവന്നപ്പോൾ കുസുമ അവനെ രക്ഷിച്ചില്ല. ഒടുവിൽ ഇതാ അമ്മയും തന്നെ എന്നന്നേയ്ക്കുമായി വിട്ടുപിരിഞ്ഞു.

ഒരു ദിവസം വൃദ്ധയായ വേലക്കാരിവന്നു്, "ഒടു വിൽ മകനെക്കൂടെ നോക്കാതായോ? ആ കുട്ടിയെ അടു ത്തുവിളിയ്ക്കുന്നില്ല. സ്നേഹത്തോടെ ഒരു വാക്കു പോലും പറയുന്നില്ല. ഇതെന്താണു്?" എന്നു ചോദിച്ചു.

വേലക്കാരി പറഞ്ഞതു കേട്ടപ്പോൾ വൃന്ദാവനൻ ഞെട്ടി. ചരണനെന്തുപററി? അവനൊന്നുമില്ലല്ലോ?" എന്നു ചോദിച്ചു.

വേലക്കാരി ദുഃഖത്തോടെ, "ദൈവം ആ കുട്ടിയ്ക്കു ദീർഘായുസ്സു കൊടുക്കട്ടെ! ചരണാ, ഓമനേ, ഇതാ നിന്നെ അച്ഛൻ വിളിക്കുന്നു." എന്നു പറഞ്ഞു ചരണനെ അച്ഛന്റെ അടുക്കൽ കൊണ്ടുവന്നു.

മകനെ മടിയിൽ വെച്ചു "മകനേ, നീയും എന്നെ വിട്ടുപോകുമോ? എന്നു വൃന്ദാവനൻ ചോദിച്ചു.

വേലക്കാരി:—"അയ്യോ! യജമാനൻ എന്താണു് ഇങ്ങിനെയൊക്കെ പറയുന്നതു്? ആ കുട്ടിയ്ക്കു ഒരു രോഗവുമില്ലല്ലോ."

വൃന്ദാവനൻ ലജ്ജിച്ചു ചിരിയ്ക്കുവാൻ ശ്രമിച്ചു. വേലക്കാരി പോയപ്പോൾ ചരണൻ പറഞ്ഞു. "അച്ഛാ, ഞാൻ അമ്മയുടെ അടുക്കെ പോവുകയാണു്."

വൃന്ദാവനൻ അവനെ ആശ്വസിപ്പിച്ചു്, "അമ്മ ഇപ്പോൾ ആ വീട്ടിലില്ല" എന്നു പറഞ്ഞു.

ചരണൻ:—"എപ്പോൾ വരും?"

വൃന്ദാവനൻ:—"അതറിഞ്ഞുകൂട. ഞാൻ ആളെ അയച്ചു അറിയാം.

ചരണനു സന്തോഷമായി. വൃന്ദാവനൻ തൻെറ ഗ്രാമത്തിലെ സ്ഥിതിയെല്ലാം കാണിച്ചു്, ചരണനെ ഇവിടെ നിന്നു കൊണ്ടുപോകണമെന്നു കേശവനു് എഴുതി.

അമ്മയുടെ ശേഷക്രിയകൾ കഴിയുവാൻ ഇനി രണ്ടു ദിവസം മാത്രമേയുള്ളു. അതിനുവേണ്ട ചില കാര്യങ്ങൾ ഒരുക്കുന്നതിൽ വൃന്ദാവനൻ ഏർപ്പെട്ടിരുന്നു. അപ്പോൾ ചരണനു രോഗം തുടങ്ങി എന്നു വേലക്കാരി വന്നു പറഞ്ഞു. വൃന്ദാവനൻ അകത്തുചെന്നു നോക്കിയപ്പോൾ ചരണൻ ക്ഷീണിച്ചു കിടക്കയിൽ കിടക്കുന്നതു കണ്ടു. ഈ ലോകംതന്നെ അന്ധകാരത്തിൽ മുങ്ങിയതുപോലെ അയാൾക്കു തോന്നി. "വേഗത്തിൽ ആരെ

ങ്കിലും ചെന്നു കേശവനെ വിവരമറിയിക്കട്ടെ എന്നു വൃന്ദാവനൻ പറഞ്ഞു.

രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ വൃന്ദാവനൻ ഗോപാലഡോക്ടരുടെ രണ്ടുകാലും പിടിച്ചു്, ഡോക്ടരേ, ദയ വിചാരിച്ചു കുട്ടിയുടെ ജീവനെ രക്ഷിയ്ക്കണേ! ഞാൻ എന്തു കുററം ചെയ്തിട്ടുണ്ടെങ്കിലും, കുട്ടിയോടു നിർദ്ദയമായി പെരുമാറരുതേ! ഒരിയ്ക്കലെങ്കിലും വന്നു നോക്കൂ!" എന്നപേക്ഷിച്ചു.

ഗോപാലഡോക്ടർ മുഖം തിരിച്ചു്, "ധാരിണിമുഖോപാദ്ധ്യായൻ ഈ ഡോക്ടരുടെ അമ്മാമനാണെന്നു മുമ്പു അറിഞ്ഞുകൂടേ? പണമുണ്ടെന്ന അഹങ്കാരത്താൽ നീ അന്നു ബ്രാഹ്മണരെ അവമാനിച്ചു. അപ്പോൾ അവരേക്കൊണ്ടു ഉപകാരമുണ്ടാവുമെന്നു ഓർത്തില്ല അല്ലേ?" എന്നു ചോദിച്ചു.

വൃന്ദാവനൻ:—(കരഞ്ഞുകൊണ്ടു്) 'ഞാൻ ഒരിക്കലും ഉപാദ്ധ്യായനെ അവമാനിച്ചിട്ടില്ല. ഗ്രാമത്തിന്റെ നന്മയ്ക്കു വേണ്ടിയാണു് ഞാൻ പറഞ്ഞതു്. നിങ്ങൾ ഒരു ഡോക്ടരാണല്ലോ. കുടിയ്ക്കുന്ന വെള്ളം അശുദ്ധമാക്കാമോ?"

ഗോപാ:—"ഉപാദ്ധ്യായൻ ഒന്നും അറിയാത്ത ഒരാളാണോ? ദുഗ്ഗാദാസീന്റെ അടുക്കെ നാലക്ഷരം പഠിച്ചുകൊണ്ടു നീ സർവ്വജ്ഞനായോ?"

മകനെ ഏതെങ്കിലും വിധത്തിൽ രക്ഷിയ്ക്കണമെന്നായിരുന്നു വൃന്ദാവനന്റെ ഉദ്ദേശം. അതുകൊണ്ടു്

പിന്നേയും താണപേക്ഷിച്ചു. "ഡോക്ടർ, ഞാൻ ചെയ്ത തെററു സമ്മതിയ്ക്കുന്നു. ഒരിയ്ക്കലെങ്കിലും വന്നു കുട്ടിയെ നോക്കൂ. പണം എത്ര വേണമെങ്കിലും തരാം."

ഗോപാലഡോക്ടരുടെ കോപം ശമിച്ചു; മനസ്സലിഞ്ഞു. "പണത്തിന്നു വേണ്ടിയല്ല ഞാൻ പറയുന്നതു്. നിങ്ങളുടെ വീട്ടിലേയ്ക്കു വന്നാൽ പിന്നെ എന്നെ ജാതിയിൽ കൂട്ടുകയില്ല. ധാരിണി അമ്മാമന്റെ സമ്മതമാണു് ആദ്യം വാങ്ങേണ്ടതു്. മരുന്നു തരാം. കല്ക്കത്തയിൽനിന്നു പ്രത്യേകം വരുത്തിയതാണു്. അതുകൊടുത്താൽ കുട്ടിയുടെ രോഗം മാറും."

വൃന്ദാവനൻ പിന്നെ അവിടെ നിന്നില്ല. നേരെ ധാരിണിമുഖോപാദ്ധ്യായന്റെ വീട്ടിലേയ്ക്കു പോയി. അദ്ദേഹം വൃന്ദാവനനെ കണ്ടപ്പോൾ, നിത്യവും സന്ധ്യാവന്ദനം ചെയ്യാതെ ഞാൻ ഒരു തുള്ളിവെള്ളംപോലും കുടിയ്ക്കാറില്ല. എന്റെ ശാപം ഫലിയ്ക്കാതിരിയ്ക്കുമോ?" എന്നു ചോദിച്ചു.

സംഭവമറിഞ്ഞു ഉപാദ്ധ്യായന്റെ പത്നി പുറത്തു വന്നു്, "ഇങ്ങിനെയുള്ള അധർമ്മം ചെയ്യരുതു്. കഴിഞ്ഞതൊക്കെ പോകട്ടെ. അയ്യോ പാപം! ഒന്നുമില്ലാത്ത കുട്ടി കിടന്നു കഷ്ടപ്പെടുന്നു. ഗോപാലനോടു് ഒന്നു പറയൂ. പോയി മരുന്നു കൊടുക്കട്ടെ." എന്നു പറഞ്ഞു.

ഉപാദ്ധ്യായൻ കോപത്തോടെ, "പോ അകത്തു്. ആണുങ്ങളുടെ ഇടയിൽ വന്നു നിനക്കു കാര്യം പറയാറായോ?" എന്നു ചോദിച്ചു.

അവർ നടുങ്ങിപ്പോയി, "പോവൂ മകനേ, നിന്റെ കുട്ടിയ്ക്കു അപകടമൊന്നും വരില്ലെന്നു ഞാൻ അനുഗ്രഹിയ്ക്കുന്നു" എന്നു പറഞ്ഞു ആ സ്ത്രീ അകത്തേക്കു പോയി.

വൃന്ദാവനൻ പിന്നെ അധികനേരം അവിടെ നിന്നില്ല. മകന്റെ ജീവനെ രക്ഷിയ്ക്കുവാൻ വേണ്ടി പ്രയത്നിച്ചു അയാൾ നിരാശനായി. അജ്ഞാനവും അന്ധവിശ്വാസവും നിറഞ്ഞ ആ ബ്രാഹ്മണരിൽനിന്നു യാതൊരു ദയയും പ്രതീക്ഷിയ്ക്കാനില്ല. മകനേപ്പററി വ്യസനിച്ചതുകൊണ്ടു് പ്രയോജനമെന്താണു്. എന്തു വന്നാലും സഹിയ്ക്കാനുള്ള ധൈര്യമാണു് സമ്പാദിയ്ക്കേണ്ടതു്. ഗ്രാമത്തിന്റെ നന്മക്കുവേണ്ടി താൻ ചെയ്തതിന്റെ ഫലം തെററിദ്ധാരണയും വിരോധവുമാണു്. ഈ ബ്രാഹ്മണവർഗ്ഗം സന്ധ്യാവന്ദനത്തിന്റെ ബലംകൊണ്ടു തന്റെ വംശത്തെ നശിപ്പിയ്ക്കാൻ ശ്രമിക്കുന്നു.

അയാൾ വീട്ടിലേയ്ക്കു് മടങ്ങിവന്നപ്പോൾ കേശവൻ മകനെ ശുശ്രൂഷിച്ചുകൊണ്ടിരിയ്ക്കുന്നതു കണ്ടു. ഗോപാലന്റേയും, ഉപാദ്ധ്യായന്റേയും പ്രവൃത്തിയെപ്പററി കേട്ടപ്പോൾ കേശവനു വളരെ വ്യസനം തോന്നി. അന്നു തന്നെ അയാൾ കല്ക്കത്തയ്ക്കു പോയി ഒരു ഡോക്ടരെ കൊണ്ടുവന്നു. അയാൾ കുട്ടിയ്ക്കു വേണ്ട മരുന്നു കൊടുത്തു. വൃന്ദാവനൻ ശാന്തസ്വരത്തിൽ ആ ഡോക്ടരോടു ചോദിച്ചു. "ഞാനാണു് ആ കുട്ടിയുടെ അച്ഛൻ. എനിയ്ക്കു ആശിയ്ക്കാൻ വല്ലതുമുണ്ടോ?"

അയാളുടെ ധൈര്യം കണ്ടു ഡോക്ടൎക്ക് ബഹുമാനം തോന്നി. എനിയ്ക്കു ഒന്നും തീൎച്ച് പറയാൻ സാധിയ്ക്കു ന്നില്ല. ഈ മാതിരി ദീനം ഭേദപ്പെട്ട കൂടെന്നില്ല." എന്നു ഡോക്ടർ പറഞ്ഞു.

നിമിഷങ്ങൾ ഓരോന്നും ഓരോ യുഗങ്ങൾ പോലെ യാണ് വൃന്ദാവനൻ കഴിച്ചുകൂട്ടിയതു്. അന്നു ആരും ഉറങ്ങിയില്ല. രാത്രി പത്തു മണിയായപ്പോൾ ചരണൻ കിടക്കുന്ന അറയുടെ വാതില്ക്കൽ ആരോ വന്നു നില്ക്കുന്നു ണ്ടെന്നു വൃന്ദാവനന്നു തോന്നി. വിളക്കിൻെറ മങ്ങിയ പ്രകാശത്തിൽ ആളെ തിരിച്ചറിയുവാൻ സാധിച്ചില്ലെ ങ്കിലും കുസുമയായിരിക്കുമോ എന്ന് അയാൾ സംശയിച്ചു. അതു തൻെറ ഭ്രമമായിരിയ്ക്കാമെന്നു പിന്നെ വിചാരിച്ചു. കുറച്ചു നേരം സംശയിച്ചു ആ സ്വരൂപം ചരണൻെറ അടുത്തു വന്നിരുന്നു. വൃന്ദാവനന്നു ആളെ മനസ്സിലായെ ങ്കിലും ഒരക്ഷരം പോലും പറയാൻ സാധിച്ചില്ല. സ്നേഹ പൂൎണ്ണമായ തലോടൽകൊണ്ടു ചരണൻ കണ്ണു മിഴിച്ചു പുഞ്ചിരിയിട്ടു. ആപത്തിൻെറ മൂൎദ്ധന്യദശയിൽ വന്ന ദൈവാനുഗ്രഹംപോലെ വൃന്ദാവനൻ കുസുമയെ സ്വീ കരിച്ചു.

പിറേറദിവസം രാവിലെ മുതൽ ചരണൻെറ ദീന ത്തിന്നു കുറച്ചു ശമനം കണ്ടുതുടങ്ങി. ഡോക്ടരുടെ ചികി ത്സാനൈപുണ്യവും, കുസുമയുടെ ശുശ്രൂഷാബലവും, വൃന്ദാ വനൻെറ ഭാഗ്യശക്തിയും ചേൎന്നു കുട്ടി കുറച്ചു ആഹാരം കഴിക്കുവാനും, സംസാരിയ്ക്കുവാനും തുടങ്ങി. അതിൻെറ പിറേറദിവസം എഴുന്നേററിരുന്നിട്ടാണ് ചരണൻ കുറച്ചു

കഞ്ഞി കുടിച്ചതു്. കുസുമയും വൃന്ദാവനനും അവന്റെ അടുത്തുതന്നെ ഉണ്ടായിരുന്നു. എങ്ങിനെയെങ്കിലും മകൻ രക്ഷപ്പെട്ടുവല്ലോ എന്നു സന്തോഷംകൊണ്ടു വൃന്ദാവനൻ മറ്റൊക്കെ മറന്നു. കുട്ടികളോടു വളരെ ദയ കാണിച്ചു അവരുടെ അഭിവൃദ്ധിക്കുവേണ്ടി ജീവിതം നയിക്കുന്ന തന്നെ ദൈവം കൈവെടിഞ്ഞില്ല എന്നു അയാൾ മനസ്സിലാക്കി.

കൊല്ലം പിന്നേയും അഞ്ചു കഴിഞ്ഞു. വൃന്ദാവനൻ ഇപ്പോൾ മൂന്നു കുട്ടികളുടെ പിതാവാണു്. കുസുമയെ ഗൃഹനായികയായി കിട്ടിയതുകൊണ്ടു് അയാളുടെ ജീവിതം ശോഭനമായിത്തീൎന്നു. പാടലഗ്രാമം വിദ്യാഭ്യാസംകൊണ്ടും, ധനസമൃദ്ധികൊണ്ടും, ജനങ്ങളുടെ ഐകമത്യംകൊണ്ടും മററുള്ള ഗ്രാമങ്ങൾക്കു മാതൃകയായിത്തീൎന്നു. വൃന്ദാവനൻ യോഗ്യന്മാരായ അദ്ധ്യാപകന്മാരെ നിശ്ചയിച്ചു വിദ്യാലയത്തെ അഭിവൃദ്ധിപ്പെടുത്തി. കേശവൻ ഇംഗ്ലണ്ടിൽ പോയി മടങ്ങിവന്നു് വിദ്യാഭ്യാസവകുപ്പിൽ ഉയൎന്നതരം ഉദ്യോഗം ഭരിച്ചുവരുന്നു. കൊല്ലത്തിൽ പത്തുദിവസമെങ്കിലും വൃന്ദാവനന്റെ കൂടെ വന്നു താമസിക്കാഞ്ഞാൽ അയാൾക്കു സുഖമില്ല. ദുൎഗ്ഗാദാസും കുഞ്ജനാഥന്റെ അമ്മായിയും കാലഗതിയെ പ്രാപിച്ചു. കുഞ്ജനാഥൻ വൃന്ദാവനനെ പല വിധത്തിലും സഹായിച്ചിരുന്നു.

MUL
165357
165357
38285
032:3M955:12
[H5]

Printed at the E.S.D. Printing House, Palghat.

UNIVERSITY LIBRARY
24 AUG 195

25 NOV 1955

15 BHASKARAN MOOSAD. VRINDAVANAM

032:3M955:12
[H5]

Indic Digital Archive Foundation
gpura.org